# സഹ്യനാദം

ലക്കം 8 | ആഗസ്റ്റ് 2023 | വാല്യം 20

ഇടുക്കി രൂപതാ ബുള്ളറ്റിൻ



**ആഗസ്റ്റ് 15**

## പരി. മറിയത്തിന്റെ സ്വർഗ്ഗാരോഹണം, ഭാരത സ്വാതന്ത്ര്യ ദിനം

ഇടുക്കി രൂപത, ജൂലൈ 2023



മണിപ്പൂരിനുവേണ്ടി പ്രാർത്ഥനയോടെ ഇടുക്കി രൂപത



ലോക വയോജന ദിനാചരണം, തങ്കമണി



ദൈവാലയ ശുശ്രൂഷികളുടെ സംഗമം, അടിമാലി



രൂപതാ വൈദികരുടെ വാർഷിക ധ്യാനം

# സഹ്യനാദം

## ഇടുക്കി രൂപതാ ബുള്ളറ്റിൻ


Volume : 20
Issue No. : 8
Month : August 2023




## ഈ ലക്കത്തിൽ


| | |
|---|---|
| തടവറ പ്രേഷിത ഞായർ | 05 |
| ജസ്റ്റീസ് സൺഡേ (നീതി ഞായർ) | 12 |
| 2023 ഡിസംബർ മാസത്തിലെ കേരളാദിവ്യ കാരുണ്യ കോൺഗ്രസ് സംബന്ധിച്ച സർക്കുലർ | 15 |
| നാളാഗമം | 20 |
| BISHOP'S ENGAGEMENTS | 24 |
| കച്ചേരി വാർത്തകൾ | 25 |
| മൈനർ സെമിനാരി | 30 |
| സന്ന്യസ്തർ | 31 |
| ക്രിസ്തുജ്യോതി | 42 |
| പാവനാത്മാ കോളേജ് | 43 |
| മാർ സ്ലീവാ കോളേജ് | 44 |
| സാമൂഹ്യസേവനം | 46 |
| കെ. സി. എസ്. എൽ. | 47 |
| തിരുബാലസഖ്യം | 49 |
| ചെറുപുഷ്പ മിഷൻലീഗ് | 51 |
| കെ. സി. വൈ. എം. | 55 |
| ജീസസ് യൂത്ത് | 58 |
| മാതൃവേദി | 61 |
| പ്രാർത്ഥനാ ഗ്രൂപ്പ് | 62 |
| മദ്യവിരുദ്ധ സമിതി | 62 |
| ആത്മജ്യോതി | 64 |
| വാർത്തകളും വിശേഷങ്ങളും | 65 |
| പൗരോഹിത്യ ആദ്ധ്യാത്മിക ചിന്തകൾ | 66 |



*Patron*

**Mar John Nellikunnel**
Bishop of Idukki

*Chief Editor*

**Rev. Fr. Ponpanal Martin**

*Office*

Bishop's House, Idukki
Manippara P.O.
Karimpan - 685 602
Ph: 04862 - 230204

*Cover designed by:*

Media commission, Idukki

*Website & e-mail*

www.idukkidiocese.org
curiaidukki@gmail.com


***"This is Christian prophecy: responding to evil with good, to hatred with love, to division with reconciliation. Faith transforms reality from within."***

*Pope Francis, Tweet, 01-07-2023*

# ഓർമ്മിക്കാൻ

## ആഗസ്റ്റ് മാസത്തിലെ പ്രധാന ദിനങ്ങൾ, പരിപാടികൾ

| | | |
|---|---|---|
| 01 | : | പതിനഞ്ചു നോമ്പാരംഭം, വി. അൽഫോൻസ് ലിഗോരി |
| 04 | : | വി. ജോൺ മരിയ വിയാനി |
| 06 | : | നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണം |
| 08 | : | വി. ഡോമിനിക് |
| 11 | : | വി. ക്ലാര |
| 11–13 | : | വിവാഹ ഒരുക്ക സെമിനാർ, ആത്മജ്യോതി, അടിമാലി |
| 14 | : | വി. മാക്സ്മില്യൻ കോൾബേ |
| 15 | : | പരി. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണം |
| | : | ഇന്ത്യൻ സ്വാതന്ത്ര്യദിനം |
| 19 | : | പാസ്റ്ററൽ കൗൺസിലിന്റെയും ഫൊറോനാ കൗൺസിലുകളുടെയും സംയുക്തസമ്മേളനം, ആത്മജ്യോതി, അടിമാലി |
| 20 | : | വി. ശ്മോനിയും ഏഴു മക്കളും |
| 21 | : | വി. പത്താംപീയൂസ് മാർപാപ്പ |
| 24 | : | വി. ബർത്തലോമിയോ ശ്ലീഹാ |
| 25 | : | വി. ശിമയോൻ ബർസാബയും സഹരക്തസാക്ഷികളും |
| 27 | : | വി. മോനിക്ക |
| 28 | : | വി. അഗസ്റ്റിൻ |
| 29 | : | വി. എവുപ്രാസ്യ |

C. 24. സർക്കുലർ

# തടവറ പ്രേഷിത ഞായർ

## (ആഗസ്റ്റ് 13, 2023)

"നീ ഇന്ന് എന്നോടുകൂടെ പറുദീസയിൽ ആയിരിക്കും"
(ലൂക്കാ 23, 43)

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

ഭാരതത്തിലെ കത്തോലിക്കാ സഭ ഇന്ന് തടവറ പ്രേഷിത ഞായർ ആചരിക്കുന്നു. വിശുദ്ധ മാക്സിമില്യൻ കോൾബെയുടെ തിരുനാളിനോടനുബന്ധിച്ചാണ് നമ്മൾ തടവറ പ്രേഷിതഞായർ ആചരിക്കുന്നത്. ഔഷ്വിറ്റ്സിലെ മരണക്യാമ്പിൽ സഹതടവുകാരനു വേണ്ടി തന്റെ ജീവൻ ഹോമിച്ച് സ്നേഹത്തിന്റെ സമുന്നത സാക്ഷ്യം നല്കിയ വിശുദ്ധ മാക്സിമില്യൻ കോൾബെയെ ജയിൽ പ്രേഷിതപ്രവർത്തകരുടെ മധ്യസ്ഥനായി ഭാരതത്തിലെ കത്തോലിക്കാ മെത്രാൻസമിതി 2003 ഓഗസ്റ്റ് പതിനേഴാം തീയതി ഔദ്യോഗികമായി പ്രഖ്യാപിച്ചു. എല്ലാ വർഷവും ഓഗസ്റ്റ് മാസത്തിലെ രണ്ടാം ഞായറാഴ്ച തടവറ പ്രേഷിത ഞായർ ആയി ആചരിച്ചുവരുന്നു. തടവറയിൽ ആയിരിക്കുന്നവരെയും അവരുടെ കുടുംബങ്ങളെയും കുറ്റകൃത്യങ്ങൾക്ക് ഇരകളായി മാറിയവരെയും സവിശേഷമായവിധം നാമിന്ന് സ്മരിക്കുന്നു.

"ബന്ധിതർക്ക് മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും" പ്രഖ്യാപിച്ചുകൊണ്ട് കർത്താവു നിർവ്വഹിച്ച രക്ഷാകരമായ ദൗത്യമാണ് ഇന്ന് സഭയിലൂടെ തുടരുന്നത് (ലൂക്കാ 4:18). ഈ സമഗ്രവിമോചനത്തിന്റെ ശുശ്രൂഷയും ദൗത്യനിർവ്വഹണവുമാണ് ആഴത്തിലും അർത്ഥപൂർണ്ണമായും തടവറ പ്രേഷിതപ്രവർത്തനങ്ങളിലൂടെ യാഥാർത്ഥ്യമാകുന്നത്. "ഞാൻ കാരാഗൃഹത്തിൽ ആയിരുന്നു; നിങ്ങൾ എന്റെ അടുത്തുവന്നു" (മത്താ 25:36) എന്ന ക്രിസ്തുമൊഴികൾ അന്ത്യവിധിയുടെ മാനദണ്ഡങ്ങൾ അടയാളപ്പെടുത്തുന്നവയാണ്. ബന്ധിതരും പാർശ്വവത്ക്കരിക്കപ്പെട്ടവരുമുൾപ്പെടുന്ന ചെറിയവർക്ക് നന്മ ചെയ്യുമ്പോഴെല്ലാം കർത്താവിനെയാണ് ശുശ്രൂഷിക്കുന്നത് എന്ന സത്യം ക്രൈസ്തവ ആധ്യാ

ത്മികതയുടെ ഉൾപ്പൊരുളാണ്. കുറ്റം ചെയ്തവരും ചെയ്യാത്തവരും വിപരീതസാഹചര്യങ്ങളിലകപ്പെട്ട് നിസ്സഹായരുമായ പതിനായിരങ്ങൾ തടവറയിൽ കഴിയുന്നുണ്ട്. ഈ സഹോദരങ്ങളിൽ ക്രൂശിതന്റെ മുഖം ദർശിച്ച് ഇവർക്കുവേണ്ടി പ്രാർത്ഥിക്കാനും ത്യാഗപൂർവ്വം പ്രവർത്തിക്കാനുമുള്ള വിലപ്പെട്ട അവസരമാണ് ജീസസ് ഫ്രട്ടേണിറ്റി എന്ന പ്രേഷിത സംഘടന സജ്ജമാക്കുന്നത്.

**ജയിൽവാസികളുടെ സ്ഥിതിവിവരങ്ങൾ**

നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ കണക്കനുസരിച്ച് ഇന്ത്യയിലെ 1319 ജയിലുകളിലായി അഞ്ചര ലക്ഷത്തോളം പേർ തടവറകളിൽ കഴിയുന്നുണ്ട്. അതിൽ 1,22,852 പേർ വിചാരണ കഴിഞ്ഞ് ശിക്ഷ അനുഭവിക്കുന്നവരാണ്. 1867 പേർ കുട്ടികളാണ്, 1650 പേർ കുട്ടികൾ ഒപ്പമുള്ള സ്ത്രീകളാണ്, 5565 പേർ വിദേശീയരായ തടവുകാരാണ്, എന്നാൽ 4,27,165 പേർ വിചാരണ നേരിടുന്ന തടവുകാരാണ്. അവർ ഒരു കുറ്റത്തിനും വിധിക്കപ്പെട്ടവരല്ല; വിചാരണ കാത്തുകിടക്കുന്നവരാണ്. ജാമ്യം ലഭിച്ചെങ്കിലും ജാമ്യത്തുക സംഘടിപ്പിക്കാനോ അത്തരത്തിലുള്ള ക്രമപ്പെടുത്തലുകൾ നടത്താനോ സാധിക്കാത്തതിനാൽ തുടർന്നും തടവറയിൽ തന്നെ കഴിയേണ്ടിവരുന്ന ഹതഭാഗ്യരും ഇക്കൂട്ടത്തിലുണ്ട്. അവരുടെ കുട്ടികളും പ്രിയപ്പെട്ടവരും അവർ സ്വതന്ത്രരായി പുറത്തുവരുന്നത് കാണാൻ കാത്തിരിക്കുകയാണ്. ഇന്ത്യയിൽ 472 പേർ വധശിക്ഷ കാത്തുകിടക്കുന്ന തടവുകാരാണെന്ന വസ്തുത ഏറെ ദുഃഖകരമാണ്. വധശിക്ഷയ്ക്ക് വിധിക്കപ്പെട്ടശേഷം അത് നടപ്പിലാക്കപ്പെടുന്നതുവരെയുള്ള ദിനങ്ങളിലൂടെ കടന്നുപോകുന്നവരുടെ മാനസികാവസ്ഥ എത്രയധികം ഭീതിജനകമാണ്! ഇവരുടെ വിമോചനത്തിനും പരിവർത്തനത്തിനും വീണ്ടെടുപ്പിനുംവേണ്ടി നമുക്ക് ആവുന്നതൊക്കെ ചെയ്യാം. പ്രാർഥനയും തീക്ഷ്ണമായ ശ്രമങ്ങളുംവഴി മരണപ്പട്ടികയിൽ ഉണ്ടായിരുന്ന അനവധി തടവുകാരെ ജീവപര്യന്തത്തിലേക്ക് മാറ്റുവാൻ ഇതിനോടകം നമുക്ക് സാധിച്ചിട്ടുണ്ട്.

**വധശിക്ഷ ഒഴിവാക്കപ്പെടണം**

വധശിക്ഷ അതിക്രൂരവും മനുഷ്യമഹത്വത്തെ പൂർണമായി നിരാകരിക്കുന്നതുമായ ഒരു പ്രവൃത്തിയാണ്. കത്തോലിക്കാ സഭ സമ്പൂർണമായും വധശിക്ഷയെ എതിർക്കുന്നു; അതിനെ ഒരുവിധത്തിലും സഭ ഉൾക്കൊള്ളുന്നില്ല. കുറ്റാരോപിതൻ ആരെന്നോ, കുറ്റ

ത്തിന്റെ സ്വഭാവമോ സാഹചര്യമോ എന്തെന്നോ, വ്യക്തി കുറ്റക്കാരനോ നിഷ്കളങ്കനോ എന്നതോ, വിധി നടപ്പാക്കുന്ന രീതി എപ്രകാരമെന്നോ നോക്കാതെ സഭ വധശിക്ഷയ്ക്കു എതിരുനിൽക്കുന്നു. കാരണം, ജീവിക്കാനുള്ള മനുഷ്യാവകാശത്തിന്റെ നഗ്നമായ ലംഘനമാണ് വധശിക്ഷ. ജീവന്റെ ഉടമയായ ദൈവത്തിനു മാത്രമേ ഒരുവ്യക്തിയുടെ ജീവൻ തിരിച്ചെടുക്കാൻ അവകാശമുള്ളൂ. ഒരാൾ അതിക്രൂരമായ കുറ്റം ചെയ്താലും മനുഷ്യനെന്ന നിലയിൽ അയാളുടെ വ്യക്തിമഹാത്മ്യം നഷ്ടപ്പെടുന്നില്ല. മനുഷ്യന് സ്വന്തം തെറ്റ് പരിഹരിക്കാനും തിന്മയെ തിരുത്താനും സാധിക്കും എന്ന യാഥാർഥ്യമാണ് വധശിക്ഷയിലൂടെ വിസ്മരിക്കപ്പെടുന്നത്.

**പ്രിസൺ മിനിസ്ട്രി, ഇന്ത്യ**

തടവുകാരുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ഇരകളുടെയും വിമോചനത്തിനും വളർച്ചയ്ക്കുംവേണ്ടി പ്രവർത്തിക്കുന്ന ഒരു ദേശീയ കത്തോലിക്കാ ആത്മീയ പ്രസ്ഥാനമാണ് പ്രിസൺ മിനിസ്ട്രി, ഇന്ത്യ. ജീസസ്സ് ഫ്രട്ടേണിറ്റി എന്നാണ് ഇത് കേരളത്തിൽ അറിയപ്പെടുന്നത്. കത്തോലിക്കാ മെത്രാൻ സമിതിയുടെ, നീതി, സമാധാനം, വികസനം (Justice, Peace and Development) എന്ന കമ്മീഷന്റെ കീഴിൽ ഇത് പ്രവർത്തിക്കുന്നു. ഭാരതത്തിലെ എല്ലാ സംസ്ഥാനങ്ങളിലും രൂപതകളുമായി ബന്ധപ്പെട്ട് പ്രിസൺ മിനിസ്ട്രി ഇന്ത്യയുടെ കോ-ഓർഡിനേറ്റർമാരുടെ നേതൃത്വത്തിൽ നിരവധി വോളണ്ടിയേഴ്സ് തടവറ ശുശ്രൂഷാമേഖലയിൽ സജീവമായി പ്രവർത്തിക്കുന്നുണ്ട്.

**കോൾബെ ഭവനങ്ങൾ**

തടവുകാരുടെ മക്കളുടെ സമഗ്ര പുരോഗതിക്കായി പ്രിസൺ മിനിസ്ട്രി, ഇന്ത്യ ആരംഭിച്ചിരിക്കുന്ന സ്ഥാപനങ്ങളാണ് കോൾബെ ഹോംസ്. പ്രിസൺ മിനിസ്ട്രി ഇന്ത്യയുടെ സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് ഭാരതത്തിലെ എല്ലാ സംസ്ഥാനങ്ങളിലും ഇത്തരം കോൾബെ ഭവനങ്ങൾ സ്ഥാപിക്കുവാൻ ആഗ്രഹിക്കുന്നു. ഈ സ്വപ്നസാക്ഷാത്ക്കാരത്തിനായി നിങ്ങൾ ഏവരുടെയും തീക്ഷണമായ പ്രാർത്ഥനയും സാമ്പത്തിക സഹായവും അഭ്യർത്ഥിക്കുന്നു. അതോടൊപ്പം, ഈ കുട്ടികൾക്കുവേണ്ടിയും തടവറയിൽ കഴിയുന്ന ഇവരുടെ മാതാപിതാക്കന്മാർക്കുവേണ്ടിയും ഈ സ്ഥാപനങ്ങൾ

ത്യാഗപൂർവ്വം നടത്തുന്ന സമർപ്പിത സഹോദരിമാർക്കും വൈദി കർക്കും വേണ്ടിയും പ്രാർഥിക്കുവാൻ നമുക്ക് കഴിയണം.

**സ്നേഹാശ്രമങ്ങൾ**

തടവറയിൽനിന്ന് മോചനം ലഭിക്കുന്നവർക്കുവേണ്ടിയുള്ള നവീകരണ-പുനരധിവാസ കേന്ദ്രങ്ങളാണ് സ്നേഹാശ്രമങ്ങൾ. ശിക്ഷ കഴിഞ്ഞ് ഇറങ്ങുന്നവർക്ക് ആത്മീയവും മാനസികവുമായ കരുത്തു പകരുന്ന ഇടത്താവളങ്ങളാണിവ. പുരുഷന്മാർക്കും സ്ത്രീ കൾക്കും കുട്ടികൾക്കുമായി മൂന്നു വ്യത്യസ്ത രീതിയിലുള്ള സ്നേ ഹാശ്രമങ്ങൾ ഇന്ന് കേരളത്തിലുണ്ട്. കുറ്റകൃത്യങ്ങളുടെ ലോകത്തു നിന്നും പരിപൂർണമായി പിന്മാറി കുടുംബത്തിനും സമൂഹത്തിനും ഉപകാരപ്രദവും അഭിമാനകരവുമായ രീതിയിൽ ജീവിതം കരുപ്പിടി പ്പിക്കുവാൻ പ്രാപ്തമാക്കുന്ന പരിശീലനമാണ് ഇവിടെ നല്കപ്പെടു ന്നത്. സ്നേഹാശ്രമങ്ങൾ വഴിയായി അഴികൾക്കു പിന്നിലുള്ള ആയിരക്കണക്കിന് സഹോദരങ്ങളെ പരിവർത്തനപ്പെടുത്താനും പുനരധിവസിപ്പിക്കാനും ജോലി നേടിക്കൊടുത്ത് കുടുംബസമേതം സ്വസ്ഥമായി ജീവിക്കുന്നതിനു വഴിയൊരുക്കാനും നമുക്കു സാധി ച്ചിട്ടുണ്ട്. വിമോചിതരായ തടവുകാർക്ക് തൊഴിലും ഭവനവും വിദ്യാ ഭ്യാസ സ്കോളർഷിപ്പുകളും ലഭ്യമാക്കുന്നതോടൊപ്പം, തടവുകാർ മോചിതരാകുമ്പോൾ നൽകേണ്ട പിഴയും നഷ്ടപരിഹാരവും കൊടു ത്തുതീർക്കുന്നതിനുള്ള പദ്ധതികളുമായി ജീസസ്സ് ഫ്രട്ടേണിറ്റി മുന്നോട്ടുപോകുന്നു. ജീസസ്സ് ഫ്രട്ടേണിറ്റിയുടെ പ്രവർത്തനങ്ങളിൽ പങ്കാളികളാകുവാൻ നിങ്ങളെ എല്ലാവരേയും സ്വാഗതം ചെയ്യുന്നു.

**ഉപസംഹാരം**

'ബന്ധിതർ ആയിരിക്കുന്ന സഹോദരരേ, ഞങ്ങൾ നിങ്ങളെ സ്നേഹിക്കുന്നു, നിങ്ങൾക്കുവേണ്ടി പ്രാർഥിക്കുന്നു, നിങ്ങളുടെ സമഗ്രവളർച്ചക്കുവേണ്ടി പ്രവർത്തിക്കാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധ രാണ്. ഞങ്ങൾ നിങ്ങളുടെ കുടുംബങ്ങൾക്കും ഇരയായവർക്കും വേണ്ടി പ്രത്യേകം പ്രാർഥിക്കുന്നു' എന്ന് നമ്മൾ പ്രതിജ്ഞ എടു ക്കേണ്ട ദിനമാണിന്ന്. കമ്മീഷനിലെ മെത്രാന്മാർ എല്ലാ രൂപതക ളോടും മേജർ സുപ്പിരിയർമാരോടും ഗുണകാംക്ഷികളോടും തടവറ ശുശ്രൂഷയ്ക്കായി നിങ്ങൾ ഔദാര്യപൂർവം നൽകുന്ന സംഭാവന

കൾക്ക് ആത്മാർത്ഥമായി കൃതജ്ഞത പ്രകാശിപ്പിക്കുന്നു. തടവറയിലുള്ളവരെ മാനസാന്തരത്തിലേക്ക് നയിക്കുന്നതിനും സമൂഹത്തിൽ പുനരധിവസിപ്പിക്കുന്നതിനുംവേണ്ടി ജീസസ്സ് ഫ്രട്ടേണിറ്റി പ്രേഷിതർ നടത്തുന്ന ത്യാഗനിർഭരമായ പ്രവർത്തനങ്ങളെ ഞങ്ങൾ ആത്മാർഥമായി അഭിനന്ദിക്കുന്നു. വിശുദ്ധ മാക്സിമില്യൻ കോൾബെയുടെ മാധ്യസ്ഥ്യംവഴി നമ്മുടെ ശുശ്രൂഷകൾ കൂടുതൽ ഫലപ്രദമാകട്ടെ. ബന്ധിതരായ നമ്മുടെ സഹോദരരുടെ സമഗ്ര വിമോചനത്തിനായി നമ്മെത്തന്നെ പുനർസമർപ്പിക്കുമ്പോൾ നമ്മുടെ അമ്മയായ പരിശുദ്ധ മറിയത്തിന്റെ മാധ്യസ്ഥ്യവും നമുക്ക് സഹായകമാകട്ടെ! നഷ്ടപ്പെട്ടതിനെ തേടിയെത്തി രക്ഷ നൽകിയ ക്രിസ്തുനാഥൻ നിങ്ങൾ ഏവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ.

ഈശോമിശിഹായിൽ സ്നേഹപൂർവ്വം,

**ബിഷപ് മാർ ജോസ് പുളിക്കൽ**
(ചെയർമാൻ, കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

**ആർച്ച് ബിഷപ് തോമസ് മാർ കൂറിലോസ്**
(വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

**ആർച്ച് ബിഷപ് തോമസ് ജെ. നെറ്റോ**
(വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം, കൊച്ചി: 682 025

N:B: 2023 ആഗസ്റ്റ് 13-ാം തീയതി ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുമല്ലോ.

## വിശ്വാസികളുടെ പ്രാർഥന

**കാർമികൻ**: പ്രിയ സഹോദരീ സഹോദരന്മാരേ, പാപികളോടും ദരിദ്രരോടും ക്രിസ്തു വലിയ അനുകമ്പ പ്രദർശിപ്പിച്ചു. അതുപോലെ,

ബന്ധനസ്ഥരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ സഹോദരരോട് അനുകമ്പ കാണിക്കാൻ പരിശുദ്ധാത്മാവിനാൽ നമ്മെ പ്രചോദിതരാക്കണമെന്ന് നമുക്ക് കർത്താവിനോട് അപേക്ഷിക്കാം.

സമൂ: കർത്താവേ, ഞങ്ങളുടെ പ്രാർഥന കേട്ടരുളേണമേ.

കർത്താവേ, ഞങ്ങൾ സാർവത്രിക സഭയ്ക്കുവേണ്ടി പ്രാർത്ഥിക്കുന്നു: പരിശുദ്ധ പിതാവും മെത്രാന്മാരും വൈദികരും സമർപ്പിതരും അങ്ങയുടെ വിമോചിപ്പിക്കുന്ന സ്നേഹത്തിന്റെ ഉപകരണങ്ങളായി ഭവിക്കട്ടെ. ബന്ധനസ്ഥരായ സഹോദരങ്ങളിൽ അങ്ങയുടെ സാദൃശ്യവും രൂപവും പുനർജനിപ്പിക്കാൻ അവരെ സഹായിക്കണമേ എന്ന് ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ: കർത്താവേ, ഞങ്ങളുടെ പ്രാർഥന കേട്ടരുളേണമേ.

കർത്താവേ, അങ്ങ് ഒരു നിഷ്കളങ്കനായ തടവുകാരൻ ആയിരുന്നു; അങ്ങനെ അങ്ങ് ഒരു യഥാർത്ഥ തടവുകാരന്റെ ഭാഗധേയം പങ്കുവെച്ചു. അഴികൾക്ക് പിന്നിലുള്ള ഞങ്ങളുടെ സഹോദരീ സഹോദരൻമാരുടെ മാനസിക വ്യഥയും അവർ അനുഭവിക്കുന്ന ശാരീരിക അസ്വസ്ഥതയും അങ്ങയുടെ മുമ്പിൽ ഞങ്ങൾ കൊണ്ടുവരുന്നു. അവരിലും അവരുടെ കുടുംബങ്ങളിലും അങ്ങയുടെ അനുഗ്രഹം ഉണ്ടാകണമേ. ആർദ്രതയും ശാന്തതയും സന്മനസ്സും ജയിൽ അധികാരികൾക്ക് നൽകണമേ എന്ന് ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ: കർത്താവേ, ഞങ്ങളുടെ പ്രാർഥന കേട്ടരുളേണമേ.

കർത്താവേ, എളിയവർക്കും നഷ്ടപ്പെട്ടവർക്കും ഏററം ഒടുവിലായിരിക്കുന്നവർക്കും വേണ്ടി തങ്ങളുടെ സമയവും കഴിവുകളും സമർപ്പിക്കുന്ന പ്രിസൺ മിനിസ്ട്രി ഇന്ത്യയുടെ വോളണ്ടിയർമാരുടെ മേൽ അങ്ങയുടെ അനുഗ്രഹം ചൊരിയണമെന്ന് ഞങ്ങൾ പ്രാർഥിക്കുന്നു. നല്ല ഇടയനായ യേശുവേ, അങ്ങയുടെ മാർഗനിർദേശവും സംരക്ഷണവും അവരുടെ ശുശ്രൂഷയിൽ ഉണ്ടാകണമേ എന്ന് ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ: കർത്താവേ, ഞങ്ങളുടെ പ്രാർഥന കേട്ടരുളേണമേ.

കർത്താവേ, അന്യായമായി കുറ്റാരോപിതരും അക്കാരണത്താൽ ബന്ധനസ്ഥരായവർക്കുംവേണ്ടി ഞങ്ങൾ പ്രാർഥിക്കുന്നു.

വലിയ വേദനയും തിക്തതയും ആണല്ലോ അവർ അനുഭവിക്കുന്നത്. കരുണാമയനായ ദൈവമേ, അവരുടെ കാര്യത്തിൽ അനുഭാവപൂർണമായ തീരുമാനത്തിൽ എത്തിച്ചേരാൻ വേണ്ട നിയമപരമായ സഹായം അവർക്കു ലഭ്യമാക്കാനും അങ്ങനെ അവർ എത്രയും പെട്ടെന്ന് മോചിതരാകാനും ഇടയാക്കണമെന്നു ഞങ്ങൾ അപേക്ഷിക്കുന്നു.

സമൂ: കർത്താവേ, ഞങ്ങളുടെ പ്രാർഥന കേട്ടരുളേണമേ.

**കാർമികൻ:** സ്നേഹപിതാവേ, അങ്ങയുടെ മക്കൾ അങ്ങയുടെ പക്കലേക്ക് തിരിയുമ്പോൾ അങ്ങ് ഏറെ സന്തുഷ്ടനാണല്ലോ. അങ്ങയുടെ സുഖപ്പെടുത്തുന്ന കരം നീട്ടി അഴികൾക്ക് പിറകിലുള്ള ഞങ്ങളുടെ സഹോദരരെ സ്പർശിക്കണമേ; അങ്ങനെ അവർ ഒരു പുതുജീവിതം നയിക്കാൻ ഇടവരട്ടെ. കർത്താവായ ക്രിസ്തുവഴി ഈ പ്രാർഥന കേട്ടരുളേണമേ. **ആമേൻ**.

C. 25. സർക്കുലർ

# ജസ്റ്റീസ് സൺഡേ (നീതി ഞായർ)

## 2023 ആഗസ്റ്റ് 20 ഞായർ

## കെസിബിസി SC/ST/BC Commission പുറപ്പെടുവിക്കുന്ന സർക്കുലർ

ഈശോമിശിഹായിൽ ഏറ്റവും പ്രിയ ബഹു. വൈദികരേ, സിസ്റ്റേഴ്സ്, സഹോദരീ സഹോദരന്മാരേ,

ഈ വർഷം ഓഗസ്റ്റ് 20-ാം തീയതി ഭാരതസഭ ജസ്റ്റീസ് സൺഡേ (നീതി ഞായർ) ആചരിക്കുകയാണ്. നീതിക്കുവേണ്ടി ദാഹിക്കുന്ന എല്ലാ ജനവിഭാഗങ്ങളോടും ഭാരതസഭ ഐക്യദാർഢ്യം പ്രഖ്യാപിക്കുന്ന ദിനമാണിന്ന്. പ്രത്യേകമായി ഇന്നു നാം ഓർമ്മിക്കേണ്ടത് ദളിത് ക്രൈസ്തവ സഹോദരങ്ങളെയാണ്.

ക്രിസ്തുവിൽ വിശ്വസിച്ചതിന്റേപേരിൽ പട്ടികജാതി സംവരണവും സംരക്ഷണവും നമ്മുടെ മതേതര ജനാധിപത്യരാഷ്ട്രത്തിൽ നിഷേധിക്കപ്പെട്ട ദളിതരാണവർ. 1950 ഓഗസ്റ്റ് 10-ാം തീയതി ഇന്ത്യൻ പ്രസിഡന്റ് ഒരു ഉത്തരവിലൂടെ ദളിതരായ ഹിന്ദുക്കൾക്കുമാത്രമായി പട്ടികജാതി സംവരണം അനുവദിച്ചു നൽകി. പിന്നീട് 1956 ൽ ദളിതരായ സിക്കുമതക്കാർക്കും 1990-ൽ ദളിതരായ ബുദ്ധമതക്കാർക്കും ഈ സംവരണാനുകൂല്യം അനുവദിക്കുകയുണ്ടായി. എന്നാൽ ദളിത് ക്രൈസ്തവർക്ക് ഈ അവകാശം ഇന്നുവരെ നിഷേധിക്കപ്പെട്ടിരിക്കുകയാണ്. ഇത് ഭരണഘടനാലംഘനവും എതിർക്കപ്പെടേണ്ട മതവിവേചനവുമാണ്. ഈ മനുഷ്യാവകാശലംഘനത്തിനെതിരെ ദളിത് ക്രൈസ്തവ സഹോദരങ്ങൾ നിരന്തരമായ പോരാട്ടത്തിലാണ്. ക്രിസ്തുശരീരമായ സഭയിലെ അംഗങ്ങളായ ഈ ദളിത് ക്രൈസ്തവ സഹോദരങ്ങളുടെ നീതിക്കുവേണ്ടിയുള്ള പോരാട്ടത്തിൽ സഭാമാതാവും ദളിത് മക്കളെ കരുതുന്നുണ്ട് എന്ന് ഉറപ്പാക്കേണ്ട ദിനമാണിത്.

ഭാരതത്തിലെ പരമോന്നത നീതിപീഠമായ സുപ്രീം കോടതി ദളിത് ക്രൈസ്തവർക്ക് പട്ടികജാതിസംവരണം നൽകുന്നതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള കേസ് പരിഗണിച്ചുകൊണ്ട് വിസ്താരത്തി

നായി എടുക്കുവാൻ ഉത്തരവിട്ടിരിക്കുകയാണ്. 2004 ൽ ആണ് ഈ കേസ് സുപ്രീം കോടതിയിൽ എത്തിയത്. ഭാരതമെത്രാന്മാരുടെ സമിതിയായ CBCI ഈ കേസിൽ ഒരു കക്ഷികൂടിയാണ്. ഭാരിച്ച കോടതി ച്ചെലവിലേക്കായി KCBC സാമ്പത്തികസഹായം നൽകുന്നുണ്ട്. 2023 ജൂലൈ 9-ാം തീയതി ഞായറാഴ്ച ഈ ആവശ്യത്തിനായി പ്രാർത്ഥ നാദിനമായി കേരളസഭ ആചരിക്കുകയുണ്ടായി. ഈ നിയോഗത്തി നായി കേരള കത്തോലിക്കാസഭ ഒറ്റക്കെട്ടായി ഇനിയും പ്രാർത്ഥി ക്കണം.

ദളിത് കത്തോലിക്കാ സഹോദരങ്ങളുടെ ദുസ്ഥിതിക്ക് അറുതി വരുത്തുവാൻ കേരളസഭ ദളിത് കത്തോലിക്കാ കുട്ടികളുടെ വിദ്യാ ഭ്യാസത്തിന് ഈ കഴിഞ്ഞകാലങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചിട്ടു ണ്ട്. വിവിധ കോഴ്സുകളിൽ പ്രശസ്തവിജയം കരസ്ഥമാക്കിയ ദളിത് കത്തോലിക്കാ വിദ്യാർത്ഥികൾക്ക് KCBC സ്കോളർഷിപ്പ് ഏർപ്പെ ടുത്തിയിട്ടുണ്ട്. മിനിമം യോഗ്യതയുള്ള എല്ലാ ദളിത് വിദ്യാർത്ഥികൾ ക്കും നമ്മുടെ സഭാ വക സ്ഥാപനങ്ങളിൽ അഡ്മിഷൻ നൽകി സൗജ ന്യവിദ്യാഭ്യാസം നൽകേണ്ടതാണ്. കൂടാതെ വിദ്യാഭ്യാസ യോഗ്യതയുള്ള ദളിത് കത്തോലിക്കർക്ക് യോഗ്യതയുടെ അടിസ്ഥാ നത്തിൽ സഭാസ്ഥാപനങ്ങളിൽ മുൻഗണന നൽകി നിശ്ചിത ശത മാനം ഉദ്യോഗനിയമനങ്ങൾ നൽകാൻ നാം താത്പര്യം കാണിക്കേ ണ്ടതാണ്.

ജസ്റ്റീസ് സൺഡേ ദിനത്തിൽ ഇടവകാംഗങ്ങളെല്ലാം പങ്കെ ടുത്തുകൊണ്ടുള്ള സെമിനാറും സമ്മേളനങ്ങളും സംഘടിപ്പിക്കാൻ വികാരിയച്ചന്റെ നേതൃത്വത്തിൽ എല്ലാവരും പരിശ്രമിക്കേണ്ടതാണ്. ഇടവക ഒരു കുടുംബമാണ്. ആ കുടുംബത്തിലെ എല്ലാ അംഗങ്ങളും സ്വയംപര്യാപ്തതയിലെത്തണം. അതിനായുള്ള കൂട്ടായ ശ്രമം നട ത്തേണ്ടതാണ്. കഴിഞ്ഞ SSLC (80%), Plus Two (70%), Degree (60%), Post Graduate (60%) എന്നീ പരീക്ഷകളിൽ പ്രശസ്തവിജയം കരസ്ഥ മാക്കിയ ദലിത് കത്തോലിക്കാ കുട്ടികൾക്ക് KCBC സ്കോളർഷിപ്പ് നൽകുന്നതാണ്. അർഹരായ കുട്ടികളുടെ അപേക്ഷ 2023 സെപ്റ്റം ബർ 30-നകം റവ. ഫാ. ജോസ് വടക്കേക്കുറ്റ്, സെക്രട്ടറി KCBC, SC/ST/BC കമ്മീഷൻ, ഷാലോം പാസ്റ്ററൽ സെന്റർ, പാലാ-686575 എന്ന വിലാസത്തിൽ അയച്ചുകൊടുക്കേണ്ടതാണ്.

വേദനിക്കുന്നവരുടെയും അടിച്ചമർത്തപ്പെട്ടവരുടെയും

പക്ഷം ചേരുന്ന യേശുവിന്റെ ദൗത്യം ദളിത് ക്രൈസ്തവരുടെ പ്രശ്നങ്ങളിൽ സഭ തീക്ഷ്ണമായി ഏറ്റെടുക്കണം. ജസ്റ്റീസ് സൺഡേ ദിനത്തിൽ വിശുദ്ധ ബലിമധ്യേ നടത്തുന്ന പിരിവ് വിജയിപ്പിക്കുവാൻ എല്ലാവരും ആത്മാർത്ഥമായി സഹകരിക്കണം. സ്കോളർഷിപ്പിനും മറ്റുമായി ഇപ്പോൾ ലഭിക്കുന്ന തുക അപര്യാപ്തമാണ്. ഈ തുക കഴിവതും വേഗം KCBC, SC/ST/BC കമ്മീഷന്റെ പേരിൽ അയച്ചു തരേണ്ടതാണ്. നമ്മുടെ സഭയിലെ ദളിത് ക്രൈസ്തവർ, മത്സ്യത്തൊഴിലാളികൾ, മറ്റു ദുർബ്ബലവിഭാഗങ്ങൾ, ദരിദ്രർ എന്നിവരുടെ ഉന്നമനത്തിനായി നമുക്കു പ്രയത്നിക്കാം, പ്രാർത്ഥിക്കാം. നമ്മുടെ മനോഭാവങ്ങളിൽ മാറ്റം വരുത്താം എന്നു പ്രാർത്ഥിച്ചുകൊണ്ട് നിങ്ങളേവരെയും പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഞാൻ ആശീർവദിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**ബിഷപ് ഗീവർഗീസ് മാർ അപ്രേം**
(ചെയർമാൻ KCBC, SC/ST/BC കമ്മീഷൻ)

**ബിഷപ് വിൻസന്റ് സാമുവൽ**
(വൈസ് ചെയർമാൻ KCBC, SC/ST/BC കമ്മീഷൻ)

**ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ**
(വൈസ് ചെയർമാൻ KCBC, SC/ST/BC കമ്മീഷൻ)

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം,
കൊച്ചി: 682 025

NB: ഓഗസ്റ്റ് 13-ാം തീയതി ഞായറാഴ്ച എല്ലാ ഇടവക ദൈവാലയങ്ങളിലും സന്ന്യാസഭവനങ്ങളിലും സ്ഥാപനങ്ങളിലും ഈ സർക്കുലർ വായിച്ച് വിശദീകരണം നൽകുകയും 20-ാം തീയതി ഞായറാഴ്ച സംഭാവന ശേഖരണം നടത്തി KCBC, SC/ST/BC കമ്മീഷന്റെ പേർക്ക് അയച്ചുതരികയും ചെയ്യേണ്ടതാണ്.

C. 26. സർക്കുലർ

# 2023 ഡിസംബർ മാസത്തിലെ കേരളാ ദിവ്യകാരുണ്യകോൺഗ്രസ്സ് സംബന്ധിച്ച് കെസിബിസി പുറപ്പെടുവിക്കുന്ന

# സർക്കുലർ

അഭിവന്ദ്യപിതാക്കന്മാരേ, വൈദികരേ, സന്ന്യസ്തരേ, സഹോദരീ സഹോദരന്മാരേ,

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ സമാധാനം ഏവർക്കും നേരുന്നു. സഭയെ നിരന്തരം നയിക്കുന്ന ദൈവാത്മാവിൽ ആശ്രയിച്ച് കേരളസഭയിൽ നവീകരണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. നവീകരണ പ്രവർത്തനങ്ങൾക്ക് കൃത്യമായ ദിശാബോധവും ഏകീകൃതഭാവവും ലഭിക്കുന്നതിനായി പ്രസിദ്ധീകരിച്ചിട്ടുള്ള **പ്രവർത്തനരേഖ**യുടെ അടിസ്ഥാനത്തിലാണ് കേരളസഭ-രൂപതാ-ഇടവക-കുടുംബതലങ്ങളിലുള്ള നവീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കപ്പെടുന്നത്.

കേരളസഭാനവീകരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഈ വർഷം ഡിസംബറിൽ ദിവ്യകാരുണ്യകോൺഗ്രസ് നടത്തുന്ന കാര്യം ഇതിനോടകം ഏവർക്കും അറിയാവുന്നതാണല്ലോ. ദിവ്യകാരുണ്യത്തിൽ അധിഷ്ഠിതവും കേന്ദ്രീകൃതവുമായ നവീകരണമാണ് സഭയിൽ സംഭവിക്കേണ്ടത്. വിശുദ്ധ കുർബാനവഴി സഭ എന്നും നവമായി ജനിക്കുന്നുവെന്ന് 'സ്നേഹത്തിന്റെ കൂദാശ' (Sacramentum Caritatis) എന്ന അപ്പസ്തോലിക പ്രബോധനത്തിലൂടെ ബനഡിക്റ്റ് 16-ാമൻ മാർപാപ്പ നമ്മെ അനുസ്മരിപ്പിക്കുന്നുണ്ട് (SC, 6).

2023 ഡിസംബർ 1, 2, 3, (വെള്ളി, ശനി, ഞായർ) തീയതികളിലായി വരാപ്പുഴ അതിരൂപതയുടെ കീഴിലുള്ള വല്ലാർപാടം ബസിലിക്കയിൽ വച്ചാണ് കേരളാദിവ്യകാരുണ്യ കോൺഗ്രസ് സംഘടിപ്പിക്കുന്നത്.

**ദിവ്യകാരുണ്യ കോൺഗ്രസിന്റെ ലക്ഷ്യം**

ദിവ്യകാരുണ്യം കേന്ദ്രീകരിച്ചുള്ള ദൈവജനത്തിന്റെ കൂടിവരവാണ് ദിവ്യകാരുണ്യ കോൺഗ്രസ്. അന്തർദേശീയമായും ദേശീ

യമായും പ്രാദേശികമായും ദിവ്യകാരുണ്യ കോൺഗ്രസ് സംഘടിപ്പിക്കാറുണ്ട്.

സഭാസമൂഹത്തിന് ദിവ്യകാരുണ്യത്തെക്കുറിച്ച് ആഴമായ അറിവു നല്കുക, ദിവ്യകാരുണ്യത്തിലെ യേശുവിന്റെ യഥാർത്ഥ സാന്നിദ്ധ്യത്തിന് പരസ്യമായ ആരാധനയും സാക്ഷ്യവും നല്കുക, സഭാംഗങ്ങളിൽ ദിവ്യകാരുണ്യത്തിലുള്ള വിശ്വാസവും ഭക്തിയും വർദ്ധിപ്പിക്കുക, പരസ്യമായ ദിവ്യകാരുണ്യ ആരാധനയിലൂടെ വിശ്വാസികൾക്കിടയിൽ പരസ്പരസ്നേഹവും ഐക്യവും വർദ്ധിപ്പിക്കുക എന്നിവയാണ് ദിവ്യകാരുണ്യ കോൺഗ്രസിലൂടെ ലക്ഷ്യം വയ്ക്കുന്നത്.

1881-ൽ ഫ്രാൻസിലാണ് ആദ്യത്തെ അന്തർദേശീയ ദിവ്യകാരുണ്യ കോൺഗ്രസ് നടന്നത്. 38-ാമത്തെ അന്തർദേശീയ ദിവ്യകാരുണ്യ കോൺഗ്രസ് നടന്നത് മുംബൈയിൽ വച്ചായിരുന്നു. 2024-ൽ 53-ാമത് അന്തർദേശീയ ദിവ്യകാരുണ്യ കോൺഗ്രസ് ഇക്വദോറിൽ വച്ചാണ് നടക്കുന്നത്. കേരളസഭയിൽ നാം സംഘടിപ്പിക്കുന്നത് പ്രാദേശികതലത്തിലുള്ള ദിവ്യകാരുണ്യ കോൺഗ്രസ് ആണ്. ആഘോഷമായ വിശുദ്ധ കുർബാന, ദിവ്യകാരുണ്യ ആരാധന, പ്രദക്ഷിണം, പ്രബോധനങ്ങൾ, ചർച്ചകൾ, ദിവ്യകാരുണ്യ അത്ഭുതങ്ങളുടെ എക്സിബിഷൻ തുടങ്ങിയ വിപുലമായ പരിപാടികളോടെയാണ് ദിവ്യകാരുണ്യ കോൺഗ്രസ് സംഘടിപ്പിക്കുന്നത്.

'നാഥാ, ഞങ്ങളോടൊത്ത് വസിച്ചാലും' (*Mane Nobiscum Domine*) എന്ന എമ്മാവൂസ് ശിഷ്യരുടെ അപേക്ഷാവാക്യമാണ് (ലൂക്കാ 24:29) വല്ലാർപാടത്തു സംഘടിപ്പിക്കുന്ന ദിവ്യകാരുണ്യ കോൺഗ്രസിന്റെ പ്രമേയം.

**ദിവ്യകാരുണ്യ കോൺഗ്രസിൽ പങ്കെടുക്കുന്നവർ**

കേരളത്തിലെ 32 രൂപതകളിലെ അയ്യായിരത്തോളം ഇടവകകകളിൽ നിന്നായി അയ്യായിരം അല്മായ പ്രതിനിധികളും (ഒരു ഇടവകയിൽ നിന്ന് ഒരാൾ എന്ന നിലയ്ക്ക്) അഞ്ഞൂറിലേറെ വൈദികരും വിവിധ സന്ന്യസ്തസമൂഹങ്ങളിൽ നിന്നായി നാനൂറോളം സന്ന്യസ്തരും കേരളത്തിലെ എല്ലാ മേജർ സെമിനാരി റെക്ടർമാരും 500 വാളണ്ടിയർമാരും, 200 റിസോഴ്സ് ടീം അംഗങ്ങളും 2000 യുവജനങ്ങളും കേരള കത്തോലിക്കാസഭയിലെ മുഴുവൻ മെത്രാന്മാരും ദിവ്യകാരുണ്യ കോൺഗ്രസിൽ പങ്കെടുക്കും.

വരാപ്പുഴ, എറണാകുളം, മൂവാറ്റുപുഴ, കൊച്ചി, കോട്ടപ്പുറം എന്നീ രൂപതകളിലെ 150 ഇടവകകളിലായിട്ടാണ് ദിവ്യകാരുണ്യ കോൺഗ്രസിൽ പങ്കെടുക്കുന്നവരുടെ താമസം ക്രമീകരിക്കുന്നത്.

രൂപതയിൽ നിന്ന് പ്രതിനിധികളെ തെരഞ്ഞെടുക്കുമ്പോൾ 40% സ്ത്രീകൾ, 40% പുരുഷന്മാർ, 10% യുവതികൾ, 10% യുവാക്കൾ എന്നീ മാനദണ്ഡം പാലിക്കുന്നത് ഉചിതമായിരിക്കും. ഓരോ ഇടവകയിൽനിന്നും പങ്കെടുക്കുന്ന അല്മായ പ്രതിനിധികളും രൂപതയിൽ നിന്നുള്ള വൈദികരും അവരവരുടെ രൂപതാടിസ്ഥാനത്തിലാണ് പേരുകൾ രജിസ്റ്റർ ചെയ്യേണ്ടത്. രൂപതാടിസ്ഥാനത്തിൽ തയ്യാറാക്കുന്ന രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങളും ഫീസും 2023 നവംബർ ഒന്നിനു മുൻപ് കെസിബിസി ഡെപ്യൂട്ടി സെക്രട്ടറിയുടെ പേരിൽ പി.ഒ.സി. ഓഫീസിൽ ഏല്പിക്കേണ്ടതാണ്.

അല്മായരെ കൂടാതെ രൂപതകളെ പ്രതിനിധീകരിക്കുന്നത് മുഖ്യവികാരി ജനറാൾ, ഫെറോന/ജില്ലാ വികാരിമാർ, രൂപതാധ്യക്ഷൻ നിശ്ചയിക്കുന്ന അഞ്ച് യുവവൈദികർ എന്നിവരാണ്. സന്യസ്തസമൂഹങ്ങളുടെ സുപ്പീരിയർ ജനറാൾമാർ, പ്രൊവിൻഷ്യൽ സുപ്പീരിയേഴ്സ് കൂടാതെ ഓരോ പ്രോവിൻസിൽ നിന്നും ഒരു സന്ന്യാസിനി/സന്യാസി എന്നിവരാണ്. സന്യാസസമൂഹങ്ങളെ പ്രതിനിധീകരിക്കുന്നവരുടെ രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങളും ഫീസും അതതു സന്യാസ സമൂഹാധികാരികൾ നവംബർ ഒന്നിന് മുമ്പ് തന്നെ ഡെപ്യൂട്ടി സെക്രട്ടറിയെ ഏല്പിക്കേണ്ടതാണ്.

**സാമ്പത്തിക കാര്യങ്ങൾ**

ദിവ്യകാരുണ്യ കോൺഗ്രസ് പ്രാദേശികതലത്തിൽ വിപുലമായ പരിപാടികളോടെ നടത്തപ്പെടുമ്പോൾ ഉണ്ടാകുന്ന ഭാരിച്ച സാമ്പത്തിക ബാധ്യതയെകുറിച്ച് പ്രത്യേകം പരാമർശിക്കേണ്ടതില്ലല്ലോ. ആയതിനാൽ ഓരോ പ്രതിനിധിയും 1500 രൂപ രജിസ്ട്രേഷൻ ഫീസായി നല്കണം. ദിവ്യകാരുണ്യ കോൺഗ്രസിന്റെ നടത്തിപ്പിനായി വരുന്ന ചിലവുകൾ കേരള സഭാമക്കൾ എല്ലാവരുംകൂടി ഏറ്റെടുക്കേണ്ടതുണ്ട്. അതിനാൽ ഇടവകയെ പ്രതിനിധികരിക്കുന്ന വ്യക്തിയുടെ രജിസ്ട്രേഷൻ തുക ആവശ്യമെങ്കിൽ ഇടവകയിൽ നിന്ന് നല്കണമെന്ന് നിർദേശിക്കുന്നു. സന്ന്യസ്തരുടെ രജിസ്ട്രേഷൻ തുക അതതു സന്ന്യസ്തസമൂഹങ്ങളും രൂപതാ വൈദികരുടേത് രൂപ

തകളും വഹിക്കേണ്ടതുമാണ്. അപ്രകാരം ആർക്കും പ്രത്യേകം സാമ്പത്തിക ഭാരം വരാതെ തന്നെ എല്ലാവരുടെയും സഹകരണത്തോടെ കേരളാദിവ്യകാരുണ്യകോൺഗ്രസ് വിജയകരമായി നടത്താൻ നമുക്കു സാധിക്കും.

**ദിവ്യകാരുണ്യ കോൺഗ്രസിനു മുൻപുള്ള ഒരുക്കങ്ങൾ**

വല്ലാർപാടത്തു സംഘടിപ്പിക്കപ്പെടുന്ന കേരളാദിവ്യകാരുണ്യ കോൺഗ്രസിനു മുന്നോടിയായി രൂപതാ - ഇടവകതലങ്ങളിൽ ആവശ്യമായ ഒരുക്കങ്ങൾ നടത്തേണ്ടതാണ്. ദിവ്യകാരുണ്യ കോൺഗ്രസിൽ പങ്കെടുക്കുന്ന ഡെലഗേറ്റ്സിന്റെ രജിസ്ട്രേഷൻ നടത്തിയ ശേഷം അവരെ രൂപതാതലത്തിൽ വിളിച്ചു ചേർത്ത് ആവശ്യമായ പരിശീലനം നല്കണം. കൂടാതെ ഇടവകതലത്തിൽ ദിവ്യകാരുണ്യ ദിനം, ദിവ്യകാരുണ്യ ആരാധന, റാലി, ദിവ്യകാരുണ്യ ധ്യാനങ്ങൾ, പ്രബോധനങ്ങൾ, ചർച്ചകൾ എന്നിവ സംഘടിപ്പിക്കേണ്ടതാണ്. രൂപതകളിൽനിന്നും സന്യാസസമൂഹങ്ങളിൽനിന്നും സംസ്ഥാനതലത്തിൽ പരിശീലനത്തിനയച്ച റിസോഴ്സ് ടീമിനെ ഇടവകകളിൽ പ്രയോജനപ്പെടുത്താവുന്നതാണ്. വിജയപുരത്ത് വിമലഗിരി പാസ്റ്ററൽ സെന്ററിൽ വച്ച് പ്രസ്തുത റിസോഴ്സ് ടീം അംഗങ്ങൾക്ക് ആവശ്യമായ പരിശീലനം നല്കിയിട്ടുണ്ട്.

**ദിവ്യകാരുണ്യത്തെ പുൽകുന്ന സഭ**

ദിവ്യകാരുണ്യത്തോട് ചേർന്നുനില്ക്കാൻ അതിയായി ആഗ്രഹിക്കുന്ന സമൂഹമായി കേരളസഭ ഇനിയും പരിവർത്തനപ്പെടേണ്ടതുണ്ട്. മനുഷ്യരക്ഷയ്ക്കായി നൽകപ്പെട്ട ഏകനാമം യേശുക്രിസ്തുവിന്റേതാണ് (നടപടി 4:12). അവിടുത്തെ നാമമാകട്ടെ ദൈവത്തിന്റെ നിസ്സീമമായ കരുണയെയാണ് പ്രകാശിപ്പിക്കുന്നത്. ആത്മാവിന്റെ രക്ഷയ്ക്കായി പരിശ്രമിക്കുന്നവർക്ക് അവിടത്തെ നാമം വലിയ പ്രത്യാശ നൽകുന്നു. ദൈവത്തിന്റെ കരുണയുടെ മുഖം ഈ കാലയളവിൽ നാം പ്രകാശിപ്പിക്കേണ്ടതാണെന്ന ചിന്ത നമ്മിൽ രൂഢമൂലമാകണം.

ഈശോയുടെ ദിവ്യമായ സ്നേഹത്തിന്റെ അഗ്നിയാണ് ദിവ്യസക്രാരിയിലെ ദിവ്യകാരുണ്യം. നമ്മുടെ രക്ഷയ്ക്കുവേണ്ടി എരിയുന്ന ആ സ്നേഹാഗ്നിയോട് ചേർന്നു നില്ക്കാനാണ് നാം ദിവ്യകാരുണ്യ കോൺഗ്രസിലൂടെ പരിശ്രമിക്കുന്നത്. ബഹു. വികാരിയ

ച്ചന്മാരും വൈദികരും സന്ന്യസ്തരും അല്മായ നേതൃത്വവും ഇക്കാര്യത്തിൽ, വിശ്വാസത്തിൽ സഹകാരികളായ നമ്മുടെ സഹോദരർക്ക് ഉദാത്ത മാതൃക നല്കിക്കൊണ്ട് ദിവ്യകാരുണ്യ സ്നേഹത്തിൽ അധിഷ്ഠിതമായ വിശ്വാസജീവിതം നയിക്കാൻ പ്രേരിപ്പിക്കണം. സഭാനവീകരണം പൂർത്തിയാകുന്നത് ഈശോയോടുള്ള നമ്മുടെ സ്നേഹം അവിടുന്ന് ആഗ്രഹിക്കുന്നവിധം ഊഷ്മളമാകുമ്പോഴാണ്. പരസ്പരം ക്ഷമിക്കാനും വിട്ടുവീഴ്ച ചെയ്യാനും സഹകരിക്കാനും സാധിക്കുന്നവിധത്തിൽ തുറവിയുള്ളതും നിർമ്മലവുമായിരിക്കട്ടെ നമ്മുടെ ബന്ധങ്ങൾ. അങ്ങനെ ഈശോയുടെ ദിവ്യകാരുണ്യത്തിന്റെ യഥാർത്ഥ അവകാശികളും സാക്ഷികളുമായി സമൂഹത്തിൽ ജീവിക്കാൻ ദിവ്യകാരുണ്യ കോൺഗ്രസ് നമ്മെ സഹായിക്കട്ടെ.

ദിവ്യകാരുണ്യത്തെ മുൻനിർത്തിയുള്ള സഭാത്മകമായ ഈ ഒത്തുചേരൽ നമ്മുടെ വിശ്വാസത്തിന്റെ പ്രഘോഷണമായി പരിണമിക്കുന്നതിനും ദിവ്യകാരുണ്യ ഭക്തിയിൽ കേരളസഭ കൂടുതൽ ആഴപ്പെടുന്നതിനും ഈ ദിവ്യകാരുണ്യ കോൺഗ്രസ് വിജയകരമായി നടത്തുന്നതിനും ദിവ്യകാരുണ്യ നാഥന്റെ മുന്നിൽ നിരന്തരം നമുക്കു പ്രാർഥിക്കാം.

നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ കാരുണ്യം, അനുഗ്രഹവും സമാധാനവും ബലിയും സ്തോത്രവുമാകുന്ന വിശുദ്ധ കുർബാനയിലൂടെ സഭാമക്കളായ നിങ്ങൾക്കേവർക്കും സമൃദ്ധമായി ലഭിക്കട്ടെയെന്ന് പ്രാർഥിക്കുന്നു.

എല്ലാ അനുഗ്രഹങ്ങളും നേർന്നുകൊണ്ട്,

കേരള കത്തോലിക്കാസഭയ്ക്കുവേണ്ടി,

**കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ**
പ്രസിഡന്റ്, കെസിബിസി

**ബിഷപ് മാർ പോളി കണ്ണൂക്കാടൻ**
വൈസ് പ്രസിഡന്റ്, കെസിബിസി

**ബിഷപ് ഡോ. അലക്സ് വടക്കുംതല**
സെക്രട്ടറി ജനറൽ, കെസിബിസി

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം, കൊച്ചി: 682 025

| | | ജൂൺ 2023 |
|---|---|---|
| 28/06/2023 | 08.30 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 29/06/2023 | | മൂന്നാറിൽ വച്ചു നടന്ന മധ്യമേഖല സോൺ ബിഷപ്പുമാരുടെ ധ്യാനത്തിൽ പങ്കെടുത്തു. |
| 30/06/2023 | 05.00 pm | രൂപതാ കാര്യാലയത്തിൽ സമ്മേളിച്ച പെയിൻ ആൻഡ് പാലിയേറ്റിവ് കെയർ വോളന്റിയേഴ്സിന്റെ ട്രെയിനിഗ് പ്രോഗ്രാമിൽ അനുഗ്രഹ പ്രഭാഷണം നടത്തി. |
| | | **ജൂലൈ 2023** |
| 01/07/2023 | 04.00 pm | മണിപ്പൂരിൽ വേദനയനുഭവിക്കുന്നവരോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചു കൊണ്ട് രൂപതാ തലത്തിൽ ചേലച്ചുവട്ടിൽ സംഘടിപ്പിച്ച ജപമാല പ്രാർത്ഥനയിൽ പങ്കെടുത്ത് തുടർന്നുള്ള സമ്മേളനം ഉദ്ഘാടനം ചെയ്ത് പ്രഭാഷണം നടത്തി. |
| 02/07/2023 | 07.30 am | മുളകരമേട് സെന്റ് മാർട്ടിൻ ഡി പോറസ് ദൈവാലയത്തിൽ ഇടയനടുത്ത സന്ദർശനം നടത്തി. |
| 03/07/2023 | 10.30 am | ഇരട്ടയാർ സെന്റ് തോമസ് ഫൊറോന ഇടവകയിൽ ദുക്റാന തിരുനാൾ ദിനാചരണത്തോടനുബന്ധിച്ച് നടത്തിയ സൺഡേ സ്കൂൾ വാർഷികം ഉദ്ഘാടനം സന്ദേശം നൽകി. |
| | 03.00 pm | സിബിഗിരി സെന്റ് സെബാസ്റ്റ്യൻസ് ഇടവകയിൽ വച്ച് നടന്ന പാലാ രൂപതാ കത്തോ |

| | | |
|---|---|---|
| | | ലിക്കാ കോൺഗ്രസിന്റെ സഭാദിന സമ്മേളനം ഉദ്ഘാടനം ചെയ്ത് പ്രഭാഷണം നടത്തി. |
| | 08.30 pm | അടിമാലി പാസ്റ്ററൽ സെന്ററിൽ വച്ച് നടന്ന വൈദികരുടെ വാർഷിക ധ്യാനത്തിലെ ആദ്യ ബാച്ചിനെ സന്ദർശിച്ച് അഭിസംബോധന ചെയ്തു. |
| 04/07/2023 | 05.30 pm | മംഗലപ്പുഴ സെന്റ് ജോസഫ് പൊന്തിഫിക്കൽ സെമിനാരി കമ്മീഷനിൽ പങ്കെടുത്തു. |
| 05/07/2023-07/07/2023 | 12.00 pm | വൈദികരുടെ വാർഷിക ധ്യാനത്തിൽ സന്ദർശനം നടത്തി. |
| 08/07/2023 | 12.00 pm | വൈദികരുടെ വാർഷിക ധ്യാനത്തിന്റെ സമാപനത്തിൽ മരിച്ചുപോയ വൈദികർക്കുവേണ്ടി ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും വൈദികരെ അഭിസംബോധന ചെയ്ത് സംസാരിക്കുകയും ചെയ്തു. |
| 9/07/2023 | 07.00 am | പഴയരികണ്ടം സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ ഇടയനടുത്ത സന്ദർശനം നടത്തി. |
| 10/07/2023 | 04.00 pm | കുതിരക്കല്ല് സെന്റ് ജൂഡ് ഇടവാകാംഗമായ ബഹുമാനപ്പെട്ട ജോൺസൺ ചെറുകുകുന്നേൽ അച്ചന്റെ വത്സല മാതാവ് ബ്രിജീത്തയുടെ മൃതസംസ്കാര ശുശ്രൂഷയുടെ ദൈവാലയത്തിലെ തിരുകർമ്മങ്ങൾക്ക് നേതൃത്വം നൽകി. |
| | 07.30 pm | രൂപതാ വൈദികരുടെ വാർഷിക ധ്യാനത്തിലെ രണ്ടാം ബാച്ചിനെ സന്ദർശിച്ച് അഭിസംബോധന ചെയ്തു. |
| 11/07/2023 | 04.30 pm | വൈദികരുടെ വാർഷിക ധ്യാനത്തിൽ സന്ദർശനം നടത്തി. |

| | | |
|---|---|---|
| 12/07/2023 | 10.30 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| | 11.00 am | KCBC SC/ST കമ്മീഷൻ ചെയർമാൻ ഗീവർഗീസ് മാർ അപ്രേം പിതാവിനെ ബിഷപ്സ് ഹൗസിൽ സ്വീകരിച്ചു. |
| | 03.30 pm | വൈദികരുടെ വാർഷിക ധ്യാനത്തിൽ സന്ദർശനം നടത്തി. |
| 14/07/2023 | 11.30 am | വൈദികരുടെ വാർഷിക ധ്യാനത്തിൽ സന്ദർശനം നടത്തി. |
| 15/07/2023 | 06.30 am | വൈദികർക്കുവേണ്ടിയുള്ള വാർഷിക ധ്യാനത്തിന്റെ രണ്ടാമത്തെ ബാച്ച് സമാപന ദിനത്തിൽ വിശുദ്ധ കുർബാന അർപ്പിക്കുകയും, മരിച്ചുപോയ വൈദികർക്കുവേണ്ടി ഒപ്പീസ് ചോല്ലി പ്രാർത്ഥിക്കുകയും, വൈദികരെ അഭിസംബോധന ചെയ്ത് സംസാരിക്കുകയും ചെയ്തു. |
| 16/07/2023 | 07.00 am | ബൈസൺവാലി സെന്റ് ആന്റണീസ് ദൈവാലയത്തിൽ ഇടയനടുത്ത സന്ദർശനം നടത്തി. |
| | 07.00 pm | ചെമ്മണ്ണാർ സെന്റ് സേവ്യേഴ്സ് ഇടവകാംഗമായ പരേതയായ വാലുമ്മേൽ മേരി സ്കറിയയുടെ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. |
| 17/07/2023 | 10.30 am | അടിമാലി കർമ്മലീത്ത സന്യാസിനി സമൂഹത്തിന്റെ പ്രോവിൻസ് ഡേയോട് അനുബന്ധിച്ച് വിശുദ്ധ കുർബാന അർപ്പിച്ചു സന്ദേശം നൽകി. |
| | 03.30 pm | അടിമാലി ആത്മജ്യോതി പാസ്റ്ററൽ സെന്ററിൽ പുതുതായി ആരംഭിച്ച ഫോറിൻ ലാംഗേജ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉദ്ഘാടന കർമ്മം നിർവഹിച്ചു. |

| | | |
|---|---|---|
| 18/07/2023 | 10.00 am | രൂപതാ കാര്യാലയത്തിൽ ഒന്നിച്ചുകൂടിയ പി.എഫ്. ന്റെ എക്സിക്യൂട്ടീവ് മീറ്റിംങ്ങിൽ പങ്കെടുത്തു. |
| | 11.30 am | ബിഷപ്സ് ഹൗസിൽ സന്ദർശകരെ സ്വീകരിച്ചു. |
| 19/07/2023 | 02.00 pm | അടിമാലി ആത്മജ്യോതി പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ച ദൈവാലയ ശുശ്രൂഷികളുടെ സമ്മേളനത്തിൽ പങ്കെടുത്ത് സംസാരിച്ചു. |
| 19/07/2023 | 10.00 pm | തോപ്രാംകുടി മരിയ ഗൊരേത്തി ഇടവകാംഗങ്ങളായ പരേതരായ മുതുപ്ലാക്കൽ ത്രേസ്യാമ്മ മാത്യു, ചക്കാലക്കൽ അച്ചാമ്മ ഫ്രാൻസിസ് എന്നിവരുടെ ഭവനങ്ങളിലെത്തി ഒപ്പീസ് ചൊല്ലി  പ്രാർത്ഥിച്ചു. |
| 20/07/2023 | 11.30 am | അന്തരിച്ച മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിക്ക് തിരുന്നക്കര മൈതാനിയിലെത്തി അന്ത്യമോപചാരം അർപ്പിച്ചു. |
| 22/07/2023 | 11.30 am | നെടിയകാട് ലിറ്റിൽ ഫ്ളവർ പള്ളി ഇടവകാംഗമായ കട്ടക്കയം അഗസ്റ്റ്യൻ-ഫിലോമിന ദമ്പതികളുടെ വിവാഹ ജീവിതത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷത്തിൽ വി. കുർബാന അർപ്പിച്ച് ആശംസകൾ നേർന്നു. |
| 22/07/2023- 23/07/2023 | | തങ്കമണി സെന്റ് തോമസ് ഫൊറോന ദൈവാലയത്തിൽ ഇടയനടുത്ത സന്ദർശനം നടത്തി. |

# BISHOP'S ENGAGEMENTS

**ആഗസ്റ്റ് 2023**

01-04 KCBC

05 പാറത്തോട്- ജോർദാനിയ

07 മാള

19 പാസ്റ്ററൽ കൗൺസിൽ

20 വാഴത്തോപ്പ്

21-26 സിനഡ്

27 വെള്ളത്തൂവൽ

# കച്ചേരി വാർത്തകൾ

## C. 62/23 NEW APPOINTMENTS

| | |
|---|---|
| Vicar-in Charge, Kozhimala | - Fr. Jacob Mangadampallil |
| Vicar -in Charge, Karithode-Thinkalkad | - Fr. Joseph Udayamparayil |
| Asst. Vicar, Vellayamkudy | - Fr. Mathew Pazhookudiyil |
| Asst. Vicar, Ezhukumvayal | - Fr. James Kanatt CMI |
| Curia and Tribunal Notary | - Fr. Joseph Mekkunnel |
| Tribunal Notary | - Fr. Mathew Pazhookudiyil |
| KCSL Director | - Fr. Abraham Manimalakunnel |
| Professor Good Shepherd Major Seminary | - Fr. George Kuzhippallil |
| Study | - Fr. Jacob Mangadampallil |
| | - Fr. Antony Parakadavil |
| | - Fr. James Vattakunnel |

*Bishop*

## C. 63/23 വൈദികരുടെ സ്റ്റഡി ഫോറം

പ്രിയ അച്ചൻമാരേ,

നമ്മുടെ രൂപതയിൽ സേവനം ചെയ്യുന്ന എല്ലാ വൈദികർക്കും വേണ്ടി ഒരു സ്റ്റഡി ഫോറം ആഗസ്റ്റ് 8, 9 തീയതികളിലായി രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് 3 മണി വരെ രണ്ടു സെന്ററുകളിലായി ക്രമീകരിക്കുകയാണ്. ആഗസ്റ്റ് 8-ാം തീയതി ചൊവ്വാഴ്ച അടിമാലി ആത്മജ്യോതിയിൽ വച്ച് നടത്തപ്പെടുന്ന സ്റ്റഡി ഫോറത്തിൽ ചുരുളി, കൂമ്പൻപാറ, മാങ്കുളം, കുഞ്ചിത്തണ്ണി, മുരിക്കാശ്ശേരി, പാറത്തോട്, വാഴത്തോപ്പ്, വെള്ളത്തൂവൽ എന്നീ ഫൊറോനകളിലെ വൈദികരും, ആഗസ്റ്റ് 9-ാം തീയതി ബുധനാഴ്ച നെടുങ്കണ്ടം കരുണ ആനിമേഷൻ സെന്ററിൽ വച്ച് നടത്തപ്പെടുന്ന സ്റ്റഡി ഫോറത്തിൽ ഇരട്ടയാർ, നെടുങ്കണ്ടം, രാജാക്കാട്, തങ്കമണി, വെള്ളയാംകുടി എന്നീ ഫൊറോനകളിലെ വൈദികരും പങ്കെടുക്കേണ്ടതാണ്.

*ചാൻസലർ*

## C. 64/23 3-ാമത് മരിയൻ തീർത്ഥാടനം

2023 സെപ്റ്റംബർ 2-ാം തിയതി ശനിയാഴ്ച രാജാക്കാട് ക്രിസ്തുരാജാ ഫൊറോന ദൈവാലയത്തിൽ നിന്നും രാജകുമാരി ദൈവമാതാ തീർത്ഥാടന ദൈവാലയത്തിലേക്ക് രൂപതാതല മരിയൻ തീർത്ഥാടനം നടത്തപ്പെടുന്നു. ഈ തീർത്ഥാടനത്തിലേക്ക് ഏവരേയും സ്വാഗതം ചെയ്യുന്നു. ഭക്തിനിർഭരമായ വിധത്തിൽ ഈ തീർത്ഥാടനത്തിൽ പങ്കെടുക്കുവാൻ എല്ലാ ഇടവകകളും ഭക്തസംഘടനകളും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

*Proto Syncellus*

## C. 65/23 രൂപതായോഗം (Eparchial Assembly) മാറ്റിവെച്ചു

സെപ്റ്റംബർ 21, 22, 23 തിയതികളിൽ നടത്താൻ ഉദ്ദേശിച്ചിരുന്ന രൂപതായോഗം (Eparchial Assembly) മുന്നൊരുക്കങ്ങൾക്ക് കൂടുതൽ സമയം ആവശ്യമായി വന്നതിനാൽ നവംബർ 19, 20, 21 തീയതികളിലേക്ക് മാറ്റിയിരിക്കുന്നതായി ഇതിനാൽ അറിയിക്കുന്നു. വിശദ വിവരങ്ങൾ പിന്നാലെ.

*Proto Syncellus*

## C. 66/23 പാസ്റ്ററൽ കൗൺസിലിന്റെയും ഫൊറോനാ കൗൺസിലുകളുടെയും സംയുക്തസമ്മേളനം

ഇടുക്കി രൂപത പാസ്റ്ററൽ കൗൺസിലിന്റെയും ഫൊറോനാ കൗൺസിലുകളുടെയും ഒരു സംയുക്തസമ്മേളനം 2023 ആഗസ്റ്റ് മാസം 19-ാം തീയതി ശനിയാഴ്ച അടിമാലിയിലുള്ള ആത്മജ്യോതി പാസ്റ്ററൽ സെന്ററിൽ വച്ച് രാവിലെ 10 മണി മുതൽ നടത്തുവാൻ തീരുമാനിച്ചിരിക്കുകയാണ്. പ്രസ്തുത സമ്മേളനത്തിലേക്ക് പാസ്റ്ററൽ കൗൺസിൽ/ ഫൊറോനാ കൗൺസിൽ അംഗങ്ങളെ പ്രത്യേകം ക്ഷണിക്കുന്നു. സമ്മേളനത്തിൽ ആദ്യവസാനംവരെ സാന്നിദ്ധ്യം ഉറപ്പുവരുത്തുവാൻ ശ്രദ്ധിക്കുമല്ലോ. പങ്കെടുക്കാൻ എന്തെങ്കിലും അസൗകര്യമുണ്ടങ്കിൽ 9061164003 എന്ന നമ്പറിൽ അറിയിക്കാൻ മറക്കരുതേ.

*ചാൻസലർ*

## C. 67/23 വൈദികരുടെ പ്രാർത്ഥനാദിനം

പ്രിയ അച്ചൻമാരേ, രൂപതയുടെ ആത്മീയ വളർച്ചയ്ക്കും

വൈദികരുടെ വിശുദ്ധീകരണത്തിനുമായി 2023 മാർച്ച് 1 മുതൽ ആരംഭിച്ച നമ്മുടെ രൂപതയിലെ വൈദികരുടെ പ്രാർത്ഥനാദിനം തുടരുകയാണ്. ഇതുവരെ ഈ പ്രാർത്ഥനായജ്ഞത്തിൽ പങ്കാളികളായ എല്ലാ വൈദികരെയും നന്ദിയോടെ ഓർക്കുന്നു. ജൂലൈ, ഓഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ പങ്കെടുക്കേണ്ടവരുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു. രാജകുമാരി മരിയൻ തീർത്ഥാടനകേന്ദ്രത്തിലെ നിത്യാരാധന ചാപ്പലാണ് പ്രാർത്ഥനയ്ക്കായി നിശ്ചയിച്ചിരിക്കുന്ന സ്ഥലം. രാവിലെ 10 മുതൽ വൈകിട്ട് 6 വരെയാണ് പ്രാർത്ഥനയുടെ സമയം.

| Date | Day | NAMES |
|---|---|---|
| 24/07/2023 | Monday | Fr Antony Palapulickal |
| 25/07/2023 | Tuesday | Fr George Pallivathukkal |
| 26/07/2023 | Wednesday | Fr Thomas Parackal |
| 27/07/2023 | Thursday | Fr Varghese Parackal |
| 31/07/2023 | Monday | Fr James Parakadavil |
| 01/08/2023 | Tuesday | Fr George Pattathekuzhy |
| 02/08/2023 | Wednesday | Fr Mathew Pazhookudiyil |
| 03/08/2023 | Thursday | Fr George Perumalil |
| 04/08/2023 | Friday | Fr Sebastian Plathottathil |
| 07/08/2023 | Monday | Fr Philip Perunnatt |
| 08/08/2023 | Tuesday | Fr James Ponnambel |
| 09/08/2023 | Wednesday | Fr Martin Ponpanal |
| 10/08/2023 | Thursday | Fr Joseph Powath |
| 11/08/2023 | Friday | Fr Mathew Puliyankal |
| 14/08/2023 | Monday | Fr George Pullanithundathil |
| 16/08/2023 | Wednesday | Fr John Punnolil |
| 17/08/2023 | Thursday | Fr Thomas Puthenpurayil |
| 18/08/2023 | Friday | Fr Jose Puthiyaprambil |
| 21/08/2023 | Monday | Fr Thomas Puthoor |

| | | |
|---|---|---|
| 22/08/2023 | Tuesday | Fr James Souriamkuzhy |
| 23/08/2023 | Wednesday | Fr Thomas Souriamkuzhiyil |
| 24/08/2023 | Thursday | Fr Luke Thachaparambath |
| 25/08/2023 | Friday | Fr Mathew Thadathil |
| 11/09/2023 | Monday | Fr Mathew Tharamuttam |
| 12/09/2023 | Tuesday | Fr Philip Thazhathuveettil |
| 13/09/2023 | Wednesday | Fr James Thelliyankal |
| 14/09/2023 | Thursday | Fr Joseph Thenammackal |
| 15/09/2023 | Friday | Fr Joseph Thengumthottathil |
| 18/09/2023 | Monday | Fr John Thonnammackal |
| 19/09/2023 | Tuesday | Fr Thomas Thoompunkal |
| 20/09/2023 | Wednesday | Fr George Thumpanirappel |
| 21/09/2023 | Thursday | Fr Thomas Thycheril |
| 22/09/2023 | Friday | Fr Joseph Udayamparayil |
| 25/09/2023 | Monday | Fr Joseph Ummikkunnel |
| 26/09/2023 | Tuesday | Fr Scaria Urumbil |
| 27/09/2023 | Wednesday | Fr Thomas Urumbil |
| 28/09/2023 | Thursday | Fr Sebastian Vadakkel |
| 29/09/2023 | Friday | Fr Mathew Valavanal |

*Proto Syncellus*

## C. 68/23 തിരുനാൾ മംഗളങ്ങൾ

റവ. ഫാ. ഡോമിനിക് കോയിക്കൽ ആഗസ്റ്റ് 8
റവ. ഫാ. ഡോമിനിക് കാരിവേലിൽ ”
റവ. ഫാ. അഗസ്റ്റിൻ കുത്തനാപ്പള്ളിൽ ആഗസ്റ്റ് 28

*Bishop*

**C. 69/23**

# Eparchial Curia
## Diocese of Idukki

Ord. No. 585/2023 22-07-2023

### DECREE OF CONVOCATION OF THE EPARCHIAL ASSEMBLY

In virtue of my pastoral office and in conformity with cc.235-242 of *Code of Canons of the Eastern Churches*, I, John Nellikunnel, the bishop of the Eparchy of Idukki, hereby convoke the first Eparchial Assembly. The Assembly will be held at Atmajyothy Pastoral Centre, Adimali from 19th to 21st November, 2023 reflecting on the theme: "The Pastoral Witnessing of the Christian Life in the Families and the Missionary Role of the Youth in the Church". The Reverend Vicars of the parishes and the Superiors of the Religious Communities are requested to make this known to the people of God entrusted to their care and to do all that is required for the success of the First Eparchial Assembly.

Given from the Eparchial Curia, Idukki on 22nd July 2023

EPARCHIAL CURIA IDUKKI

Bishop John Nellikunnel
Eparchy of Idukki

Fr Thomas Panjikunnel
Chancellor

Bishop's House, Manippara P.O.
Idukki, Kerala - 685 602
curiaidukki@gmail.com
www.idukkidiocese.org
+91 9188220852

# മൈനർ സെമിനാരി

## MS. 11/23 നന്ദി

ഇടുക്കി രൂപത മൈനർ സെമിനാരിയുടെ തുടക്കം മുതൽ ഈ വർഷാരംഭം വരെ ഇക്കണോമിക്സ് അധ്യാപകനായി നിസ്വാർത്ഥമായ ശുശ്രൂഷ ചെയ്ത, അനേകം വൈദിക വിദ്യാർത്ഥികളുടെ രൂപികരണത്തിൽ സഹകാരിയായ ശ്രീ. ബൈജു ലൂക്കോസ് സാറിന് സെമിനാരി കുടുംബത്തിന്റെയും നന്ദിയും കടപ്പാടും അറിയിക്കുന്നു.

## MS. 12/23 സ്വാഗതം

പുതിയ സ്റ്റാഫ് അംഗങ്ങളായി സെമിനാരിയിൽ ചാർജ്ജ് എടുത്തിരിക്കുന്ന ശ്രീ. ജോഷി എമ്പ്രയിലിനും ഫാ. ജിൻസ് കാരക്കാട്ടിനും സ്വാഗതം ആശംസിക്കുന്നു.

## MS. 13/23 ദുക്റാന

ബഹു. തോമസ് പുത്തൂർ അച്ചൻ മുഖ്യ കാർമ്മികനായി റാസ കുർബ്ബാനയും, ബഹു. ഫാ. ഫ്രാൻസിസ് ഇടവക്കണ്ടം മുഖ്യാതിഥിയായി നടത്തിയ മീറ്റിംഗും ബ്രദേഴ്സിന്റെ കലാപരിപാടികളും ദുക്റാന തിരുനാൾ അവിസ്മരണീയമാക്കി.

## MS. 14/23 സെമിനാർ

ജൂലൈ 8 ശനിയാഴ്ച റവ. സി. ദീപറോസ് SD നയിച്ച മോട്ടിവേഷണൽ ക്ലാസും ജൂലൈ 9 ഞായറാഴ്ച ശ്രീ. ഷാജി മാലിപ്പാറ നടത്തിയ കഥയുടെ ചിറകിൽ എന്ന വിഷയത്തിലൂന്നിയ സെമിനാറും വളരെ പ്രയോജനകരമായിരുന്നു.

## MS. 15/23 വാർഷിക ധ്യാനം

ജൂലൈ 9-14 വരെ വൈദികവിദ്യാർത്ഥികൾ വാർഷിക ധ്യാനത്തിലായിരുന്നു. ബഹു. ഫാ. സോനു കുളത്തൂർ VC യായിരുന്നു ധ്യാന ഗുരു.

# സന്ന്യസ്തർ

## 1. എഫ്.സി.സി. സന്ന്യാസിനീസമൂഹം (FCC)

- ❖ മണിപ്പൂരിൽ കലാപത്തിനിരയായ ക്രൈസ്തവ സഹോദരങ്ങളോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുവാൻ ഇടുക്കി രൂപതയുടെ ആഭിമുഖ്യത്തിൽ നടത്തിയ പ്രാർത്ഥനാ യജ്ഞത്തിലും പ്രതിഷേധ ധർണയിലും പ്രൊവിൻഷ്യൽ സുപ്പീരിയർ സി. സുഗുണയും കൗൺസിലേഴ്സും ധാരാളം സിസ്റ്റേഴ്സും പങ്കെടുത്തു.
- ❖ കാക്കനാട് മൗണ്ട് സെന്റ് തോമസിൽ വച്ച് നടത്തപ്പെട്ട 'സെന്റ് തോമസ് ഡേ' ആഘോഷ പരിപാടികളിൽ പ്രൊവിൻഷ്യൽ കൗൺസിലർ സി. ഷാലെറ്റ് പങ്കെടുത്തു.
- ❖ ജോസ്ഗിരി ഇടവകയിലെ മാതൃവേദി അംഗങ്ങൾക്ക് 'സുശക്ത മാതൃത്വം സുരക്ഷിത തലമുറയ്ക്ക്' എന്ന വിഷയത്തെ അടിസ്ഥാനമാക്കി സി. ജൂലി ക്ലാസ് എടുത്തു.
- ❖ വെള്ളയാംകുടി നിർമ്മൽ ജ്യോതി പബ്ലിക് സ്കൂൾ, അസീസി സ്പെഷ്യൽ സ്കൂൾ എന്നിവിടങ്ങളിലെ ജനറൽ പി.ടി.എ. മീറ്റിഗിൽ സി. സുഗുണ അധ്യക്ഷത വഹിച്ചു.
- ❖ 'കുട്ടികളിലെ വൈകല്യങ്ങൾ' എന്ന വിഷയത്തെക്കുറിച്ച് അസീസി സ്പെഷ്യൽ സ്കൂളിലെ കുട്ടികളുടെ മാതാപിതാക്കൾക്ക് ജനറൽ പി.ടി.എ. മീറ്റിങ്ങിനോടനുബന്ധിച്ച് സി. ഡയോണ ക്ലാസ് എടുത്തു.
- ❖ ബഹുമാനപ്പെട്ട ജോൺസൺ ചെറുകുന്നേൽ അച്ചന്റെ വത്സല മാതാവിന്റെ മൃതസംസ്കാര ചടങ്ങുകളിൽ സിസ്റ്റേഴ്സ് പങ്കെടുത്തു.
- ❖ സി. ജീസയുടെ നേതൃത്വത്തിൽ മൂങ്ങാപ്പാറ പ്രദേശത്തെ വിധവകളെ ഒരുമിപ്പിച്ചു ചേർത്ത് സ്ത്രീ ശാക്തീകരണത്തെക്കുറിച്ച് ക്ലാസ്സ് എടുക്കുകയും അവരുടെ ഗ്രൂപ്പ് രൂപീകരിച്ച് ക്രിയാത്മകമായ കർമ്മ പദ്ധതികൾ പ്ലാൻ ചെയ്യുകയും ചെയ്തു.
- ❖ അൽഫോൻസാ ഹോസ്പിറ്റലിന്റെ നേതൃത്വത്തിൽ സ്ലീവാമല ഇടവകയിൽ ക്യാൻസർ അവയർനസ് പ്രോഗ്രാമും ശാന്തൻപാറ,

വെള്ളയാംകുടി എന്നീ ഇടവകകളിൽ ക്യാൻസർ സ്ക്രീനിങ് ക്യാമ്പും നടത്തി.

❖ ഇടുക്കി രൂപത കാര്യാലയത്തിൽ വച്ച് നടത്തിയ ഗുഡ് സമരിറ്റൻ പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ വോളൻടിയേഴ്സ് മീറ്റിങ്ങിൽ സി. സുഗുണ, സി. റോസിൻ ജോസ് എന്നിവർ പങ്കെടുത്തു.

❖ സി. സുഗുണയുടെ നേതൃത്വത്തിൽ ഭൂമിയാംകുളം ഇടവകയിൽ പാലിയേറ്റീവ് കെയർ യൂണിറ്റ് ആരംഭിക്കുകയും വേണ്ട മാർഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

❖ മുരിക്കാശ്ശേരി ഇടവക വികാരി റവ. ഫാ. ജോസ് നരിതൂക്കിലിന്റെ നേതൃത്വത്തിൽ നടത്തിയ പാലിയേറ്റീവ് കെയർ യൂണിറ്റ് വോളൻ ടിയേഴ്സ് മീറ്റിംങ്ങിൽ സിസ്റ്റേഴ്സ് പങ്കെടുത്തു. ഇടുക്കി രൂപത പാലിയേറ്റീവ് കെയർ യൂണിറ്റ് ഡയറക്ടർ റവ. ഫാ. സെബാസ്റ്റ്യൻ കൊച്ചുപുരയ്ക്കൽ ക്ലാസ് നയിച്ചു.

❖ ലോക വയോജന ദിനാചരണത്തിന്റെ ഭാഗമായി അൽഫോൻസ ഹോസ്പിറ്റലിലെ സിസ്റ്റേഴ്സ് അഡ്മിനിസ്ട്രേറ്റർ സി. ഷാന്റി ക്ലെയറിന്റെ നേതൃത്വത്തിൽ മുരിക്കാശ്ശേരിയിലും പരിസരപ്രദേശ ങ്ങളിലുമുള്ള വൃദ്ധ മാതാപിതാക്കളെ സന്ദർശിച്ച് സ്നേഹോപ ഹാരങ്ങൾ നൽകി ആദരിക്കുകയും ആവശ്യമായ മെഡിക്കൽ സഹായങ്ങൾ നൽകുകയും ചെയ്തു.

❖ സി. മെർളിയുടെ നേതൃത്വത്തിൽ ജോസ്ഗിരി ഇടവകയിലെ സ ൺഡേ സ്കൂൾ കുട്ടികൾക്കായി നടത്തിയ മഡോണ റിട്രീറ്റിൽ 121 കുട്ടികൾ പങ്കെടുത്തു. റവ. ഫാ. ജോസ് വലിയവീട്ടിൽ അഭി ഷേക പ്രാർത്ഥനയ്ക്ക് നേതൃത്വം നൽകി.

## 2. ആരാധനാ സന്ന്യാസിനീ സമൂഹം (SABS)

❖ ഇടുക്കി SABS ജയ്മാതാ പ്രൊവിൻസ്, ഷന്താൾ മൊബൈൽ പാലി യേറ്റീവ് ക്ലിനിക് എന്ന പേരിൽ ഒരു പുതിയ സംരംഭം ആരംഭിച്ചു.

❖ ഇടുക്കി രൂപതയിൽ കിടപ്പു രോഗികളെയും, ആരും ശുശ്രൂഷി ക്കാനില്ലാത്തവരെയും സന്ദർശിച്ച് ആവശ്യമായ ശുശ്രൂഷകൾ ചെയ്യുവാനും ആഴ്ചയിൽ ഒരു ദിവസം ഇടുക്കി മെഡിക്കൽ കോ ളേജിലെ കിടപ്പു രോഗികളെ ശുശ്രൂഷിക്കാനുമായി സി. ലീനാ മരിയായുടെ നേതൃത്വത്തിലുള്ള സിസ്റ്റേഴ്സ് കർമ്മനിരതരാണ്.

ഈ ശുശ്രൂഷയ്ക്കായി ഒരു വാഹനവും പ്രത്യേകം പ്രയോജന പ്പെടുത്തുന്നു . ജൂലൈ 4-ാം തീയതി ഈ പുതിയ സംരംഭത്തിന് തുടക്കം കുറിച്ചു.

❖ ബഹുമാനപ്പെട്ട പ്രൊവിൻഷ്യാളമ്മ മദർ ലിറ്റി ഉപ്പുമാക്കൽ, പ്രൊ വിൻഷ്യൽ കൗൺസിലർ സി. ആൻസ് മരിയ കാട്ടിപ്പുരക്കൽ എന്നിവർ അരുണാചൽ പ്രദേശിലെ മിഷൻ പ്രദേശങ്ങൾ സന്ദർ ശിച്ചു.

❖ KCBC Women's Commission ന്റെ നേതൃത്വത്തിൽ കരിമ്പൻ ബിഷപ്പ് ഹൗസിൽ വച്ച് നടന്ന എക്സിക്യൂട്ടീവ് മീറ്റിംഗിൽ സി. ആൽബിൻ കാക്കനാട്ട് പങ്കെടുത്തു.

❖ ഇടുക്കി രൂപത KCYM സംഘടിപ്പിച്ച 'ക്രൈസ്തവ സ്ഥാപനങ്ങൾക്ക് നേരെയുള്ള അക്രമത്തിന് പിന്നിലെ തിരക്കഥ ആരുടേത്' എന്ന വിഷയത്തെ ആസ്പദമാക്കി നടന്ന ഗൂഗിൾ മീറ്റിൽ സിസ്റ്റേ ഴ്സ് പങ്കെടുത്തു.

❖ Syro Malabar Catechetical Commission ഈ വർഷം നടത്തിയ 'Sacraments and Sacramentals of the Syro Malabar Church' എന്ന Online Catechetical Session ൽ ധാരാളം സിസ്റ്റേഴ്സ് സംബ ന്ധിച്ചു.

❖ മണിപ്പൂരിൽ വേദനയനുഭവിക്കുന്നവരോടു ഐക്യദാർഢ്യം പ്ര ഖ്യാപിച്ചുകൊണ്ട് ചേലച്ചുവട് ടൗണിൽ നടത്തിയ പ്രാർത്ഥനാ യജ്ഞത്തിൽ ധാരാളം സിസ്റ്റേഴ്സ് പങ്കെടുത്തു.

❖ സി.അൽഫോൻസ് കടമ്പനാട്ട് നെടുങ്കണ്ടം കരുണ ആനിമേഷൻ സെന്റർ, വെണ്മണി മോറിയ ആശ്രമം, എന്നിവിടങ്ങളിൽ വച്ച് നടന്ന ധ്യാനങ്ങളിൽ കൗൺസിലിംഗ് നൽകി സഹായിച്ചു.

❖ വി. കുർബാനയുടെ ആരാധനാ സന്യാസിനീ സമൂഹത്തിന്റെ സ്ഥാപകനായ വന്ദ്യ പിതാവ് ധന്യൻ മാർ തോമസ് കുര്യാളശ്ശേരി യുടെ നൂറ്റിയൻപതാം ചരമവാർഷികത്തിന്റെ ഓർമ്മക്കായി ഇടുക്കി ജയ് മാതാ പ്രൊവിൻസിൽ നിന്നും സിസ്റ്റേഴ്സിന്റെ കൂട്ടായ പരി ശ്രമത്തിലൂടെ 'അരികിലായ് ' എന്ന പേരിൽ ഒരു video album ചെയ്തു. Lyrics, Music, Vocal എന്നിവ നിർവഹിച്ചത് സി. അഞ്ചു മരിയ മാനത്തൂർ, Chorus പാടിയത് സി. അലീന കുമ്മിണിയിൽ.

❖ കരിമ്പൻ ബിഷപ്പ് ഹൗസിൽ വച്ച് നടന്ന പാലിയേറ്റീവ് കെയർ

യൂണിറ്റ് അംഗങ്ങളുടെ മീറ്റിങ്ങിൽ സി. ആൻസ് മരിയ, സി. ലീന മരിയ എന്നിവർ പങ്കെടുത്തു.

❖ വിമലഗിരി, കാമാക്ഷി എന്നീ പള്ളികളിൽ വച്ച് നടത്തിയ മതപഠനം പഠിക്കുന്ന കുട്ടികളുടെ PTA മീറ്റിങ്ങിൽ സി. അൽഫോൻസ് കടമ്പനാട്ട് ക്ലാസെടുത്തു.

❖ യൂക്കിരിസ്റ്റിക് മിനിസ്ട്രിയുടെ നേതൃത്വത്തിൽ വിവിധ ഇടവകകളിലെ ആദ്യകുർബാന സ്വീകരിച്ച കുട്ടികളുടെ ഒരു സംഗമം എയ്ഞ്ചൽസ് മീറ്റ് എന്ന പേരിൽ തങ്കമണി മഠത്തിൽ വച്ച് നടത്തി.

❖ പാണ്ടിപ്പാറ പള്ളിയിൽവച്ച് നടന്ന കുടുംബക്കൂട്ടായ്മ ഭാരവാഹികളുടെ മീറ്റിംഗിൽ സി.അൽഫോൻസ് കടമ്പനാട്ട് സംബന്ധിച്ചു.

❖ SABS ജയ്മാത ധ്യാനടീമിന്റെ നേതൃത്വത്തിൽ വാഴത്തോപ്പ് ഇടവകയിൽ ഒന്നു മുതൽ ആറുവരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കായി ഏകദിന സെമിനാർ നടത്തി.

❖ സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ കുതിരക്കല്ല് ഇടവകയിലെ നവോമി സംഘടനയിലെ (വിധവകൾ) അമ്മമാർ മുരിക്കാശ്ശേരി സ്നേഹഭവൻ സന്ദർശിക്കുകയും സഹായങ്ങൾ നൽകുകയും ചെയ്തു.

### 3. കർമ്മലമാതാവിന്റെ സന്ന്യാസിനീ സമൂഹം (CMC)

❖ മണിപ്പൂർ കലാപം അനുദിനം ആളിക്കത്തി കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ സി.എം.സി. സന്യാസി സമൂഹം ഒരുമിച്ച് ജൂൺ 21 മുതൽ ജൂലൈ 15 വരെ ഒരു മണിക്കൂർ ആരാധന, ജപമാല, മറ്റ് പ്രായശ്ചിത്ത പ്രവർത്തികൾ എന്നിവയിലൂടെ അവിടെ സമാധാനം സംജാതമാകുന്നതിനായി പ്രാർത്ഥിച്ചു.

❖ പരിശുദ്ധ കർമ്മല മാതാവിന്റെ തിരുനാളിനോട് അനുബന്ധിച്ച് ജൂലൈ എട്ടാം തീയതി പ്രൊവിൻഷ്യൽ ഹൗസിലും എല്ലാ മഠങ്ങളിലും പരിഹാരത്തിന്റെയും വിശുദ്ധീകരണത്തിന്റെയും ദിനമായി ആചരിച്ചുകൊണ്ട് 13 മണിക്കൂർ ആരാധന നടത്തി പ്രാർത്ഥിച്ചു.

❖ POC പാലാരിവട്ടത്ത് വച്ച് KCBC സംഘടിപ്പിച്ച രണ്ട് ദിവസത്തെ ജാഗ്രതാസെൽ മീറ്റിങ്ങിൽ വികർ പ്രൊവിൻഷ്യൽ സിസ്റ്റർ ജാൻസീന പങ്കെടുത്തു.

❖ മൗണ്ട് സെന്റ് തോമസ് കാക്കനാട് കുരിയാ ബിഷപ് മാർ സെബാ

സ്റ്റ്യൻ വാണിയപ്പുരയ്ക്കൽ പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിക്കുകയും പ്രാർത്ഥിക്കുകയും സൗഹൃദം പങ്കിടുകയും ചെയ്തു.

❖ ക്രീസ്റ്റീൻ ടീമിന്റെ നേതൃത്വത്തിൽ S.X. LPS നെല്ലിപ്പാറയിൽ രണ്ട് ദിവസത്തെ ധ്യാനം നടത്തി.

❖ ചെറുപുഷ്പ മിഷൻ ലീഗ് കൂമ്പൻപാറ മേഖലയുടെയും CMC വിശ്വാസരൂപീകരണ വകുപ്പിന്റെയും ആഭിമുഖ്യത്തിൽ ഹൈസ്കൂൾ കുട്ടികൾക്കായി രണ്ട് ദിവസത്തെ ക്യാമ്പ് സംഘടിപ്പിച്ചു. റവ. ഫാ. ജോസഫ് വെളിഞ്ഞാലിൽ ഉദ്ഘാടനം ചെയ്ത ക്യാമ്പിൽ സി. മേബിൾ ആശംസകൾ നേർന്ന് സംസാരിച്ചു. സി. റീമാ, സി. നിത്യ, സി. റോസിൻ, സി. സെറിൻ, സി. അഞ്ജന, സി. തെരേസ എന്നിവർ നേതൃത്വം നൽകി.

❖ പീഡനമനുഭവിക്കുന്ന മണിപ്പൂർ നിവാസികളോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച് കൊണ്ട് രൂപതയുടെ ആഭിമുഖ്യത്തിൽ ചേലച്ചുവട് ടൗണിൽ നടന്ന പ്രാർത്ഥനായജ്ഞത്തിലും പ്രതിഷേധ യോഗത്തിലും ബഹു. പ്രൊവിൻഷ്യൽ സുപ്പീരിയർ സി.ആനി പോൾ, കൗൺസിലേഴ്സ്, സിസ്റ്റേഴ്സ് തുടങ്ങിയവർ സംബന്ധിച്ചു.

❖ ജൂലൈ 3 ന് മൗണ്ട് സെന്റ് തോമസ് കാക്കനാട് വച്ച് നടന്ന സഭാദിനാഘോഷ പരിപാടികളിൽ ബഹു. പ്രൊവിൻഷ്യൽ സുപ്പീരിയർ സി. ആനി പോൾ, സി. മേബിൾ, സി. ഡെൻസി എന്നിവർ പങ്കെടുത്തു. ആഘോഷമായ റാസ കുർബാനയും പൊതുസമ്മേളനവും സ്നേഹവിരുന്നും ആഘോഷത്തെ അനുഗ്രഹപ്രദമാക്കി.

❖ സെന്റ് ജോർജ് സൺഡേ സ്കൂൾ കാൽവരി മൗണ്ടിൽ ഒന്നു മുതൽ 9 വരെ ക്ലാസിലെ കുട്ടികൾക്കായി ക്രിസ്റ്റീൻ ടീമിന്റെ നേതൃത്വത്തിൽ Spritual empowerment Programm നടന്നു. എല്ലാ കുട്ടികളും വളരെ നന്നായി പങ്കെടുത്തു. അതിനുള്ള അനുഗ്രഹീത സാഹചര്യം ഒരുക്കുന്നതിൽ വികാരിയച്ചനും, സിസ്റ്റേഴ്സും ശ്രദ്ധിച്ചു.

❖ ചെറുകുന്നേൽ ജോൺസണച്ചന്റെ അമ്മയുടെ നിര്യാണത്തിൽ പ്രൊവിൻഷ്യൽ കൗൺസിലേഴ്സ് വീട് സന്ദർശിച്ചു പ്രാർത്ഥിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു.

❖ ഇടുക്കി രൂപത ചെറുപുഷ്പ മിഷൻ ലീഗ് ജോയിന്റ് ഡയറക്ടറായി

സി. സ്റ്റാർലെറ്റ് ചാർജെടുത്തു. സിസ്റ്ററിന് ആശംസകളും അനുമോദനങ്ങളും പ്രാർത്ഥനകളും നേരുന്നു.

❖ Large family gathering പാറത്തോട്, മച്ചിപ്ലാവ്, വാഴത്തോപ്പ്, രാജകുമാരി എന്നിവിടങ്ങളിൽ വച്ച് നടന്നു. സംഘങ്ങളുടെ ചാർജ് ഉള്ള സിസ്റ്റേഴ്സ് നേതൃത്വം നൽകി.

❖ പരിശുദ്ധ കർമ്മലമാതാവിന്റെ തിരുനാൾ സമുചിതമായി ആഘോഷിച്ചു. റവ. ഫാ വികാസ് CMI ആഘോഷമായ ദിവ്യബലിയർപ്പിച്ച് പ്രാർത്ഥിച്ചു, സന്ദേശം നൽകി. കൂമ്പൻപാറ ഫൊറോനയിലുള്ള അച്ചൻമാരും, സിസ്റ്റേഴ്സും പ്രൊവിൻഷ്യൽ ഹൗസിൽ വന്ന് ആശംസകളർപ്പിക്കുകയും സ്നേഹവിരുന്നിൽ പങ്കെടുക്കുകയും ചെയ്തു.

❖ 17-ാം തീയതി പ്രോവിൻസ് ഡേ ആഘോഷം നടന്നു. അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവ് ആഘോഷമായ ബലിയർപ്പിച്ച് പ്രാർത്ഥിക്കുകയും സന്ദേശം നൽകുകയും ചെയ്തു. സ്നേഹവിരുന്നും മൽസരങ്ങളും പൊതുസമ്മേളനവും ആഘോഷത്തെ കൃപയുള്ളതാക്കി.

❖ സമന്വയ കൗൺസിലിംഗ് സെന്ററിന്റെയും FPO യുടെയും സംയുക്താഭിമുഖ്യത്തിൽ സ്ത്രീകൾക്കായി ചക്ക കൊണ്ടുള്ള ഉൽപന്നങ്ങൾ തയ്യാറാക്കാൻ പരിശീലനം നൽകി.

❖ നെടുംങ്കണ്ടം CEON ചാരിറ്റബിൾ സൊസൈറ്റി Anti-Drugs Day യോടനുബന്ധിച്ച് School കുട്ടികൾക്ക് ലഹരി വിമുക്ത ലോകം എന്ന വിഷയത്തിൽ Poster competition നും SHG, Sarathy അംഗങ്ങൾക്ക് Ouiz competition നും നടത്തി. വിജയികൾക്ക് ക്യാഷ് പ്രൈസ് സമ്മാനം കൊടുത്തു.

❖ Sr. Claris തൊടുപുഴ വിഞ്ജാന മാതാ ദൈവാലയത്തിൽ Sunday School PTA യ്ക്ക് ക്ലാസ് എടുത്തു.

❖ മച്ചിപ്ലാവ് കാർമ്മൽ ജ്യോതി സ്പെഷ്യൽ സ്കൂളിൽ കർമ്മലമാതാവിന്റെ തിരുനാളാഘോഷം ബഹു. മർക്കോസ് ചിറ്റേമാരിയച്ചന്റെ സാന്നിദ്ധ്യത്തിൽ നടന്നു. സ്കൂളിലെ മുതിർന്ന കുട്ടികൾ തൊഴിലുറപ്പിലൂടെ സമ്പാദിച്ച പണം ഉപയോഗിച്ച് ഇവിടുത്തെ 150 പേർക്ക് ഭക്ഷണം നൽകി തിരുനാൾ ആഘോഷമാക്കി.

❖ കർമ്മലമാതാവിന്റെ തിരുനാൾ ദിനത്തിൽ അഭിവന്ദ്യ മാർ ജോൺ

നെല്ലിക്കുന്നേൽ പിതാവ് അമൽജ്യോതി സ്പെഷ്യൽ സ്കൂളിലെ കുട്ടികൾക്കൊപ്പം ആഘോഷങ്ങളിൽ പങ്കുചേർന്നു.

- ❖ ജർമ്മനിയിലെ ബർലിനിൽ വച്ച് നടന്ന അന്താരാഷ്ട്ര സ്പെഷ്യൽ ഒളിമ്പിക്സിൽ ഹാൻഡ് ബോൾ മൽസരത്തിൽ പൈനാവ് അമൽ ജ്യോതിയുടെ ശ്രീക്കുട്ടി നാരായണന് സിൽവർ മെഡൽ ലഭിച്ചു. 196 രാജ്യങ്ങളിൽ നിന്ന് 6000-ത്തിൽപരം ഭിന്നശേഷിക്കാരായ കുട്ടികൾ പങ്കെടുത്ത മൽസരത്തിൽ നിന്നാണ് ശ്രീക്കുട്ടി മെഡൽ നേടി ഇടുക്കിയുടെ അഭിമാനമായത്. ശ്രീക്കുട്ടിയെ ക്യാഷ് അവാർഡ് നൽകി ആദരിച്ചു.
- ❖ ജർമ്മനിയിൽ നടന്ന സ്പെഷ്യൽ ഒളിമ്പിക്സിൽ ടെന്നീസിൽ നാലാം സ്ഥാനം നേടിയ മച്ചിപ്ലാവ് കാർമ്മൽ ജ്യോതിയിലെ അനുമോൾ ടോമിക്ക് അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.
- ❖ ആനവിരട്ടിയിൽ പ്രവർത്തിക്കുന്ന മച്ചിപ്ലാവ് കാർമ്മൽ ജ്യോതിയുടെ റീഹാബിലിറ്റേഷൻ സെന്റർ കുരിയ ബിഷപ് മാർ സെബാസ്റ്റ്യൻ വാണിയപുരയ്ക്കൽ സന്ദർശിച്ച് പ്രാർത്ഥനകളും ആശംസകളും അറിയിച്ചു.

## 4. തിരുഹൃദയ സന്ന്യാസിനീ സമൂഹം (SH)

- ❖ മണിപ്പൂരിലെ ജനതയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് ഇടുക്കി രൂപതയുടെ ആഭിമുഖ്യത്തിൽ ജൂലൈ 1-ാം തീയതി ചേലച്ചുവട് ടൗണിൽ വച്ചു നടന്ന പ്രാർത്ഥനായഞ്ജത്തിലും പ്രതിഷേധ ധർണയിലും സിസ്റ്റേഴ്സ് സംബന്ധിച്ചു.
- ❖ മണിപ്പൂരിലെ കലാപം അവസാനിക്കുന്നതിനും ശാന്തിയും സമാധാനവും കൈവരുന്നതിനുമായുള്ള പ്രത്യേകനിയോഗത്തോടെ ജൂൺ 28, 29, 30 തീയതികളിൽ പ്രോവിൻസ് തലത്തിൽ അഖണ്ഡാരാധനയും ഉപവാസവും നടത്തപ്പെട്ടു.
- ❖ മണിപ്പൂരിലെ ജനതയ്ക്കായി ഇടവകാതലത്തിൽ നടത്തപ്പെട്ട ആരാധനയ്ക്കും റാലിയ്ക്കും സിസ്റ്റേഴ്സ് സംബന്ധിച്ച് നേതൃത്വം നല്കി.
- ❖ ജൂലൈ 3, 4, 5 തീയതികളിൽ രാജമുടി പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് Indian Association of Clinical Psychologist Kerala Region-ന്റെ ആഭിമുഖ്യത്തിൽ Innovative Methods on Short-Term Dynamic

Psychotherapy എന്ന വിഷയത്തെ ആസ്പദമാക്കി 3 Days Intensive National Workshop നടത്തപ്പെട്ടു. മാനസീകാരോഗ്യമേഖലയിൽ പ്രത്യേക വൈദഗ്ധ്യം നേടിയിട്ടുള്ള ക്ലിനിക്കൽ സൈക്കോളജി സ്റ്റുകളും സൈക്യാട്രിസ്റ്റുകളും പങ്കെടുത്ത ഈ Workshop ഇടുക്കി ജില്ലാ സബ് കളക്ടർ ഡോ. അരുൺ എസ്. നായർ IAS ഉദ്ഘാടനം ചെയ്തു.

❖ മുരിക്കുംതൊട്ടി, പൊട്ടൻകാട്, ചെമ്മണ്ണാർ, രാജകുമാരി ഇടവകകളിലെ മാതൃദീപ്തി അംഗങ്ങൾക്ക് സി. ട്രീസ കൊച്ചുപറമ്പിൽ എസ്.എച്ച്. ക്ലാസ്സുകൾ എടുത്തു.

❖ പൊൻമുടി ഇടവകയിലെ മാതൃദീപ്തി അംഗങ്ങൾക്ക് കുടുംബം വിശ്വാസ ജീവിതത്തിൽ എന്ന വിഷയത്തെ ആസ്പദമാക്കി സി. മേരി കൂനമ്മാക്കൽ എസ് എച്ച് ക്ലാസ്സ് എടുത്തു.

❖ പൊൻമുടി ഇടവകയിലെ മിഷൻലീഗ് കുട്ടികൾക്ക് വി. കുർബാനയും വിശ്വാസ ജീവിതവും എന്ന വിഷയത്തെ ആസ്പദമാക്കി സി. ആൻമേരി കീരംചിറ എസ് എച്ച് ക്ലാസ്സ് എടുത്തു.

❖ സി. അൻസ തുണ്ടത്തിക്കുന്നേൽ എസ് എച്ച്, സി. ദിവ്യ മുകളേൽ എസ് എച്ച് എന്നിവർ മിഷൻലീഗിന്റെ ഇരട്ടയാർ റീജിയനിലും നാരകക്കാനം സെന്റ് ജോസഫ് സ്കൂളിലെ കുട്ടികൾക്കും കൂമ്പൻപാറ ഇടവകയിലെ 1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾക്കും ക്ലാസ്സുകൾ എടുത്തു.

❖ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് റവ. ഫാ. ജോൺ ആനിക്കോട്ടിലിന്റെ സുവർണ്ണ ജൂബിലിയാഘോഷിച്ചു. വിവിധ കമ്യൂണിറ്റികളിൽ നിന്നുള്ള സിസ്റ്റേഴ്സ് വി. കുർബാനയിലും ജൂബലി ആഘോഷത്തിലും സംബന്ധിച്ചു.

❖ വെൺമണിയിലെ നേഴ്സറി കുട്ടികളുടെ മാതാപിതാക്കൾക്ക് കുട്ടികളുടെ വളർച്ചയിൽ മാതാപിതാക്കൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്ന വിഷയത്തെ ആസ്പദമാക്കി സി. മെർലി കൊന്നയ്ക്കൽ എസ് എച്ച് ക്ലാസ്സ് എടുത്തു.

❖ ബഹു. പ്രൊവിൻഷ്യൽ സുപ്പീരിയർ ഡോ. സി. ടെസ്ലിൻ ജോസഫ് കൂനംപാറയിൽ എസ് എച്ച് ജൂലൈ 8 ന് അമേരിയ്ക്കയ്ക്ക് പോയി.

❖ ജൂലൈ 25-ാം തീയതി എസ്.എം.സി യുടെ ആഭിമുഖ്യത്തിൽ പി.ഒ.സി. യിൽ വച്ചു നടന്ന വൊക്കേഷൻ പ്രൊമോട്ടേഴ്സിന്റെ ആനുവൽ മീറ്റിംഗിൽ സി. ലിസ്ബത്ത് ചക്കാലയിൽ എസ്.എച്ച്. സംബന്ധിച്ചു.

❖ നെടുങ്കണ്ടം കരുണ ഡിവൈൻ മേഴ്സി റിട്രീറ്റ് സെന്ററിന്റെ ആഭിമുഖ്യത്തിൽ എല്ലാ മാസവും രണ്ടാം ശനിയാഴ്ചകളിൽ നടത്തി വരുന്ന കുട്ടികളുടെ ഏകദിന കൺവെൻഷനിൽ സി. സ്നേഹ മൂക്കൻതോട്ടത്തിൽ എസ്.എച്ച്. കുട്ടികൾക്കായി കൗൺസലിംഗ് നല്കി വരുന്നു.

❖ എം.എസ്.റ്റി. സഭയുടെ ജനറാൾ അച്ചനും ടീം അംഗങ്ങളും പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിച്ചു.

❖ വട്ടവടയിൽ സി. ട്രീസ മേരി കൊച്ചുപുരയ്ക്കലിന്റെ നേതൃത്വത്തിൽ വിധവാ സംഗമം നടത്തപ്പെട്ടു. 25 പേർ സംഗമത്തിൽ പങ്കെടുത്തു.

❖ ജൂലൈ 26 മുതൽ 31 വരെ Portugal-se Minde - യിൽ വച്ചു നടന്ന സീറോ മലബാർ യൂത്ത് ഫെസ്റ്റിവലിൽ സി. ലിസ് മരിയ തകിടിയേൽ എസ്.എച്ച്. സംബന്ധിച്ചു.

❖ ബ്ലഡ് ഡൊണേഷൻ ദിനത്തോടനുബന്ധിച്ച് പതിനാറാംകണ്ടം ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂളിലെ വിദ്യാർത്ഥികൾക്ക് നവജ്യോതി ചാരിറ്റബിൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ ബോധവൽക്കരണ ക്ലാസ്സ് നല്കി.

❖ നവജ്യോതി ചാരിറ്റബിൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ എഴുകുംവയലിൽ തയ്യൽ പരിശീലന കോഴ്സും നാരകക്കാനത്ത് പലഹാരനിർമ്മാണ പരിശീലന കോഴ്സും വെൺമണിയിൽ ഹാൻഡ് എംബ്രോയിഡറി കോഴ്സും പൊന്മുടിയിൽ ബ്യൂട്ടീഷൻ കോഴ്സും അവയുടെ അസസ്സ്മെന്റും നടത്തപ്പെട്ടു.

❖ നവജ്യോതി ചാരിറ്റബിൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ 11 ഇടവകകളിലെ 55 വയസ്സിൽ താഴെ പ്രായമുള്ള നിർധന കുടുംബത്തിൽപ്പെട്ട 33 വിധവകളുടെ ഭവനങ്ങൾ സോഷ്യൽ വർക്ക് കൗൺസിലർ സി. ആൻമേരി കീരംചിറയുടെ നേതൃത്വത്തിൽ സന്ദർശിച്ച് അവരുടെ സാമൂഹിക സാമ്പത്തിക ആവശ്യങ്ങൾ മനസ്സിലാക്കി തുടർപദ്ധതികൾ പ്ലാൻ ചെയ്തു.

❖ രാജമുടി, അടിമാലി, നെടുങ്കണ്ടം എന്നീ സോണുകളിൽ സോഷ്യൽ വർക്കിന്റെ സോണൽ മീറ്റിംഗുകൾ നടത്തി പ്രവർത്തനങ്ങൾ വിലയിരുത്തുകയും 2023 -24 വർഷത്തെ പദ്ധതികൾ തയ്യാറാക്കുകയും ചെയ്തു.

❖ നവജ്യോതി ചാരിറ്റബിൾ സൊസൈറ്റിയും ജൻശിക്ഷൺ സൻസ്ഥാനും സംയുക്തമായി മഞ്ഞപ്പാറയിൽ സംഘടിപ്പിച്ച തയ്യൽ കോഴ്സ് പൂർത്തിയാക്കിയവർക്ക് സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

❖ വിധവാ ദിനത്തോട് അനുബന്ധിച്ച് നവജ്യോതി ചാരിറ്റബിൾ സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ തണൽ വിഡോസ് പ്രോഗ്രാം സംഘടിപ്പിച്ചു. തെരഞ്ഞെടുക്കപ്പെട്ട 37 പേർ നാലു സോണുകളിൽ നിന്നായി പങ്കെടുത്തു. ലൈഫ് സ്കിൽ ട്രെയിനറും ജെ.സി.ഐ. മെമ്പറുമായ ജിനോ സ്കറിയ ക്ലാസ്സുകൾക്കും വിവിധ തരം വിനോദ പരിപാടികൾക്കും നേതൃത്വം നല്കി.

### 5. അഗതികളുടെ സഹോദരിമാരുടെ സന്ന്യാസിനീ സമൂഹം (SD)

❖ കെഎസ്ഇബിസി ജാഗ്രത കമ്മീഷൻ മീറ്റിങ്ങിൽ സിസ്റ്റർ ഗ്ലാഡി, സിസ്റ്റർ ജോസിയ, സിസ്റ്റർ ലിസ്നി, സിസ്റ്റർ ലിസ്യു എന്നിവർ പങ്കെടുത്തു.

❖ പാണ്ടിപ്പാറയിൽ വച്ച് നടന്ന സോണൽ മീറ്റിങ്ങിൽ എജുക്കേഷൻ കൗൺസിലർ സിസ്റ്റർ മരിയറ്റിന്റ feast ആഘോഷിച്ചു. തദവസരത്തിൽ ഫാ. ജോസി പുതുപ്പറമ്പിൽ വിശുദ്ധ കുർബാനയെ കുറിച്ചുള്ള ക്ലാസ് എടുത്തു. വിവിധ മഠങ്ങളിൽ നിന്ന് സിസ്റ്റേഴ്സ് പങ്കെടുത്തു

❖ മുരിക്കാശ്ശേരി ഇടവകയിലെ മാതൃദീപ്തി അംഗങ്ങൾക്കായി സിസ്റ്റർ മരിയ എസ് ഡി ക്ലാസ് എടുത്തു. ഇരുന്നൂറോളം അമ്മമാർ പങ്കെടുത്തു.

❖ വണ്ണപ്പുറം പെരുമണ്ണൂർ തുടങ്ങിയ വിവിധ ഇടവകകളിൽ എസ്.ഡി. സിസ്റ്റേഴ്സ് മഡോണ വിധവാ സംഗമം നടത്തി.

❖ പണിക്കൻകുടി ക്യൂൻമേരി പബ്ലിക് സ്കൂളിൽ ജൂൺ 27, 28, 29

തീയതികളിൽ കുട്ടികൾക്കായി Spirtual Animation days നടത്തി. കോട്ടയം കളത്തുകുടി ടീം ആണ് നയിച്ചത്.

❖ കുതിരക്കല്ല് ഇടവകയിൽ സി. മരിയ എസ് ഡി അമ്മമാർക്കായി ക്ലാസ് എടുത്തു.

❖ കോട്ടയം വടവാതൂർ സെമിനാരിയിൽ ജൂലൈ 3 ന് ചീഫ് ഗസ്റ്റ് ആയി അഡ്വക്കേറ്റ് സിസ്റ്റർ ജോസിയ എസ് ഡി പങ്കെടുത്ത് സംസാരിച്ചു.

❖ ജൂലൈ മാസത്തെ നൈറ്റ് വിജിൽ പ്രാർത്ഥന മുരിക്കാശ്ശേരി എസ്ഡി കോൺവെന്റിൽ വച്ച് നടത്തി. എല്ലാ മഠങ്ങളിൽ നിന്നും സിസ്റ്റേഴ്സ് പങ്കെടുത്തു.

❖ ചെന്നൈയിലുള്ള ഹുസൂർ രൂപതയിൽ അഡ്വക്കറ്റ് ജോസിയ എസ് ഡി മതാധ്യാപകർക്കായി ക്ലാസ് എടുത്തു.

❖ പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ മുരിക്കാശ്ശേരി ശാഖാ സമ്മേ ളനത്തിൽ സിസ്റ്റർ അൽഫോൻസ്, സിസ്റ്റർ അഞ്ജന എന്നിവർ പങ്കെടുത്തു. കൂടാതെ വീടുകളിൽ പോയി കിടപ്പുരോഗികൾക്ക് ആവശ്യമായ പരിചരണം നൽകി. അവർക്ക് വേണ്ട ബെഡ്, മറ്റു സാധനങ്ങൾ എന്നിവ കൂട്ടായ്മക്കാരുടെ സഹായത്തോടെ കൊ ടുത്തു. കോട്ടയം രൂപതയിലെ കല്ലറ സ്കൂളിലും വാഴത്തോപ്പിലെ മാതൃവേദി അംഗങ്ങൾക്കും ജോസിയ എസ് ഡി ക്ലാസ് എടുത്തു.

## CJ. 47/23 പതിനഞ്ചു നോമ്പ് ആരംഭം

പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണത്തിരുനാളിനൊരുക്കമായുള്ള പതിനഞ്ച് ദിവസത്തെ നോമ്പാചരണം ഓഗസ്റ്റ് 1-ാം തീയതി മുതൽ ആരംഭിക്കുന്നു. സാധിക്കുന്നവർ പ്രാർത്ഥനയോടും ഉപവാസത്തോടുംകൂടി നോമ്പാചരിക്കുകയും കുട്ടികളെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുമല്ലോ.

## CJ. 48/23 വൈദിക ദിനം

ഇടവക വൈദികരുടെ മധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ആഗസ്റ്റ് 4-ാം തീയതി സാർവ്വത്രികസഭ സമുചിതമായി കൊണ്ടാടുന്നു. അന്നേ ദിവസം ബഹുമാനപ്പെട്ട വികാരിയച്ചന്മാരേയും അസിസ്റ്റൻന്റ് വികാരിയച്ചന്മാരേയും നമ്മുടെ ജീവിതവുമായി ബന്ധപ്പെട്ട എല്ലാ വൈദികരേയും ആശംസകൾ അറിയിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യണമെന്ന് സ്നേഹത്തോടെ ഓർമ്മിപ്പിക്കുന്നു.

## CJ. 49/23 വിഷൻ ക്യാമ്പ് (VISSION CAMP)

YES ട്രെയിനിംഗ് പ്രോഗ്രാമിൽ ഇല്ലാത്ത 7, 8 ക്ലാസുകളിലെ കുട്ടികൾക്കുവേണ്ടി ''വിഷൻ'' എന്ന പേരിൽ ഒരു ക്യാമ്പ് സംഘടിപ്പിക്കുന്നു. മുൻ വർഷങ്ങളിൽ YES ട്രെയിനിംഗ് പ്രോഗ്രാമിൽ സെലക്ഷൻ കിട്ടാത്ത കുട്ടികൾക്കും അവർക്കു കൊടുക്കുന്ന ക്യാമ്പുകളുടെ നന്മ ലഭിക്കട്ടെ എന്നതാണ് ഈ ക്യാമ്പിന്റെ ഉദ്ദേശ്യം. YES -ലെ 12 ക്യാമ്പുകളിൽ ഒന്നാമത്തെ ക്യാമ്പിന്റെ പേരാണ് ''വിഷൻ ക്യാമ്പ്''. ആഗസ്റ്റ് 26-ന് രാവിലെ 9 മണിക്ക് ആരംഭിച്ച് ആഗസ്റ്റ് 27 ഉച്ചകഴിഞ്ഞ് 3.30 ന് അവസാനിക്കുന്നതാണ്. കൂമ്പൻപാറ, രാജാക്കാട്, ഇരട്ടയാർ, മുരിക്കാശ്ശേരി, കരിമ്പൻ എന്നീ സെന്ററുകളിൽ വച്ചായിരിക്കും ക്യാമ്പുകൾ സംഘടിപ്പിക്കുന്നത്. ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന 100 പേർക്ക് വീതമായിരിക്കും ക്യാമ്പിൽ പങ്കെടുക്കുവാൻ അവസരം ലഭിക്കുക (5x100=500). മറ്റു വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

## CJ. 50/23 വിഷൻ സെമിനാർ

ആഗസ്റ്റ് 28-ാം തീയതി ഏഴ് സ്ഥലങ്ങളായി വിഷൻ സെമിനാർ നടത്തപ്പെടുന്നു. 9 മുതൽ 12 വരെ ക്ലാസുകളിലെ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വേണ്ടിയാണ് ഈ സെമിനാർ സംഘടിപ്പിക്കുന്നത്. ദൈവവിളിയെ പ്രോത്സാഹിപ്പിക്കുക എന്നതാണ് ഈ ഏകദിന സെമിനാറിന്റെ ലക്ഷ്യം. ദൈവവിളിയോട് ആഭിമുഖ്യമുള്ള കുട്ടികളെ പറഞ്ഞുവിടാൻ ശ്രദ്ധിക്കുമല്ലോ. സെമിനാർ നടത്താൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങൾ മാങ്കുളം, അടിമാലി, കരിമ്പൻ, പാറത്തോട്, രാജക്കാട്, നെടുങ്കണ്ടം, വെള്ളയാംകുടി എന്നിവയാണ്. വിശദ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

## CJ. 51/23 എട്ടുനോമ്പാചരണം

പരിശുദ്ധ ദൈവമാതാവിന്റെ ജനന തിരുനാളിനൊരുക്കമായുള്ള എട്ടുനോമ്പാചരണം സെപ്റ്റംബർ 1 മുതൽ 8 വരെയാണെന്നുള്ള കാര്യം ഓർമ്മിക്കുമല്ലോ. എട്ടുനോമ്പിനോടനുബന്ധിച്ച് നടത്താറുള്ള രൂപതാതല മരിയൻ തീർത്ഥാടനം നടത്തുന്നത് സെപ്റ്റംബർ മാസം 2-ാം തീയതി ശനിയാഴ്ചയായിരിക്കും.

# പാവനാത്മാ കോളേജ്, മുരിക്കാശ്ശേരി

## PCM. 54/23 അന്താരാഷ്ട്ര യോഗ ദിനം

പാവനാത്മാ കോളേജ് മുരിക്കാശ്ശേരിയിൽ NSS യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ജൂൺ 21 ന് അന്താരാഷ്ട്ര യോഗ ദിനം ആചരിച്ചു.

## PCM. 55/23 Debate Competition

ജൂൺ 26 ന് പാവനാത്മാ കോളേജ് മുരിക്കാശ്ശേരിയിൽ പിജി ഡിപ്പാർട്മെന്റ് ഓഫ് ഹിസ്റ്ററിയുടെ ആഭിമുഖ്യത്തിൽ Debate Competition നടത്തി.

## PCM. 56/23 ഒന്നാം വർഷ ക്ലാസ്സുകൾ ആരംഭിച്ചു

ജൂലൈ 10 ന് പാവനാത്മാ കോളേജ് മുരിക്കാശ്ശേരിൽ ഒന്നാം വർഷ ക്ലാസ്സുകൾ ആരംഭിച്ചു.

**PCM. 57/23 ലോക ജനസംഖ്യ ദിനം**

ജൂലൈ 11 ന് പാവനാത്മാ കോളേജ് മുരിക്കാശ്ശേരിയിൽ Economics Department-ന്റെ ആഭിമുഖ്യത്തിൽ ലോക ജനസംഖ്യ ദിനത്തോട് അനുബന്ധിച്ചു Quiz Competition നടത്തി.

**PCM. 58/23 Orientation Programme**

ജൂലൈ 12 ന് മുരിക്കാശ്ശേരി പാവനാത്മാ കോളേജിൽ Students Academic Cell-ന്റെ ആഭിമുഖ്യത്തിൽ ഒന്നാം വർഷ വിദ്യാർത്ഥികൾക്കായി ഒരു ഓറിയന്റേഷൻ പ്രോഗ്രാം നടത്തി.

**PCM. 59/23 അജേഷിനു ഒരു കൈത്താങ്ങ്**

ജൂലൈ 14 ന് പാവനാത്മാ കോളേജിലെ പൂർവ വിദ്യാർത്ഥി ആയിരുന്ന അജേഷിന്റെ വൃക്ക മാറ്റിവെക്കൽ ശസ്ത്രക്രിയക്കുള്ള സഹായ നിധിയിലേക്ക് NSS യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ധനശേഖരണം നടത്തി.

**PCM. 60/23 Friendship Day**

ജൂലൈ 19 ന് മുരിക്കാശ്ശേരി പാവനാത്മാ കോളേജിൽ NSS യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ friendship day ആഘോഷിച്ചു.

## മാർ സ്ലീവാ കോളേജ്, രാജമുടി

**MSC. 43/23 മാർ സ്ലീവാ കോളേജിൽ അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനം ആചരിച്ചു**

മുരിക്കാശ്ശേരി മാർ സ്ലീവാ കോളേജിൽ 2023 ജൂൺ 26-ാം തിയതി ഉച്ചകഴിഞ്ഞ് 2 മണിക്ക് അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനമായി ആചരിച്ചു. മാർ സ്ലീവാ കോളേജിലെ ആന്റി നാർക്കോട്ടിക് സെല്ലിന്റെ നേതൃത്വത്തിൽ ലഹരി വിരുദ്ധ ക്യാമ്പയിൻ സംഘടിപ്പിച്ചു. ഇടുക്കി എക്സൈസ് സർക്കിൾ ഓഫീസിലെ ശ്രീ. സജിനോൻ കെ.ഡി. (എക്സൈസ് പ്രിവിന്റീവ് ഓഫീസർ) ശ്രീ. റെജി പി.സി. (വിമുക്തി ഫാക്കൽറ്റി) എന്നിവർ ഓറിയന്റേഷൻ പ്രോഗ്രാമിന് നേതൃത്വം നൽകി. പ്രിവന്റീവ് ഓഫീസമാരായ ശ്രീ. നൗഷാദ്, ശ്രീ. ബേസിൻ എന്നിവരും പങ്കെടുത്തു. ഓഡിറ്റോറിയത്തിൽ വച്ച് നടന്ന പ്രോഗ്രാ

മിന് കോളേജ് പ്രിൻസിപ്പാൾ പ്രൊഫ. ഡോ മോളി എം.എ. അധ്യക്ഷത വഹിച്ചു. കോളേജ് ബർസാർ റവ. ഫാ. ജെയിംസ് പാലക്കാമറ്റം, കോളേജ് ആന്റീ നാർക്കോട്ടിക് സെൽ കോഡിനേറ്റർ റവ. ഫാ. ജോയിസ് അഴിമുഖത്ത് എന്നിവർ സംസാരിച്ചു. ഇന്റെർ ഡിപ്പാർട്ട്മെന്റ് തലത്തിൽ വിദ്യാർത്ഥികൾക്ക് വേണ്ടി പോസ്റ്റർ രചന മത്സരവും നടത്തി.

## MSC. 44/23 ആദ്യ വെള്ളിയാഴ്ച ആചരണവും വിശുദ്ധ കുർബാനയും

മാർ സ്ലീവാ കോളേജിൽ ആദ്യ വെള്ളിയാഴ്ച ദിനത്തിൽ വിശുദ്ധ കുർബാന നടത്തപ്പെട്ടു 07/07/2023 വെള്ളിയാഴ്ച ഉച്ചയ്ക്ക് 12.30 ന് കോളേജ് ബർസാർ റവ. ഫാ. ജെയിംസ് പാലക്കാമറ്റത്തിന്റെ മുഖ്യ കാർമികത്വത്തിൽ വിശുദ്ധ കുർബ്ബാന കോളേജ് ചാപ്പലിൽ വച്ച് നടത്തപ്പെട്ടു.

## MSC. 45/23 ഒന്നാം വർഷ ബിരുദ വിദ്യാർത്ഥികളുടെ ക്ലാസ്സ് ഉദ്ഘാടനവും മെറിറ്റ് ഡേയും

മുരിക്കാശ്ശേരി മാർ സ്ലീവാ കോളേജിൽ 2023-24 അധ്യയന വർഷത്തെ ഒന്നാം വർഷ ബിരുദ വിദ്യാർത്ഥികളുടെ ക്ലാസ്സ് ഉദ്ഘാടനവും, മെറിറ്റ് ഡേയും നടത്തപ്പെട്ടു. 10/07/2023 തിങ്കളാഴ്ച രാവിലെ 10 ന് കോളേജ് ബർസാർ റവ. ഫാ. ജെയിംസ് പാലക്കാറ്റത്തിന്റെ അധ്യക്ഷതയിൽ ഓഡിറ്റോറിയത്തിൽ നടത്തപ്പെട്ട പ്രോഗ്രാം കോളേജ് മാനേജരും ഇടുക്കി രൂപത വികാരി ജനറാളുമായ മോൺസിഞ്ഞോർ റവ. ഫാ. ജോസ് കരിവേലിക്കൽ ഉദ്ഘാടനം ചെയ്തു. കോളേജ് പ്രിൻസിപ്പൽ ഡോ മോളി എം.എ. മുഖ്യ പ്രഭാഷണം നടത്തി. യോഗത്തിൽ 2020-23 അധ്യയന വർഷം റാങ്ക് കരസ്ഥമാക്കിയ വിദ്യാർത്ഥികൾക്ക് അവാർഡ് നൽകി. യോഗത്തിൽ വൈസ് പ്രിൻസിപ്പാൾ ആനന്ദ് ജോസഫ്, റവ. ഫാ. ജോയിസ് അഴിമുഖത്ത് എന്നിവർ സന്നിഹിതരായിരുന്നു. റവ. ഫാ. ജോയിസ് അഴിമുഖത്ത് മാതാപിതാക്കൾക്കായി ബോധവൽക്കരണ ക്ലാസ് എടുക്കുകയുണ്ടായി.

## MSC. 46/23 ബിരുദാനന്തര ബിരുദം ക്ലാസുകളുടെ ഉദ്ഘാടനം

2023-2024 അദ്ധ്യയന വർഷത്തെ ബിരുദാനന്തര ബിരുദം ക്ലാസുകളുടെ ഉദ്ഘാടനം (MSW) 2023 ജൂലൈ 19-ാം തീയതി രാവിലെ

10 മണിക്ക് നടത്തപ്പെട്ടു. കോളേജ് ബർസാർ റവ. ഫാ. ജെയിംസ് പാലാക്കാമറ്റത്തിന്റെ അധ്യക്ഷയിൽ ചേർന്ന യോഗം കോളേജ് പ്രിൻസിപ്പാൾ ഡോ. മോളി എം.എ. ഉദ്ഘാടനം ചെയ്തു. യോഗത്തിൽ MSW വിഭാഗം മേധാവി റവ. ഫാ ജോസി പുതുപ്പറമ്പിൽ, വൈസ് പ്രിൻസിപ്പാൾ ശ്രീ. ആനന്ദ് ജോസഫ്, MSW വിഭാഗം അധ്യാപകർ സെബാസ്റ്റ്യൻ മാത്യു, സിസ്റ്റർ ആൽബി പി.ജെ. എന്നിവർ യോഗത്തിൽ പങ്കെടുത്തു സംസാരിച്ചു.

## സോഷ്യൽ സർവ്വീസ്

### SS 20/23 ലോൺ മേള

ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങൾക്ക് കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ മൈക്രോ ക്രെഡിറ്റ് വായ്പ വിതരണം ചെയ്തു. സൊസൈറ്റിയുടെ കീഴിലുള്ള 17 സംഘങ്ങളിൽ ഉൾപ്പെട്ട 117 അംഗങ്ങൾക്കാണ് ലോൺ നല്കിയത്. കൃഷി, പശു വളർത്തൽ, ആട് വളർത്തൽ എന്നീ ആവശ്യങ്ങൾക്കാണ് ലോൺ തുക ഉപയോഗപ്പെടുത്തുന്നത്. 27/03/2023 ൽ കരിമ്പൻ രൂപതാ കാര്യാലയത്തിൽ വച്ച് രൂപതാ ഫിനാൻസ് ഓഫീസർ ഫാ. ജോസഫ് തച്ചുകുന്നേൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ കേരള പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ചെയർമാൻ അഡ്വ. കെ. പ്രസാദ്, ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. മാത്യു തടത്തിലിന് ചെക്ക് കൈമാറിക്കൊണ്ട് വായ്പ പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ജോർജ്ജ് പോൾ മുഖ്യപ്രഭാഷണം നടത്തി. പിന്നോക്ക വികസന കോർപ്പറേഷൻ ഇടുക്കി മാനേജർശ്രീ. ആർ. മനോഹരൻ വായ്പാ പദ്ധതി വിശദീകരണം നടത്തി. വാഴത്തോപ്പ് ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി മിനി ജേക്കബ്, ഗിരിജ്യോതി ക്രെഡിറ്റ് യൂണിയൻ രൂപതാ പ്രസിഡന്റ്ശ്രീമതി കുഞ്ഞമ്മ തോമസ് എന്നിവർ പ്രസംഗിച്ചു.

## SS 21/23 സജീവം സൺഡേ

ഹൈറേഞ്ച് ഡെവലെപ്മെന്റ് സൊസൈറ്റി കാരിത്താസ് ഇൻഡ്യയുടെ സഹായത്തോടെ നടത്തുന്ന ലഹരി വിരുദ്ധ ബോധ വൽക്കരണ ക്യാമ്പയിന്റെ ഭാഗമായി 25/06/2023 ഞായറാഴ്ച മുരിക്കാ ശ്ശേരി സെന്റ് മേരീസ് ഫൊറോന പള്ളിയുടെയും ചെറുപുഷ്പ മിഷൻ ലീഗിന്റെയും ആഭിമുഖ്യത്തിൽ ലഹരി വിരുദ്ധ സന്ദേശറാ ലിയും അവബോധന ക്ലാസ്സും നടത്തി. സെന്റ് മേരീസ് ഫൊറോന വികാരി ഫാ. ജോസ് നരിതൂക്കിൽ ഒപ്പ് ശേഖരണം ഉദ്ഘാടനം ചെയ്ത് സംസാരിച്ചു. സജീവം പ്രോജക്ട് കോർഡിനേറ്റർ ശ്രീ. ആൽബിൻ റാലി ഫ്ലാഗ് ഓഫ് ചെയ്തു. അസിസ്റ്റന്റ് വികാരി ഫാ. ജോബിൻ പുല്ലാനിതുണ്ടത്തിൽ, മതബോധന പ്രധാനാദ്ധ്യാപകൻ ശ്രീ. സണ്ണി കരിവേലിൽ, പ്രോജക്ട് കോർഡിനേറ്റർമാരായ എബിൻ കുറുന്താ നത്ത്, നിതിൻ വരിക്കയിൽ, ബിജോ ഇളംതുരുത്തിയിൽ എന്നിവർ സംബന്ധിച്ചു.

## SS 22/23 നോമ്പുകാല സംഭാവന (തുടർച്ച)

**21/06/2023 മുതൽ 19/07/2023 വരെ ലഭിച്ച നോമ്പുകാല സംഭാവനകൾ**

| | | |
|---|---|---|
| 1. | St. Antony's Church, Karikkintholam | 6100/- |
| 2. | St.Thomas Church, Ayiramekkar | 9000/- |
| 3. | Nirmal Rani Province House (FCC) | 30000/- |
| 4. | St. George Forane Church, Vellayamkudy | 25000/- |
| 5. | St. George Church, Alpara | 3000/- |

# കെ.സി.എസ്.എൽ.

## KCSL 22/23 പ്രവർത്തനവർഷ ഉദ്ഘാടനം

ഇടുക്കി രൂപതാ KCSL-ന്റെ 2023-24 പ്രവർത്തനവർഷ ഉദ്ഘാടനം ജൂലൈ 21 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് തങ്കമണി സെന്റ് തോമസ് ഹയർസെക്കൻഡറി സ്കൂളിൽ വച്ച് ഇടുക്കി രൂപതാ വികാരി ജനറാൾ മോൺ. ജോസ് പ്ലാച്ചിക്കൽ നിർവഹിച്ചു. രൂപതാ പ്രസിഡന്റ് ശ്രീ. മനോജ് ചാക്കോ അധ്യക്ഷത വഹിച്ച യോഗത്തിൽ

രൂപതാ ഡയറക്ടർ ഫാ. ജേക്കബ് മങ്ങാടംപള്ളിൽ, സ്കൂൾ മാനേജർ ഫാ. ജോസ് മാറാട്ടിൽ, HM മധു കെ. ജെയിംസ്, പ്രിൻസിപ്പൽ സാബു കുര്യൻ എന്നിവർ പങ്കെടുത്തു. അതോടൊപ്പം KCSL പ്രവർത്തന മാർഗ്ഗരേഖാ പ്രകാശനവും അന്നേദിവസം നടത്തപ്പെട്ടു.

## KCSL 23/23 കളർ

ഇടുക്കി രൂപതാ KCSL-ന്റെ ആഭിമുഖ്യത്തിൽ കളർ-കളറിങ് മത്സരം നടത്തപ്പെട്ടു. ജൂലൈ 21 വെള്ളിയാഴ്ച അതാത് സ്കൂളുകളിൽ വച്ച് നടന്ന മത്സരത്തിൽ LP, UP, HS, HSS വിഭാഗങ്ങളായി കുട്ടികൾ പങ്കെടുത്തു. മത്സരത്തിൽ പങ്കെടുത്ത കുട്ടികൾക്കും അവരെ പ്രോത്സാഹിപ്പിച്ച എല്ലാ അധ്യാപകർക്കും നന്ദി.

## KCSL 24/23 സംസ്ഥാനതല ലീഡേഴ്സ് ക്യാമ്പ്

കോട്ടയം അതിരൂപതയിലെ കോതനല്ലൂർ തൂവാനീസ് റിട്രീറ്റ് സെന്ററിൽ വച്ച് ജൂലൈ 27, 28 (വ്യാഴം, വെള്ളി) ദിവസങ്ങളിലായി നടന്ന സംസ്ഥാന ക്യാമ്പിൽ നമ്മുടെ രൂപതയിൽ നിന്ന് 6 പേർ പങ്കെടുത്തു. പങ്കെടുത്തു കുട്ടികൾക്കും അവരെ പ്രോത്സാഹിപ്പിച്ച അധ്യാപകർക്കും അഭിനന്ദനങ്ങൾ.

## KCSL 25/23 ലീഡേഴ്സ് മീറ്റ്

ഹൈസ്കൂൾ, ഹയർസെക്കൻഡറി ക്ലാസ്സുകളിൽ പഠിക്കുന്ന KCSL ലീഡേഴ്സിന് അടിമാലി ആത്മജ്യോതിയിൽ വച്ച് ആഗസ്റ്റ് 4 വെള്ളി വൈകുന്നേരം 4.00 മണി മുതൽ ആഗസ്റ്റ് 5 ശനി വൈകുന്നേരം 4.00 മണി വരെ ഒരു ലീഡേഴ്സ് ക്യാമ്പ് സംഘടിപ്പിക്കുകയാണ്. ഒരു വിഭാഗത്തിൽ നിന്നും 2 ആൺകുട്ടികൾക്കും 2 പെൺകുട്ടികൾക്കും ഈ ക്യാമ്പിൽ പങ്കെടുക്കാം. ആദ്യം രജിസ്റ്റർ ചെയ്യുന്ന 100 കുട്ടികൾക്കായിരിക്കും അവസരം. നൽകുന്ന google form-ൽ കുട്ടികളുടെ പേര് രജിസ്റ്റർ ചെയ്യുക. ക്യാമ്പ് ഫീസ് 350 രൂപ ആയിരിക്കും. കുട്ടികൾക്ക് ലഭിക്കുന്ന ഈ അവസരം പരമാവധി പ്രയോജനപ്പെടുത്താൻ ആനിമേറ്റേഴ്സ് പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

## KCSL 25/23 സാഹിത്യോത്സവം

ഈ വർഷത്തെ KCSL സാഹിത്യോത്സവം സെപ്റ്റംബർ 9 ന് അഞ്ച് റീജിയണുകളിലായി നടത്തപ്പെടുന്നു. (Refer മാർഗ്ഗരേഖ Page 20 & 21)

## KCSL 26/23 രൂപതാ കലോത്സവം

ഈ വർഷത്തെ KCSL രൂപതാ കലോത്സവം സെപ്റ്റംബർ 16 ന് നടത്തപ്പെടുന്നു. (Refer മാർഗ്ഗരേഖ Page 23 & 24)

## KCSL 27/23 ഈ വർഷത്തെ പുസ്തകങ്ങൾ KCSL ഓഫീസിൽ ലഭ്യമാണ്.

1) ഞാൻ ഒരു സമ്മാനം: 60/-
2) വി. ക്ലോഡിൻ തെവനെ: 50/-

അതുപോലെ 2023-24 പ്രവർത്തനവർഷ മാർഗ്ഗരേഖയും പ്രാർത്ഥനാ പുസ്തകവും ഓഫീസിൽ ലഭ്യമാണ്.

## KCSL 28/23 സ്വാഗതം

ഇടുക്കി രൂപതാ KCSL-ന്റെ ഡയറക്ടറായി ചുമതലയേൽക്കുന്ന ഫാ. അമൽ മണിമലക്കുന്നേലിന് രൂപതാ കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം.

# തിരുബാലസഖ്യം

## HC 29/23 ആനിമേറ്റേഴ്സ് മീറ്റ്

2022-2023 പ്രവർത്തന വർഷത്തിൽ തിരുബാല സഖ്യം രൂപത ആനിമേറ്റേഴ്സ് മീറ്റിംഗ് കരിമ്പൻ സെന്റ് മേരീസ് ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു. 112-ഓളം ആനിമേറ്റേഴ്സ് മീറ്റിങ്ങിൽ പങ്കെടുത്തു. പുതിയ വർഷത്തിൽ കുഞ്ഞുങ്ങൾക്കായി തീക്ഷ്ണതയോടെ പ്രവർത്തിക്കാൻ പ്രചോദനം ആകും വിധം വളരെ മനോഹരമായി ബഹു. ഷാജി മാലിപ്പാറ ആനിമേറ്റേഴ്സിന് ക്ലാസ് നയിച്ചു. ആനിമേറ്റേഴ്സ് മീറ്റിങ്ങിൽ പങ്കെടുത്ത എല്ലാവർക്കും ഹൃദയം നിറഞ്ഞ നന്ദി.

## HC 30/23 വചനോപാസന

വചനോപാസന 2023 എന്നപേരിൽ ഒന്നു മുതൽ ആറു വരെ ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്കു വേണ്ടി തിരുവചന മത്സരം ഇടവക തലത്തിൽ നടത്തപ്പെട്ടു. മത്സരത്തിൽ പങ്കെടുത്ത എല്ലാ കുട്ടികൾക്കും പ്രത്യേകം അഭിനന്ദനങ്ങൾ. വിജയികളായവരെ പ്ര

ത്യേകം അഭിനന്ദിക്കുന്നു. ഓരോ വിഭാഗത്തിൽനിന്ന് ഒരിടവകയിൽ നിന്ന് മൂന്ന് കുട്ടികളെ വീതമാണ് മത്സരത്തിലേക്ക് തിരഞ്ഞെടുത്തിരിക്കുന്നത്. തിരഞ്ഞെടുക്കപ്പെട്ട കുട്ടികളുടെ പേര് വിവരങ്ങൾ കൃത്യമായി ഓഗസ്റ്റ് ഒന്നിനു മുൻപ് രൂപതയിൽ നൽകണമെന്ന് ഓർമ്മപ്പെടുത്തുന്നു. ഫൈനൽ റൗണ്ട് മത്സരത്തിന്റെ തീയതി പിന്നീട് അറിയിക്കുന്നതാണ്

## HC 31/23 വൈദിക ദിനം

വിശുദ്ധ ജോൺ മരിയയുടെ തിരുനാളിനോട് അനുബന്ധിച്ച് തിരുബാലസഖ്യത്തിലെ കുഞ്ഞുങ്ങൾ ഒന്നു ചേർന്ന് എല്ലാ ഇടവക വൈദികരേയും ആദരിക്കുന്നു.

## HC 32/23 ആചരണങ്ങൾ ജൂലൈ മാസത്തിൽ

ജൂലൈ 03 തോമാശ്ലീഹാ
ജൂലൈ 12 വി. സെലിഗ്വരനും ലൂയി മാർട്ടിനും
ജൂലൈ 13 പരി. റോസമിസ്റ്റിക്ക മാതാവ്
ജൂലൈ 16 കർമ്മലമാതാവ്
ജൂലൈ 25 യാക്കോബ് ശ്ലീഹാ
ജൂലൈ 26 വി. അന്ന & യൊവാക്കിം grand parents day
ജൂലൈ 28 വി. അൽഫോൻസാമ്മ

ജൂലൈ മാസത്തിലെ വിശുദ്ധരുടെ തിരുനാളുകൾ ഇടവക തലത്തിൽ തിരുബാല സഖ്യത്തിലെ കുഞ്ഞുങ്ങളുടെ നേതൃത്വത്തിൽ വിശുദ്ധരുടെ വേഷവിധാനങ്ങൾ അണിഞ്ഞു പ്രവർത്തനങ്ങൾ നടത്തിയും ദിനാചരണങ്ങൾ വളരെ മനോഹരമായി നടത്തി.

## HC 33/23 ഉണ്ണീശോയുടെ ക്യാൻവാസ്

ഉണ്ണീശോയുടെ ക്യാൻവാസിൽ ചേർക്കാൻ ആഗസ്റ്റ് മാസം നൽകുന്ന പ്രവർത്തനം ആഗസ്റ്റ് മാസം ആദ്യം നൽകുന്നതായിരിക്കും. പ്രസ്തുത വർക്ക് ഉണ്ണീശോയുടെ ക്യാൻവാസിൽ കുട്ടികളെ കൊണ്ട് എഴുതിപ്പിക്കണം. അതുപോലെ തന്നെ ജൂലൈ മാസത്തിലെ 'സൃഷ്ടി' എന്ന പ്രവർത്തനം എല്ലാ കുട്ടികളും ചെയ്തു എന്ന് ഉറപ്പു വരുത്തുകയും ചെയ്യുമല്ലോ.

## CML 60/23 രൂപതാ പ്രവർത്തനങ്ങൾ നേതൃത്വ പരിശീലന ശില്പശാല

ചെറുപുഷ്പ മിഷൻലീഗ് ഇടുക്കി രൂപതയുടെ ആഭിമുഖ്യത്തിൽ, രൂപതയിലെ മുഴുവൻ ശാഖാ, മേഖലാ ഭാരവാഹികളെയും ഉൾപ്പെടുത്തിക്കൊണ്ട് 5 റീജിയണുകളിലായി നടത്തിയ ''നേതൃത്വ പരിശീലന ശില്പശാല'' ഏറെ ശ്രദ്ധേയമായി. രൂപതാ സമിതി അംഗങ്ങളുടെ നേതൃത്വത്തിൽ ജൂലൈ 8-ാം തീയതി നടത്തപ്പെട്ട ശില്പശാലയിൽ 472 അംഗങ്ങൾ പങ്കെടുത്ത് സംഘടനയെക്കുറിച്ചും അതിന്റെ പ്രവർത്തന രീതികളെക്കുറിച്ചും അറിവു നേടി. നേതൃത്വനിരയെ ശക്തിപ്പെടുത്തിക്കൊണ്ട് ശാഖാ, മേഖലാ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിന് ഈ പ്രോഗ്രാമിലൂടെ സാധിച്ചു.

## CML 61/23 ക്യാമ്പുകൾ, ധ്യാനങ്ങൾ, സെമിനാറുകൾ

ജൂലൈ 15, 16, 17 തീയതികളിലായി രൂപതയിലെ വിവിധ ശാഖകളിലും മേഖലകളിലും ക്യാമ്പ്, ധ്യാനം, സെമിനാർ എന്നിവ നടത്തപ്പെട്ടു. രൂപതാ റിസോഴ്സ് ടീം നേതൃത്വം നൽകി. ആധുനിക മാധ്യമങ്ങളുടെ സാധ്യതകൾ ഉപയോഗപ്പെടുത്തി, പ്രോഗ്രാമുകൾ ഏറ്റവും ആകർഷകമാക്കാൻ റിസോഴ്സ് ടീം അംഗങ്ങൾ ശ്രദ്ധിച്ചു. കുട്ടികൾക്ക്, സഭയോടും സംഘടനാ പ്രവർത്തനങ്ങളോടുമുള്ള സ്നേഹവും താല്പര്യവും വർദ്ധിച്ചു എന്നതിന്റെ ഉത്തമ ഉദാഹരണങ്ങളായിരുന്നു ഓരോ പ്രോഗ്രാമുകളിലെയും മികച്ച പങ്കാളിത്തം. പ്രോഗ്രാമുകൾക്കു വേണ്ട ക്രമീകരണങ്ങൾ ചെയ്ത ഡയറക്ടർ അച്ചന്മാരെയും അനിമേറ്റർ സിസ്റ്റേഴ്സിനെയും മറ്റു ഭാരവാഹികളെയും അഭിനന്ദിക്കുന്നു.

## CML 62/23 സംസ്ഥാനതല വൈസ് ഡയറക്ടേഴ്സ് മീറ്റ് (Online)

ചെറുപുഷ്പ മിഷൻലീഗിന്റെ ഉപമധ്യസ്ഥയായ വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിനോട് അനുബന്ധിച്ച് ജൂലൈ 28-ാം തീയതി, സംസ്ഥാന തലത്തിൽ നടത്തിയ ശാഖാ, മേഖലാ,

രൂപതാ വൈസ് ഡയറക്ടേഴ്സ് മീറ്റിൽ (online) രൂപതയിലെ എല്ലാ വൈസ് ഡയറക്ടേഴ്സും പങ്കെടുത്തു.

## CML 63/23 വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ

ഇടവക വൈദികരുടെ സ്വർഗ്ഗീയ മധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാൾ ആഗസ്റ്റ് 4-ാം തീയതി ആഗോള സഭയിൽ ആഘോഷിക്കുന്നു. ഇതിനോടനുബന്ധിച്ച് ഇടവക വൈദികരെ ആദരിക്കാനും ആശംസകൾ അറിയിക്കാനും, ''വിയാനി ക്വിസ്'' നടത്താനും മിഷൻ ലീഗ് അംഗങ്ങൾ ശ്രദ്ധിക്കുമല്ലോ.

## CML 64/23 മേഖലാ വാർത്തകൾ

എല്ലാ മേഖലകളിലും കൗൺസിലും തിരഞ്ഞെടുപ്പുകളും നടന്നു. പുതിയ വർഷത്തെ മാർഗ്ഗരേഖ തയ്യാറാക്കി വരുന്നു. റീജിയണൽ സെമിനാറുകളിൽ സജീവ പങ്കാളിത്വം ഉണ്ടായിരുന്നു.

### കുഞ്ചിത്തണ്ണി മേഖലാ

തോമാശ്ലീഹായുടെ തിരുനാളിനോട് അനുബന്ധിച്ച് മിഷൻ ക്വിസ് നടത്തപ്പെട്ടു. വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാളിനോട് അനുബന്ധിച്ച് ''അൽഫോൻസ സഹന പുഷ്പം'' എന്ന വിഷയത്തെ ആസ്പദമാക്കി ഉപന്യാസ രചന നടത്തപ്പെട്ടു.

### ചുരുളി മേഖല

മാർഗ്ഗരേഖ, ഫണ്ട് ശേഖരണം, എന്നിവയുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. അൽഫോൻസാമ്മയുടെ തിരുനാളിനോട് അനുബന്ധിച്ച് അൽഫോൻസ ക്വിസ് നടത്തി.

### മുരിക്കാശ്ശേരി മേഖലാ

മനേജിങ്ങ് കമ്മിറ്റി ചേർന്ന് ആഗസ്റ്റ് 3 ന് മാർഗ്ഗരേഖാ പ്രകാശനവും ഡയറക്ടേഴസ് മീറ്റും നടത്തുവാനുള്ള കാര്യങ്ങൾ തിരുമാനിച്ചു.

### പാറത്തോട് മേഖല

വിശുദ്ധ തോമാശ്ലീഹായുടെ തിരുനാൾ ദിനത്തിൽ മേഖലാ ഭാരവാഹികൾ പ്രാർത്ഥനയിൽ പങ്കുചേരുന്നത് ഫോട്ടോയെടുത്ത് അയയ്ക്കുകയും മേഖലാതലത്തിൽ ശേഖരിച്ച് കാർഡ് നിർമ്മിക്കുകയും ചെയ്തു. മേഖലാതല മാർഗരേഖ തയ്യാറാക്കുകയും ''മഴവിൽ''

എന്ന പേര് മേഖലയ്ക്ക് പൊതുവായി നൽകുകയും മഴവില്ലിലെ ഓരോ നിറങ്ങൾക്കനുസരിച്ച് ഓരോ ശാഖയ്ക്കും പേര് നിശ്ചയിച്ച് നൽകുകയും ചെയ്തു.

വി. അൽഫോൻസാമ്മയുടെ തിരുനാളിനോട് അനുബന്ധിച്ച് പ്രസംഗ മത്സരം സംഘടിപ്പിച്ചു.

**കൂമ്പൻപാറ മേഖല**

ജൂൺ 5 ന് ശാഖകളെ പ്രതിനിധീകരിച്ച് മേഖലാ തലത്തിൽ മരത്തൈകൾ നട്ടു. വായനാദിനാചരണത്തോടനുബന്ധിച്ച് മാനേജിംഗ് കമ്മിറ്റിയിലെ എല്ലാ മെമ്പേഴ്സിനും പുസ്തകങ്ങൾ വിതരണം ചെയ്തു. പ്രധാനപ്പെട്ട വിശുദ്ധരെ ഓൺലൈനിൽ പരിചയപ്പെടുത്തി. ജൂലൈ 2, 3 തീയതികളിലായി ദൈവവിളി ക്യാമ്പ് നടത്തി. ഒറീസ മിഷന് മിഷൻ സഹായമായി 2000 രൂപ നൽകി.

സെന്റ് തോമസ് ഡേയോടനുബന്ധിച്ചും തിരുഹൃദയത്തിരുന്നാളിനോടനുബന്ധിച്ചും രണ്ട് ഷോർട്ട് ഫിലിം തയ്യാറാക്കി. സെന്റ് തോമസ് ഡേയോടനുബന്ധിച്ചും വി. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ചും ഓൺലൈൻ ക്വിസ് മത്സരം നടത്തി. കുമ്പൻപാറ മേഖലയുടെ ഫേസ്ബുക്കും യൂട്യൂബ് ചാനലും ആരംഭിച്ചു. ലഹരിയ്ക്കെതിരെ ഉപന്യാസ രചനാ മത്സരം നടത്തി.

**തങ്കമണി മേഖലാ**

പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ''ഭൂമിക്കൊരു ഒപ്പ്'', എന്ന പേരിൽ പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് ബോധവൽക്കരണ സെമിനാർ നടത്തി. കുട്ടികളിൽ നിന്ന് ഒപ്പു ശേഖരിച്ചു. എയ്ഞ്ചൽസ് മീറ്റ്– 2023 എന്ന പേരിൽ ഈ വർഷം ആഘോഷപൂർവ്വമായ കുർബാന സ്വീകരിച്ച കുട്ടികൾക്കായി തങ്കമണിയിൽ വച്ച് സെമിനാർ നടത്തി.

**വാഴത്തോപ്പ് മേഖലാ**

മണിപ്പൂർ കലാപത്തിന് ഇരയായവർക്കുവേണ്ടി മേഖലാ ഭാരവാഹികൾ ഒരുമിച്ചുകൂടി കൈകോർത്ത് വിശ്വാസപ്രമാണം ചൊല്ലി പ്രാർത്ഥിച്ചു. സെന്റ് തോമസ് ഡേയോടനുബന്ധിച്ച് ഛായാച്ചിത്ര മത്സരം നടത്തി.

മദ്യവിരുദ്ധ പ്രവർത്തനങ്ങളോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് മേഖലാ ഭാരവാഹികൾ വർണ്ണ വിസ്മയം നടത്തി.

**ഇരട്ടയാർ മേഖല**

ജൂലൈ 15-ന് Perosnality Development and Leadership Training എന്ന വിഷയത്തിൽ കുട്ടികൾക്കായി ഏകദിന സെമിനാർ സംഘടിപ്പിച്ചു.

വി. അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച്, കവിതാ രചനാ മത്സരം, ചിത്രരചനാ മത്സരം എന്നിവ സംഘടിപ്പിച്ചു.

**വെള്ളത്തൂവൽ മേഖല**

സെന്റ് തോമസ് ഡേ, വി. അൽഫോൻസാമ്മയുടെ തിരുനാൾ, എന്നിവയോടനുബന്ധിച്ച് ഉപന്യാസ മത്സരം, പ്രസംഗം, ചിത്രരചനാ മത്സരം എന്നിവ നടത്തി.

**രാജാക്കാട് മേഖലാ**

വി. അൽഫോൻസാമ്മയുടെ തിരുനാളിനോട് അനുബന്ധിച്ച് ചിത്രരചന, ഉപന്യാസ മത്സരങ്ങൾ എന്നിവ മേഖലാ തലത്തിൽ നടത്തി.

**വെള്ളയാംകുടി മേഖല**

ഈ പ്രവർത്തനവർഷത്തിൽ ഒരു ഇൻസ്റ്റഗ്രാം പേജ് തുറന്നു. മേഖലയുടെ നേതൃത്വത്തിൽ പരിസ്ഥിതി ദിനത്തിൽ മരത്തൈകൾ നട്ടു. മേഖലാ ടീം ഒന്നിച്ച് ഇരട്ടയാറിലുള്ള സെന്റ് അൽഫോൻസാ അനാഥ മന്ദിരം സന്ദർശിച്ചു. മേഖല മുഴുവൻ മണിപ്പൂരിനു വേണ്ടി ജപമാല ചൊല്ലി പ്രാർത്ഥിച്ചു. മേഖലാ തലത്തിൽ സെമിനാർ രൂപതാ ടീമിന്റെ നേതൃത്വത്തിൽ നടത്തി. മേഖലയുടെ നേതൃത്വത്തിൽ കട്ടപ്പന അസീസി സ്നേഹ ആശ്രമത്തിൽ പൊതിച്ചോറ് നൽകി. മേഖല മുഴുവൻ വിശുദ്ധ അൽഫോൻസാമ്മയുടെ തിരുനാൾ ഒരുക്കമായ നൊവേനയിൽ ഓൺലൈനായി പങ്കെടുക്കുന്നു.

## KCYM 34/23 അനുശോചനം രേഖപ്പെടുത്തി

കാഞ്ഞിരപ്പള്ളി അമൽജ്യോതി എൻജിനീയറിങ് കോളേജ് വിദ്യാർഥിനിയുടെ മരണത്തിൽ കെ.സി.വൈ.എം. ഇടുക്കി രൂപത. അനുശോചനം രേഖപ്പെടുത്തി.

## KCYM 35/23 Yes Lord Prayer Meeting

കെ.സി.വൈ.എം. ഇടുക്കി രൂപതയുടെ സ്പിരിചൽ വിങ്ങിന്റെ നേതൃത്വത്തിൽ ഇടുക്കി രൂപതയുടെ യുവജനങ്ങളെ കെ.സി.വൈ.എം. ഇടുക്കി രൂപതയുടെ സ്പിരിച്ചൽ വിങ്ങിന്റെ നേതൃത്വത്തിൽ ഇടുക്കി രൂപതയുടെ യുവജനങ്ങളെ ഉൾപ്പെടുത്തിക്കൊണ്ട് "Yes Lord" പ്രയർ മീറ്റിംഗ് ആരംഭിച്ചു.

## KCYM 36/23 മൈതാൻ ക്രിക്കറ്റ് ടൂർണമെന്റ്

കെ.സി.വൈ.എം. ഇടുക്കി രൂപതയുടെ പ്രഥമ കായിക ഉത്സവമായ മൈതാൻ 2023 ന്റെ ഭാഗമായി കെ.സി.വൈ.എം. രാജകുമാരി യൂണിറ്റിന്റെയും ഈസ്റ്റ് റീജിയണിന്റെയും ആഭിമുഖ്യത്തിൽ ക്രിക്കറ്റ് ടൂർണമെന്റ് നടത്തപ്പെട്ടു.

ജൂൺ 17, 18 തീയതികളിലായി ആദ്യഘട്ട മത്സരങ്ങളും ജൂൺ 24 ന് ഫൈനൽ മത്സരവും നടത്തപ്പെട്ടു. ടൂർണമെന്റിൽ കാൽവരി മൗണ്ട് യൂണിറ്റ് വിജയിച്ചു. തോക്കുപാറ, ഈട്ടിത്തോപ്പ് യൂണിറ്റുകൾ രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി.

## KCYM 37/23 തോമസ് മൂർ ദിനാചരണം

കെ.സി.വൈ.എം. പ്രസ്ഥാനത്തിന്റെ സ്വർഗീയ മധ്യസ്ഥനായ വിശുദ്ധ തോമസ് മൂർ ദിനാചരണത്തിന്റെ രൂപത തല ഉദ്ഘാടനവും ഛായാചിത്ര പ്രകാശനവും ജൂൺ 18 ഞായറാഴ്ച രാവിലെ 9:30 ന് രാജകുമാരിയിൽ വച്ച് നടത്തപ്പെട്ടു.

## KCYM 38/23 രക്തദാന ക്യാമ്പയിൻ

യുവജന ദിനത്തോടനുബന്ധിച്ചു കെ.സി.വൈ.എം. ഇടുക്കി

രൂപതയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന രക്തദാന ക്യാമ്പയിന്റെ ഉദ്ഘാടനം ജൂൺ 18 ഞായറാഴ്ച രാജകുമാരിയിൽ വച്ച് നടത്തപ്പെട്ടു.

## KCYM 39/23 DOT

കെ.സി.വൈ.എം. ഇടുക്കി രൂപതയുടെ നേതൃത്വത്തിൽ ക്രൈസ്തവ സ്ഥാപനങ്ങൾക്ക് നേരെയുള്ള ആക്രമണത്തിന്റെ പിന്നിലെ തിരക്കഥ ആരുടേത് എന്ന് വിഷയത്തെക്കുറിച്ച് DOT ഓൺലൈൻ ആയി സംഘടിപ്പിച്ചു.

## KCYM 40/23 പ്രതിഷേധ ജ്വാല

മണിപ്പൂരിൽ ക്രൈസ്തവ സഹോദരങ്ങൾക്കും ക്രിസ്തീയ ദൈവാലയങ്ങൾക്കും എതിരെ നടക്കുന്ന ആക്രമണത്തിൽ കേന്ദ്ര സംസ്ഥാന സർക്കാരുകൾ കാണിക്കുന്ന അലംഭാവത്തിനെതിരെ പ്രതികരിച്ചുകൊണ്ട് കെ.സി.വൈ.എം. ഇടുക്കി രൂപതയുടെ നേതൃത്വത്തിൽ ജൂൺ 24 ശനിയാഴ്ച വൈകുന്നേരം 5 മണിക്ക് രാജകുമാരിയിൽ പ്രതിഷേധ ജ്വാല സംഘടിപ്പിച്ചു.

## KCYM 41/23 Christeve - An Evening with Christ

യുവജനങ്ങൾ ഒരുമിച്ച് സായാഹ്നത്തിൽ ക്രിസ്തുവിനോടൊപ്പം എന്ന ആശയവുമായി ക്രിസ്റ്റീവ് എന്ന പേരിൽ മനോഹരമായ സായാഹ്നം ഒരുക്കി കെ.സി.വൈ.എം. ഇടുക്കി രൂപതാ ജൂൺ 28 ബുധനാഴ്ച വൈകിട്ട് ആറു മണിക്ക് വെള്ളത്തൂവൽ ഇടവകയിൽ Christeve ഉദ്ഘാടനം ചെയ്യപ്പെട്ടു. മറ്റ് ഇടവകകളിൽ ഈ പ്രോഗ്രാം നടത്തുവാൻ റിസോഴ്സ് ടീം റെഡിയായിട്ടുണ്ട്.

## KCYM 42/23 പ്രാർത്ഥനാ ദിനം

മണിപ്പൂരിന്റെ സമാധാനത്തിനായി മണിപ്പൂർ ജനതയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് ജൂലൈ 2 ഞായറാഴ്ച കെ.സി.വൈ.എം. ഇടുക്കി രൂപതയിലെ യുവജനങ്ങൾ പ്രാർത്ഥനാ ദിനമായി ആചരിച്ചു.

## KCYM 43/23 യുവജന ബറ്റാലിയൻ

മഴ കനക്കുന്ന സാഹചര്യത്തിൽ സഹായങ്ങൾക്കും ആവശ്യങ്ങൾക്കുമായി കെ.സി.വൈ.എം. ഇടുക്കി രൂപതയുടെ നേതൃത്വത്തിൽ യുവജന ബറ്റാലിയൻ സജ്ജമാക്കി.

## KCYM 44/23 പ്രതിഷേധം അറിയിച്ച് കെ.സി.വൈ.എം.

ക്രൈസ്തവ വിശ്വാസങ്ങൾക്കെതിരെ എം.വി. ഗോവിന്ദൻ നടത്തിയ പ്രസ്താവനകൾക്കെതിരെ കെ.സി.വൈ.എം. ഇടുക്കി രൂപത പ്രതിഷേധം അറിയിച്ചു.

## KCYM 45/23 സഹവാസ ക്യാമ്പ്

കെ.സി.വൈ.എം. ഇടുക്കി രൂപതയുടെ നേതൃത്വത്തിൽ ജൂലൈ 8, 9 തിയതികളിലായി രൂപത സമിതി അംഗങ്ങൾക്കായി സഹവാസ ക്യാമ്പ് സംഘടിപ്പിച്ചു.

## KCYM 46/23 യുവജന ദിനാഘോഷം

കെ.സി.വൈ.എം. ഇടുക്കി രൂപതയുടെ യുവജന ദിനാഘോഷം ജൂലൈ 9 ഞായറാഴ്ച മുരിക്കാശ്ശേരി സ്നേഹഭവനിലെ അംഗങ്ങൾക്കൊപ്പം ആഘോഷിച്ചു.

## KCYM 47/23 യുവജനധ്യാനം

ഇടുക്കി രൂപത കെ.സി.വൈ.എം. ഒരുക്കുന്ന ''Rejoice in the Lord" പ്രഥമ യുവജന ധ്യാനത്തിന് നെടുംകണ്ടം കരുണ ഡിവൈൻ മേഴ്‌സി റിട്രീറ്റ് സെന്ററിൽ ജൂലൈ 14 വെള്ളിയാഴ്ച 5:00-ന് തുടക്കമായി.തുടർന്നുള്ള മാസങ്ങളിലും യുവജനധ്യാനം സംഘടിപ്പിക്കുന്നതാണ്.

## KCYM 48/23 രൂപത കലോത്സവം - Title Launch

രണ്ടാമത് കെ.സി.വൈ.എം. ഇടുക്കി രൂപത കലോത്സവത്തിന്റെ Title Launch നടത്തപ്പെട്ടു. മണിപ്പൂർ ജനതക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് 'അശാന്തം' എന്ന പേരിലാണ് ഈ വർഷത്തെ കെ.സി.വൈ.എം. രൂപത കലോത്സവം സംഘടിപ്പിക്കുന്നത്.

## JY 43/23 കൗൺസിൽ മീറ്റിങ്ങ്

ജീസസ് യൂത്ത് സോണൽ കൗൺസിൽ മീറ്റിങ്ങ് ജൂലൈ മാസം 28, 29 തീയതികളിൽ, അടിമാലി ആത്മജ്യോതിയിൽ വച്ച് ചാപ്ലെയ്ൻ ഫാ. ആന്റണി പാറക്കടവിൽ അച്ചന്റെയും, ആനിമേറ്റർ സി. ബ്ലസി സി.എം.സി. യുടെയും സാന്നിധ്യത്തിൽ നടത്തപ്പെട്ടു. കൗൺസിൽ അംഗങ്ങൾ മീറ്റിംഗിൽ സജീവമായി പങ്കെടുത്തു. ഒന്നിച്ചുള്ള പ്രാർത്ഥനയ്ക്കും ചർച്ചകൾക്കും ശേഷം ദൈവതിരുമുമ്പിൽ നന്ദി നിറഞ്ഞ ഹൃദയത്തോടെ, കൗൺസിൽ മീറ്റിംഗ് അവസാനിച്ചു.

## JY 44/23 Intercession മിനിസ്ട്രി

### Night Vigil - മധ്യസ്ഥ പ്രാർത്ഥന

മണിപ്പൂരിൽ കലാപത്തെ തുടർന്ന് ബുദ്ധിമുട്ട് അനുഭവിക്കുന്ന സഹോദരങ്ങൾക്ക് വേണ്ടി പ്രത്യേകം മധ്യസ്ഥ പ്രാർത്ഥനയും ദിവ്യകാരുണ്യ ആരാധനയും 28 ജൂലൈ അടിമാലി സെന്റ് ജൂഡ് ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു. കൗൺസിൽ ടീം അംഗങ്ങൾ ആരാധനയ്ക്ക് നേതൃത്വം നൽകി.

### Soul Seeker വിശുദ്ധരെ അറിയാൻ

എല്ലാ ബുധനാഴ്ചകളിലും Intercession മിനിസ്ട്രിയുടെ നേതൃത്വത്തിൽ നവമാധ്യമങ്ങളിലൂടെ ഒരു വിശുദ്ധനെ പരിചയപ്പെടുകയും, ആ വിശുദ്ധന്റെ ജീവിതമാതൃക പിന്തുടരുവാൻ പരിശ്രമിക്കുകയും, ആ വിശുദ്ധനോട് പ്രത്യേകം മധ്യസ്ഥം യാചിച്ചു പ്രാർത്ഥിക്കുകയും ചെയ്യുന്നു.

## JY 45/23 സബ്സോൺ പ്രയർ ഗ്രൂപ്പ്

സബ്സോണിലുള്ള ജീസസ് യൂത്ത് അംഗങ്ങൾ ഒരുമിച്ചു വരുന്ന സബ്സോൺ പ്രയർ ഗ്രൂപ്പുകൾ വാഴത്തോപ്പ്, തോപ്രാംകുടി, രാജാക്കാട് അടിമാലി എന്നീ സബ്സോണുകളിൽ വിവിധ ദിവസങ്ങളിൽ നടത്തിവരുന്നു.

## JY 46/23 സോണൽ ഹൗസ് ഹോൾഡ്

ജീസസ് യൂത്ത് ഇടുക്കി സോണിന്റെ ജൂലൈ മാസത്തെ ഹൗസ്ഹോൾഡ്, ജൂലൈ മാസം 2-ാം തീയതി പാവനാത്മാ കോളേജിൽ വച്ച് കൂടുകയുണ്ടായി. സോണൽ ഹൗസ്ഹോൾഡ് ടീം നേതൃത്വം നൽകിയ പരിപാടി ഏവരുടെയും സജീവസാന്നിധ്യത്താൽ മനോഹരമായി.

## JY 47/23 ഫാമിലി ടീം

### കേരള ഫാമിലി ടീം ട്രെയിനിങ്

കേരള ഫാമിലി ടീം ട്രെയിനിങ് ചാലക്കുടി ഇടഞ്ഞ പരിയാരം റിട്രീറ്റ് സെന്ററിൽ വെച്ച് വെച്ച് ജൂലൈ 16, 17 തീയതികളിൽ നടത്തപ്പെട്ടു. സോണൽ ഫാമിലി ടീം അംഗങ്ങൾ പങ്കെടുത്തു

### സോണൽ ഫാമിലി കോർ ടീം ഗാതറിങ്

സോണൽ ഫാമിലി ടീമിന്റെ നേതൃത്വത്തിൽ തെള്ളിത്തോട് സെന്റ് ജോസഫ് ദൈവാലയത്തിൽ വച്ച് ജൂലൈ മാസം എട്ടാം തീയതി ഫാമിലി കോർ ടീം ഗാതറിങ് നടത്തപ്പെട്ടു.

## JY 48/23 ടീൻസ് മിനിസ്ട്രി

### പ്രയർ ഗ്രൂപ്പുകൾ

തങ്കമണി സെന്റ് തോമസ് ഹയർ സെക്കൻഡറി സ്കൂളിലും, കരിമ്പൻ സെന്റ് തോമസ് പബ്ലിക് സ്കൂളിലും, വാഴത്തോപ്പ് സെന്റ് ജോർജ് ഹയർ സെക്കൻഡറി സ്കൂളിലും പ്രയർ ഗ്രൂപ്പുകൾ നടന്നു വരുന്നു.

### Go Pro ടീൻസ് ടീം ട്രെയിനിങ്

കേരള ടീൻസ് ടീമിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട ടീൻസ് ടീം ട്രെയിനിങ്ങിൽ ഇടുക്കിയിൽ നിന്നും ടീൻസ് ടീം അംഗങ്ങൾ പങ്കെടുത്തു.

## JY 49/23 സോണൽ കൗൺസിൽ,കേരള മിനിസ്ട്രി ടീം ട്രെയിനിങ്

സോണൽ കൗൺസിൽ, കേരള മിനിസ്ട്രി ടീം ട്രെയിനിങ് ജൂലൈ 8, 9 തീയതികളിൽ കറുകുറ്റി ശാന്തിനികേതൻ സെന്ററിൽ

വച്ചു നടത്തപ്പെട്ടു. ഇടുക്കി കൗൺസിൽ ടീം ട്രെയിനിങ്ങിൽ പങ്കെടുത്തു.

## JY 50/23 ക്യാമ്പസ് മിനിസ്ട്രി

### ക്യാമ്പസ് പ്രയർ മീറ്റിംഗ്

മുരിക്കാശ്ശേരി പാവനാത്മാ കോളേജ്, അടിമാലി കാർമൽ ഗിരി കോളേജ്, രാജാക്കാട് സാൻജോ കോളേജ് എന്നീ ക്യാമ്പസുകളിൽ എല്ലാ ആഴ്ചകളിലും പ്രയർ മീറ്റിംഗ് നടത്തപ്പെടുന്നു.

## JY 51/23 ജീസസ് യൂത്ത് ഫോർമേഷൻ

### FYR 3.0 - Formation Young Reosurce Training

ജീസസ് യൂത്ത് ഫോർമേഷൻ Young Reosurce ട്രെയിനിങ് പ്രോഗ്രാമിൽ ഇടുക്കി സോണിൽ നിന്നും ജീസ് ഫ്രാൻസിസ്, അമൽ തോമസ് എന്നിവർ പങ്കെടുത്തു.

### ജീസസ് യൂത്ത് ഫോർമേഷൻ കോതമംഗലം ബേസ് ടീം മീറ്റിംഗ്

ജീസസ് യൂത്ത് ഫോർമേഷൻ കോതമംഗലം ബേസ് ടീം മീറ്റിംഗ് 26 ജൂലൈ നടത്തപ്പെട്ടു. ഇടുക്കി സോണിൽ നിന്നും ബേസ് ടീം അംഗങ്ങൾ പങ്കെടുത്ത് തുടർന്നുവരുന്ന ഫോർമേഷൻ പ്രോഗ്രാമുകളെ കുറിച്ച് ചർച്ച നടത്തി.

## JY 52/23 ജാഗോ നാഷണൽ കോൺഫറൻസ്

2023 ഒക്ടോബറിൽ ബാംഗ്ലൂരിൽ വച്ച് നടത്തപ്പെടുന്ന ജീസസ് യൂത്ത് നാഷണൽ കോൺഫറൻസിന്റെ സോണൽ മൊബിലൈസേഷൻ സോണൽ ഫാമിലി കോർഡിനേറ്റർ ജോയി തൊണ്ണമാക്കലിന്റെ നേതൃത്വത്തിൽ നടത്തപ്പെടുന്നു

രജിസ്ട്രേഷനായി Joy T.M +91 9447207704 ആയി ബന്ധപ്പെടുക.

ജാഗോ നാഷണൽ കോൺഫറൻസിലേക്ക് ഏവരേയും സ്വാഗതം ചെയ്യുന്നു.

## MV 10/23 പ്രവർത്തനവർഷ ഉദ്ഘാടനം, ആനിമേറ്റേഴ്സ് മീറ്റ്

2023-24 പ്രവർത്തനവർഷ ഉദ്ഘാടനവും ആനിമേറ്റേഴ്സ് മീറ്റും ജൂൺ 28-ാം തീയതി കരിമ്പൻ സെന്റ് തോമസ് പാരീഷ് ഹാളിൽ വച്ച് നടത്തപ്പെട്ടു. ബഹു. മാത്യു തടത്തിലച്ചൻ ഉദ്ഘാടനകർമ്മം നിർവ്വഹിച്ചു. പ്രസ്തുത മിറ്റിംഗിൽ എല്ലാ ഇടവകകളിൽ നിന്നും പ്രതിനിധികൾ പങ്കെടുത്തു.

## MV 11/23 വയോജന ദിനാചരണം

ഈ വർഷത്തെ മാതൃവേദിയുടെ രൂപതാതല വയോജന ദിനാചരണം കരിമ്പൻ ഇടവകയിൽ വച്ച് നടത്തപ്പെട്ടു. കരിമ്പൻ ഇടവകയുടെ നേതൃത്വത്തിൽ നടത്തപ്പെട്ട സമ്മേളനത്തിൽ കരിമ്പൻ ഇടവക വികാരി ഫാ. ജെയിംസ് പൊന്നമ്പേൽ, രൂപതാ ഡയറക്ടർ ഫാ. മാർട്ടിൻ പൊൻപനാൽ, രൂപതാ ആിമേറ്റർ സി. ട്രിസാ SH, രൂപതാ ഭാരവാഹികൾ എന്നിവർ വയോജനങ്ങളെ ആദരിച്ചു. കരിമ്പൻ മാതൃവേദി യൂണിറ്റ് രൂപതാതല വയോജന ദിനാചരണത്തിന് നേതൃത്വം വഹിച്ചു.

രൂപതയിലെ വിവിധ ഇടവകകളിൽ മാതൃവേദിയുടെ നേതൃത്വത്തിൽ വയോജനദിനം ആചരിച്ചു. ആഘോഷത്തിനു പിന്നിൽ പ്രവർത്തിച്ച എല്ലാ മാതൃവേദി ഭാരവാഹികളെയും ഇടവക വികാരിയച്ചന്മാരെയും നന്ദിയോടെ സ്മരിക്കുന്നു.

## MV 12/23 ബൈബിൾ കൈയെഴുത്ത് രജിസ്ട്രേഷൻ

ബൈബിൾ കൈയെഴുത്തു മത്സരത്തിന്റെ രജിസ്ട്രേഷന്റെ അവസാന ദിവസം 2023 ആഗസ്റ്റ് 20-ാം തീയതിയാണ് എന്ന് ഓർമ്മപ്പെടുത്തുന്നു.

## MV 13/23 വൈദിക ദിനം

ആഗസ്റ്റ് 4 - ഇടവക വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാളിനോടനുബന്ധിച്ച് മാതൃവേദിയുടെ ആഭിമുഖ്യത്തിൽ വൈദികദിനം ആചരിക്കാൻ ശ്രദ്ധിക്കുമല്ലോ.

ഇടവക വൈദികരെ ആദരിക്കുകയും അവർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യുമല്ലോ. സാധിക്കുന്ന യൂണിറ്റുകളിൽ നിന്നും ആഗസ്റ്റ് മാസം പ്രീസ്റ്റ്ഹോം സന്ദർശിക്കുന്നത് നല്ലതായിരിക്കും.

### MV 14/23 വി. മോനിക്കായുടെ തിരുനാൾ

ആഗസ്റ്റ് മാസം 27-ാം തീയതി വി. മോനിക്കായുടെ തിരുനാൾ ദിവസം പ്രാർത്ഥനാദിനമായി ആചരിക്കണം.

## പ്രാർത്ഥനാ ഗ്രൂപ്പ്

### PG 26/23 മണിപ്പൂരിന്റെ സമാധാനത്തിനായി ഉപവാസ പ്രാർത്ഥന

വേദന അനുഭവിക്കുന്ന മണിപ്പൂർ ജനതയ്ക്കായി കരിസ്മാറ്റിക് നവീകരണം ഇടുക്കി സോണിന്റെ നേതൃത്വത്തിൽ ജൂൺ 20 ചൊവ്വാഴ്ച ഏകദിന ഉപവാസ ദിനമായി ആചരിച്ചു.

### PG 27/23 മണിപ്പൂർ ജനതയ്ക്കായി മധ്യസ്ഥ പ്രാർത്ഥന

മണിപ്പൂരിൽ വേദന അനുഭവിക്കുന്ന ജനതയ്ക്കായി ഇടുക്കി സോൺ കരിസ്മാറ്റിക് നവീകരണത്തിന്റെ നേതൃത്വത്തിൽ ജൂൺ 21 ബുധനാഴ്ച മുതൽ എല്ലാ ദിവസവും വൈകിട്ട് 9 മുതൽ 9:30 വരെ Online മധ്യസ്ഥ പ്രാർത്ഥന നടക്കുന്നു.

## മദ്യവിരുദ്ധസമിതി

### MVS 01/23 KCBC മദ്യവിരുദ്ധ സമിതി ഇടുക്കി രൂപത കമ്മിറ്റി

25.6.2023 ൽ എഴുകുംവയൽ നിത്യസഹായ മാതാ ദൈവാലയത്തിൽ വച്ച് രൂപതാ കമ്മിറ്റി കൂടുകയുണ്ടായി. ഇടുക്കി രൂപതാ പ്രസിഡണ്ട് സിൽബി ചുനയംമാക്കലിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ രൂപതാ ഡയറക്ടർ ഫാ. തോമസ് വലിയമംഗലം മുഖ്യ സന്ദേശം നൽകി. ഇടുക്കി രൂപതാ ജനറൽ സെക്രട്ടറി റോജസ് എം.

ജോർജ് സ്വാഗതം ആശംസിച്ചു. പുതുതായി രൂപതാ കമ്മിറ്റിയിൽ അംഗങ്ങളായി ചേർന്ന, ശ്രീ. സിജോ ഇലന്തൂർ, ആദർശ് ആനക്ക ല്ലിൽ, ബിനോയി കളത്തുക്കുന്നേൽ, സെസിൽ ജോസ്, തുടങ്ങിയ വരും യോഗത്തിൽ പങ്കെടുത്തു. മദ്യലഹരിയിൽ കേരളത്തിൽ നടമാ ടുന്ന ഗുരുതര പ്രശ്നങ്ങൾ, യോഗം അതീവ ഗൗരവം ആയി ചർച്ച ചെയ്തു. രൂപതാ തലത്തിൽ ഉടൻതന്നെ നടപ്പിലാക്കേണ്ട മദ്യലഹരി വിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഏവ എന്ന് യോഗം ചർച്ച ചെയ്തു. ജൂലൈ 16 ഞായർ രണ്ടു മുപ്പതിന് കരിമ്പൻ ബിഷപ്പ് ഹൗസിൽ വച്ച് രൂപതതല നേതൃസംഗമം നടത്തുന്നതിനും തീരുമാന മായി.

## MVS 02/23 മദ്യവർജനം സമൂഹത്തിന്റെ അനിവാര്യത

മദ്യവും, രാസ ലഹരി ഉൽപ്പന്നങ്ങളും വർജിക്കേണ്ടത് സമൂ ഹസൃഷ്ടിക്ക് അനിവാര്യമാണെന്ന് ഇടുക്കി രൂപതാ വികാരി ജനറൽ മോൺ. ജോസ് പ്ലാച്ചിക്കൽ പറഞ്ഞു. കെസിബിസി മദ്യവിരുദ്ധ സമിതി ഇടുക്കി രൂപതാ നേതൃസംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കുടുംബത്തെയും, പുതുതലമുറയെയും തകർക്കുന്ന സാമൂഹിക വിപത്തായി മദ്യം മാറിയിരിക്കുന്നു. കുട്ടികളും, യുവജന ങ്ങളും എല്ലാം ഇതിലേക്ക് ആകർഷിക്കപ്പെടുന്നത് ആപത്കരമാണ്. എല്ലാവരുടെയും കൂട്ടായ പരിശ്രമത്തിലൂടെ ഈ സാമൂഹികവിപ ത്തിൽ നിന്നും പൊതുസമൂഹത്തെ രക്ഷിക്കാൻ ആകുമെന്നും അദ്ദേഹം പറഞ്ഞു. മദ്യവിരുദ്ധ സമിതി ഇടുക്കി രൂപത പ്രസിഡന്റ് സിൽബി ചുനയംമാക്കൽ അധ്യക്ഷത വഹിച്ചു. രൂപതാ ജനറൽ സെക്രട്ടറി റോജസ് എം. ജോർജ് സ്വാഗതം ആശംസിച്ചു. രൂപതാ ഡയറക്ടർ ഫാ. തോമസ് വലിയമംഗലം മുഖ്യപ്രഭാഷണം നടത്തി. കത്തോലിക്കാ കോൺഗ്രസ് ജനറൽ സെക്രട്ടറി സിജോ ഇലംതുർ, സി. ലീജ എസ്.ഡി., കെ.സി.വൈ.എം. രൂപതാ പ്രിസിഡന്റ് ജെറിൻ ജെ. പാട്ടാകുളം, മാതൃവേദി വൈസ് പ്രസിഡന്റ് മിനി മാറാമറ്റം, തുടങ്ങിയവർ പ്രസംഗിച്ചു. രൂപതാ സമിതിയിൽ ഇരുപതു വർഷം പൂർത്തിയാക്കിയ വരെ മൊമെന്റോ നൽകി യോഗം ആദരിച്ചു.

## AJ. 02/23 Atmajyothi Foreign Language Institute

ആത്മജ്യോതി പാസ്റ്ററൽ സെന്ററിൽ ആരംഭിച്ച ആത്മജ്യോതി ഫോറിൻ ലാംഗ്വേജ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉദ്ഘാടന കർമ്മം അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവ് നിർവഹിച്ചു. മോണിംഗ് സ്റ്റാർ നഴ്സിംഗ് സ്കൂൾ പ്രിൻസിപ്പാൾ റവ. സി. ലിസ് റാണി CSN മുഖ്യപ്രഭാഷണവും ബഹു. ജോസഫ് കൊച്ചുകുന്നേൽ അച്ചൻ ആശംസകളും അറിയിച്ചു. ആദ്യ ബാച്ചിലെ വിദ്യാർത്ഥികളെ പൂക്കൾ നൽകി അഭിവന്ദ്യ പിതാവ് സ്വീകരിച്ചു.

## AJ. 03/23 ഓഗസ്റ്റ് മാസത്തിലെ Marriage Preparation Course

11, 12, 13 (വെള്ളി, ശനി, ഞായർ) ദിവസങ്ങളിൽ നടത്തപ്പെടുന്നത് ആയിരിക്കും. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ താഴെ കൊടുത്തിരിക്കുന്ന വെബ്സൈറ്റ് മുഖേന ഓൺലൈൻ ആയോ ഫോൺ വഴിയോ ബുക്ക് ചെയ്യേണ്ടതാണ്.

www.atmajyothi.site
Ph: 6235931254, 8078755919, 9400092632

## AJ. 04/23 ആത്മജ്യോതി ഫോറിൻ ലാംഗ്വേജ് ഇൻസ്റ്റിറ്റ്യൂട്ട്

ആത്മജ്യോതി ഫോറിൻ ലാംഗ്വേജ് ഇൻസ്റ്റിറ്റ്യൂട്ടിൽ പുതിയ A1 Batch ഒക്ടോബർ മാസം ആരംഭിക്കുന്നതായിരിക്കും. അന്വേഷണങ്ങൾക്ക് താഴെകൊടുത്തിരിക്കുന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

Ph. 9496338577,9400092632
www.atmajyothi.site

## വയോധികരെ ശുശ്രൂഷിക്കേണ്ടത് പുതു തലമുറയുടെ കടമയും ഉത്തരവാദിത്വവുമാണ്: മാർ ജോൺ നെല്ലിക്കുന്നേൽ

മുതിർന്ന തലമുറയെ വാർദ്ധക്യത്തിൽ ശ്രുശ്രൂഷിക്കേണ്ടത് പുതു തലമുറയുടെ കടമയും ഉത്തരവാദിത്വവുമാണന്ന് ഇടുക്കി രൂപതാ മെത്രാൻ മാർ ജോൺ നെല്ലിക്കുന്നേൽ തങ്കമണി സെന്റ് തോമസ് ഫൊറോനാ പള്ളിയിൽ വയോജനങ്ങളെ ആദരിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. വാർദ്ധക്യത്തിന്റെ ഏകാന്തതയിൽ ആരും തനിച്ചല്ല എന്ന പ്രത്യാശയുടെ സന്ദേശം പ്രചരിപ്പിക്കാൻ വയോജന ദിനാചരണത്തിന് കഴിയണമെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു.

ഈശോയുടെ മുത്തശ്ശി മുത്തച്ഛന്മാരും മറിയത്തിന്റെ മാതാപിതാക്കളുമായ വിശുദ്ധ ജൊവാക്കിം - അന്ന ദമ്പതികളുടെ തിരുനാൾ 2021-ൽ ഫ്രാൻസിസ് മാർപാപ്പ ലോക മുത്തശ്ശി മുത്തച്ഛൻമാരുടെയും വയോധികരുടെയും ആഗോളദിനമായി പ്രഖ്യാപിച്ചു.

''അവിടുത്തെ കാരുണ്യം തലമുറകൾ തോറും'' എന്ന വിശുദ്ധ ലൂക്കായുടെ സുവിശേഷം ഒന്നാം അധ്യായം അൻപതാം വാക്യമായിരുന്നു ഈ വർഷത്തെ ആപ്തവാക്യം.

തങ്കമണി സെന്റ് തോമസ് ഫൊറോന ദൈവാലയത്തിൽ മാർ ജോൺ നെല്ലിക്കുന്നേൽ വിശുദ്ധ കുർബാന അർപ്പിക്കുകയും വയോജനങ്ങളെ ആദരിക്കുകയും ചെയ്തു. എല്ലാ ഇടവകകളിലും വിപുലമായ പരിപാടികളോടെ വയോജന ദിനം ആചരിച്ചു. മുതിർന്നവരെ ദൈവാലയത്തിലെത്തിച്ച് കുമ്പസാരിക്കുന്നതിനും കുർബാന സ്വീകരിക്കുന്നതിനും പരസ്പരം സംസാരിക്കുന്നതിനും ക്രമീകരണങ്ങൾ ഒരുക്കി. കുട്ടികളുടെ കലാപരിപാടിളും സ്നേഹവിരുന്നും പരിപാടികൾക്ക് കൊഴുപ്പേകി. പൂച്ചെണ്ടുകളും സമ്മാനങ്ങളും നൽകി വയോജനങ്ങളെ ആദരിച്ചു.

മല്പാൻ മാത്യു വെള്ളാനിക്കൽ

# സഭൈക്യവും സുവിശേഷ പ്രഘോഷണവും

## (തിരുവചനഭാഗം: 1 കോറിന്തോസ് 1,1–31)

കോറിന്തോസിലെ സഭാംഗങ്ങളെ പൗലോസ്ശ്ലീഹാ അവരുടെ വിളിയെക്കുറിച്ചും ദൗത്യത്തെക്കുറിച്ചും അനുസ്മരിപ്പിക്കുന്നു. ഈ തിരുവചനഭാഗം താഴെക്കാണുംവിധം വിഭജിക്കാം.

1. ആമുഖവും ആശംസാവാക്യവും (1,1–3)
2. നന്ദിയും പ്രാർത്ഥനയും (1,4–9)
3. സഭയിലെ ഭിന്നത (1,10–17)
4. സുവിശേഷത്തിന്റെ ഭോഷത്തം (1,18–25)
5. ദൈവവിളി (1,26–31)

ഈ വചനഭാഗം അജപാലകർക്കു നല്കുന്ന സന്ദേശങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കാം.

**1. ആമുഖവും ആശംസാവാക്യവും**

*"ഈശോമിശിഹായുടെ ശ്ലീഹായായി ദൈവഹിതാനുസരണം വിളിക്കപ്പെട്ട പൗലോസും സഹോദരൻ സൊസ്തേനെസ്സും കോറിന്തോസിലുള്ള ദൈവത്തിന്റെ സഭയ്ക്ക് എഴുതുന്നത്: ഈശോമിശിഹായിൽ വിശുദ്ധരായവർക്കും വിശുദ്ധരാകാൻ വിളിക്കപ്പെട്ടവർക്കും നമ്മുടെ കർത്താവായ ഈശോമിശിഹായുടെ നാമം എല്ലായിടത്തും വിളിച്ചപേക്ഷിക്കുന്ന എല്ലാവർക്കും നമ്മുടെ പിതാവായ ദൈവത്തിൽനിന്നും കർത്താവായ ഈശോമിശിഹായിൽനിന്നും കൃപയും സമാധാനവും*" (1,1–3).

ആദ്യനൂറ്റാണ്ടിൽ നിലവിലിരുന്ന കത്തുകളുടെ ശൈലിതന്നെയാണ് പൗലോസ്ശ്ലീഹാ തന്റെ രചനയിലും സ്വീകരിച്ചിരിക്കുന്നത്. അതായത്, ആര് ആർക്ക് എഴുതുന്നു എന്ന് വ്യക്തമാക്കുന്നു. പൗലോസ്ശ്ലീഹാ സ്വയം വിശേഷിപ്പിക്കുന്നത് 'ഈശോമിശിഹായുടെ ശ്ലീഹാ

യായി ദൈവഹിതാനുസരണം വിളിക്കപ്പെട്ടവൻ' എന്നാണ്. പൗലോസിന്റെ ശ്ലൈഹികസ്ഥാനം അംഗീകരിക്കാൻ കൂട്ടാക്കാത്ത ചിലർ കോറിന്തോസിലെ സമൂഹത്തിലുണ്ടായിരുന്നു. പന്ത്രണ്ടുശ്ലീഹന്മാരിലൊരുവനല്ലാതിരുന്നതിനാലാണ് ഇപ്രകാരമൊരു സാഹചര്യമുണ്ടായത്. എന്നാൽ, പന്ത്രണ്ടുശ്ലീഹന്മാരെപ്പോലെ താനും ഉത്ഥിതനായ മിശിഹായെ സഭയിൽ കണ്ട (നടപടി 9-ാം അദ്ധ്യായം), ശ്ലൈഹികാധികാരമുള്ള വ്യക്തിയാണെന്ന് പൗലോസ്ശ്ലീഹാ വ്യക്തമാക്കുന്നു.

കോറിന്തോസിലുള്ള ദൈവത്തിന്റെ സഭയ്ക്കാണ് പൗലോസ്ശ്ലീഹാ ഈ ലേഖനം എഴുതുന്നത്. സഭ എന്നതിന് 'എക്ലേസിയാ' എന്ന ഗ്രീക്കുവാക്കാണ് ഉപയോഗിച്ചിരിക്കുന്നത്. ഒരുമിച്ചു കൂട്ടപ്പെട്ട ജനസമൂഹം എന്നാണിതിനർത്ഥം. ഇവിടെ ഇതു ദൈവത്തിന്റെ സഭയാണ്. പഴയനിയമത്തിൽ ദൈവം തിരഞ്ഞെടുത്ത ജനത്തെ സൂചിപ്പിക്കാൻ 'എക്ലേസിയാ' എന്ന പദം ഉപയോഗിച്ചിരുന്നു. സഭ പുതിയനിയമ ദൈവജനമാണ് എന്ന യാഥാർത്ഥ്യം ഇതിലൂടെ പൗലോസ്ശ്ലീഹാ സഭാംഗങ്ങളെ ഓർമ്മിപ്പിക്കുകയാണ്. അതോടൊപ്പം 'ഈശോമിശിഹായിൽ വിശുദ്ധരായവർക്കും വിശുദ്ധരാകാൻ വിളിക്കപ്പെട്ടവർക്കും' എന്ന വാക്കുകൾ കൂട്ടിച്ചേർക്കുന്നു. സഭയിൽ എല്ലാവരും പരിശുദ്ധനായ ദൈവത്തിനും ദൈവാരാധനയ്ക്കുംവേണ്ടി മാറ്റിനിർത്തപ്പെട്ടവരാണെന്ന് ഇതു സൂചിപ്പിക്കുന്നു. അതുകൊണ്ട് സഭയിൽ എല്ലാവരും ധാർമ്മികമായ ജീവിതവിശുദ്ധിയിലേക്ക് വിളിക്കപ്പെട്ടവരാണെന്ന് ശ്ലീഹാ ഓർമ്മിപ്പിക്കുന്നു. അജപാലകരും വിശ്വാസികളും വിശുദ്ധിയിലേക്കുള്ള തങ്ങളുടെ വിളിയെക്കുറിച്ചും സുവിശേഷപ്രഘോഷണദൗത്യത്തെക്കുറിച്ചും അവബോധമുള്ളവരായിരിക്കണമെന്ന് ഇതു നമ്മെ ഓർമ്മിപ്പിക്കുന്നു.

### 2. നന്ദിയും പ്രാർത്ഥനയും

*"ഈശോമിശിഹായിൽ നിങ്ങൾക്കു കൈവന്ന ദൈവകൃപയ്ക്കു ഞാൻ നിങ്ങളെപ്രതി ദൈവത്തിനു സദാ നന്ദിപറയുന്നു. എന്തുകൊണ്ടെന്നാൽ, അവിടുന്ന് എല്ലാ വിധത്തിലും, പ്രത്യേകിച്ച്, വചനത്തിലും വിജ്ഞാനത്തിലും നിങ്ങളെ സമ്പന്നരാക്കി. മിശിഹായെപ്പറ്റിയുള്ള സാക്ഷ്യം നിങ്ങളിൽ ഉറപ്പിക്കപ്പെട്ടതിന്റെ ഫലമായി, നമ്മുടെ കർത്താവായ ഈശോമിശിഹായുടെ വെളിപാടു കാത്തിരിക്കുന്ന നിങ്ങൾക്ക് യാതൊരു ആത്മീയദാനത്തിന്റെയും കുറവില്ല"* (1,4-7).

പൗലോസ്ശ്ലീഹായുടെ എല്ലാ ലേഖനങ്ങളിലുംതന്നെ നന്ദി പ്രകടനം ആദ്യഭാഗത്തായി ചേർക്കുന്നുണ്ട്. കോറിന്തോസിലെ സഭാം ഗങ്ങളുടെ മികവിലും തന്നോടുള്ള പെരുമാറ്റത്തിനുമല്ല നന്ദി പറ യുന്നത്. ദൈവം സഭയിൽ ചെയ്ത മഹത്കാര്യങ്ങളാണ് നന്ദിയുടെ അടിസ്ഥാനം. എന്തെല്ലാം കുറവുകൾ സഭാംഗങ്ങളുടെ ഭാഗത്തുനി ന്നുണ്ടായാലും വിശ്വാസം സ്വീകരിക്കാത്ത ഇതര കോറിന്തോസു കാരെക്കാൾ ഭാഗ്യപൂർണമായ ജീവിതമാണ് വിശ്വാസികളുടേത് എന്ന സൂചനയാണിവിടെ കാണുന്നത്. മാനുഷികമോ ഭൗമികമാത്രമോ ആയ നേട്ടങ്ങൾ വലിയ കാര്യമായി ശ്ലീഹാ കണക്കാക്കുന്നില്ല. ഈശോമിശിഹായിൽ അവർക്കു കൈവന്ന കൃപയാണ് പ്രധാനം. സത്യം ഗ്രഹിക്കുകയും അതു പ്രഘോഷിക്കുകയും ചെയ്യാനുള്ള കൃപയാണ് കോറിന്തോസുകാർക്കു ലഭിച്ചത്. അവർ അതു ഫലപ്രദ മായി ഉപയോഗപ്പെടുത്തുകയും ചെയ്തു.

'മിശിഹായെക്കുറിച്ചുള്ള സാക്ഷ്യം' എന്നത് പ്രാധാന്യമർഹി ക്കുന്നു (1 കോറി 1,6-7). 'ഞങ്ങളുടെ സാക്ഷ്യം' എന്നാണ് മൂലഗ്ര ന്ഥത്തിൽ കാണപ്പെടുന്നത്. സുവിശേഷസാക്ഷ്യത്തിന്റെ ഉറവിടത്തി ലേക്കാണ് ഇതു വിരൽചൂണ്ടുന്നത്. സുവിശേഷം എന്നാൽ ദൈവം പ്രവർത്തിച്ച രക്ഷാകരപ്രവർത്തനങ്ങളുടെ സദ്‌വാർത്തയാണ്. ശ്ലീഹ ന്മാരുടെ സാക്ഷ്യത്തിലൂടെയാണ് ഇതു കൈമാറ്റം ചെയ്യപ്പെടുന്നത്. സുവിശേഷകൈമാറ്റത്തിലെ സഭയുടെ സ്ഥാനം ഇതു വ്യക്തമാക്കു ന്നു. ഈ കൈമാറ്റമാണ് സുവിശേഷസന്ദേശത്തിലെ 'പാരമ്പര്യം'. 'എനിക്കു കർത്താവിൽനിന്നു ലഭിച്ചതും ഞാൻ നിങ്ങളെ ഭരമേല്പി ച്ചതുമായ കാര്യം' (1 കോറി 11,23) എന്ന് പിന്നീട് ഇതേ അർത്ഥ ത്തിൽ ഇതു പരാമർശിക്കപ്പെടുന്നുണ്ട്. 'സാക്ഷ്യം നല്കുക' എന്നത് കേവലം വാക്കുകൾകൊണ്ടുള്ള വെളിപ്പെടുത്തൽ മാത്രമല്ല. 'നിങ്ങൾ എനിക്കു സാക്ഷികളാകുവിൻ' (ശ്ലീഹ 1,8) എന്നാണ് കർത്താവ് ശിഷ്യസമൂഹത്തോട് ആവശ്യപ്പെട്ടത്. തങ്ങളുടെ പ്രബോധനം കൊണ്ടും ജീവിതംകൊണ്ടും, അവസാനം ജീവൻ നല്കിയും, ശ്ലീഹ ന്മാർ സുവിശേഷത്തിനു സാക്ഷികളായി. ഈ സുവിശേഷസാക്ഷ്യം ഇന്നും സഭയിൽ തുടരുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാൻ അജപാല കരും അജഗണങ്ങളും പ്രത്യേകം ശ്രദ്ധിക്കണം.

**3. സഭയിലെ ഭിന്നത**

*"സഹോദരരേ, നിങ്ങൾ എല്ലാവരും സ്വരച്ചേർച്ചയോടും*

*ഐക്യത്തോടും ഏകമനസ്സോടും ഏകാഭിപ്രായത്തോടുംകൂടെ വർത്തിക്കണമെന്നു നമ്മുടെ കർത്താവായ ഈശോമിശിഹായുടെ നാമത്തിൽ ഞാൻ നിങ്ങളോട് അഭ്യർത്ഥിക്കുന്നു. എന്റെ സഹോദരരേ, നിങ്ങളുടെയിടയിൽ തർക്കങ്ങളുണ്ടെന്നു ക്ലോയെയുടെ ബന്ധുക്കൾ എന്നെ അറിയിച്ചിരിക്കുന്നു. ഞാൻ പൗലോസിന്റേതാണ്, ഞാൻ അപ്പോളോസിന്റേതാണ്, ഞാൻ കേപ്പായുടേതാണ്, ഞാൻ മിശിഹായുടേതാണ് എന്നിങ്ങനെ നിങ്ങളോരോരുത്തരും പറയുന്നതിനെയാണ് ഞാൻ ഉദ്ദേശിക്കുന്നത്. മിശിഹാ വിഭജിക്കപ്പെട്ടിരിക്കുന്നുവോ? നിങ്ങൾക്കുവേണ്ടി ക്രൂശിതനായതു പൗലോസാണോ? പൗലോസിന്റെ നാമത്തിലാണോ നിങ്ങൾ മാമോദീസാ സ്വീകരിച്ചത്?"* (1,10-13).

ഈശോമിശിഹായുടെ സഹവാസത്തിലേക്കു വിളിക്കപ്പെട്ട സഭാസമൂഹത്തിൽ ഭിന്നത ശക്തിപ്രാപിച്ചിരിക്കുന്ന പശ്ചാത്തലത്തിലാണ് പൗലോസ്ശ്ലീഹാ സംസാരിക്കുന്നത്. 'സഹോദരരേ' എന്ന അഭിസംബോധന പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. 'സഹോദരരേ' എന്ന വാക്ക് 39 പ്രാവശ്യം കോറിന്തോസുകാർക്കുള്ള ഈ ഒന്നാം ലേഖനത്തിൽ ഉപയോഗിച്ചിട്ടുണ്ട്. മാമോദീസായിലൂടെ പിതാവായ ദൈവത്തിന്റെ പുത്രത്വത്തിലേക്ക് പ്രവേശിച്ചിരിക്കുന്നവരുടെ കുടുംബമാണ് സഭ. അപ്രകാരമുള്ള സഭാംഗങ്ങൾ പരസ്പരം സഹോദരങ്ങളായി, കുടുംബാരൂപിയിലും ഐക്യത്തിലും ജീവിക്കേണ്ടവരാണ്. എന്നാൽ കോറിന്തോസിലെ സഭാസമൂഹത്തിൽ ആഴമായ ഭിന്നത രൂപപ്പെട്ടിരുന്നു. പൗലോസിന്റെയും അപ്പോളോസിന്റെയും കേപ്പായുടെയും മിശിഹായുടെയും പേരിൽ ഭിന്നിച്ചുനില്ക്കുന്ന സ്ഥിതിവിശേഷമാണ് അവിടെയുണ്ടായിരുന്നത്. അവരുടെ പ്രബോധനങ്ങളോടുള്ള ആഭിമുഖ്യമാകാം ഈ വിഭജനത്തിനടിസ്ഥാനം. ക്രൂശിതനായ മിശിഹായിലുള്ള വിശ്വാസത്തെക്കാൾ, മിശിഹായെപ്പറ്റിയുള്ള പ്രബോധനത്തിനും പ്രബോധകർക്കും പ്രാധാന്യം കല്പിച്ചുകൊണ്ട് സഭാകൂട്ടായ്മയെ ശിഥിലമാക്കിയിരുന്ന സാഹചര്യമാണവിടെയുണ്ടായിരുന്നത്. മിശിഹായിൽ ഏകശരീരമായിത്തീർന്ന സമൂഹമെന്ന നിലയിലുള്ള കൂട്ടായ്മയ്ക്കാണ് സഭയിൽ അടിസ്ഥാനപരമായി പ്രാധാന്യം നല്കേണ്ടതെന്ന് പൗലോസ്ശ്ലീഹാ അവരെ ഉദ്ബോധിപ്പിക്കുന്നു.

"മിശിഹാ എന്നെ അയച്ചത് സ്നാനം നല്കാനല്ല, സുവി

ശേഷം പ്രസംഗിക്കാനാണ്. എന്നാൽ വാഗ്‌വിലാസത്തോടെയല്ല, ആയിരുന്നെങ്കിൽ മിശിഹായുടെ കുരിശു വ്യർത്ഥമാകുമായിരുന്നു" (1,17) എന്ന് പൗലോസ്ശ്ലീഹാ എടുത്തുപറയുന്നു. മാമോദീസാ നല്കുകയോ മറ്റേതെങ്കിലും കൂദാശകൾ നല്കുകയോ ചെയ്യുന്ന വ്യക്തികൾ അവരിൽത്തന്നെ പ്രധാനമല്ല. ദൈവം അവരെ ഭരമേല്പിച്ചിട്ടുള്ള ശുശ്രൂഷ നിർവഹിക്കുക മാത്രമാണ് അവർ ചെയ്യുന്നത്. കൂദാശകൾ പരികർമ്മം ചെയ്യുന്നവരോടും മറ്റ് ദൈവികശുശ്രൂഷകൾ ചെയ്യുന്നവരോടും പ്രത്യേക അടുപ്പവും ബന്ധവും തോന്നിയെന്നിരിക്കാം. എങ്കിലും അവർ തങ്ങളുടെ ശുശ്രൂഷയിലൂടെ വിശ്വാസികളെ തങ്ങളിലേയ്ക്കല്ല മിശിഹായിലേക്കാണ് ചേർക്കേണ്ടതും അടുപ്പിക്കേണ്ടതും. പൗരോഹിത്യശുശ്രൂഷ ശ്ലൈഹികശുശ്രൂഷയാണ്. അതുകൊണ്ട് അജപാലകർ സുവിശേഷപ്രഘോഷണത്തിനാണ് പ്രാധാന്യം കല്പിക്കേണ്ടത്. സുവിശേഷപ്രഘോഷണത്തിലൂടെ സഭാസമൂഹത്തെ സ്നേഹത്തിലും സാഹോദര്യത്തിലും കെട്ടിപ്പടുക്കുവാൻ അജപാലകർ പ്രത്യേകം ശ്രദ്ധിക്കണം.

### 4. സുവിശേഷത്തിന്റെ ഭോഷത്തം

*"നാശത്തിലുടെ ചരിക്കുന്നവർക്കു കുരിശിന്റെ വചനം ഭോഷത്തമാണ്. രക്ഷയിലൂടെ ചരിക്കുന്ന നമുക്കോ അതു ദൈവത്തിന്റെ ശക്തിയത്രേ. വിജ്ഞാനികളുടെ വിജ്ഞാനം ഞാൻ നശിപ്പിക്കും, വിവേകികളുടെ വിവേകം ഞാൻ നിഷ്ഫലമാക്കും എന്ന് എഴുതപ്പെട്ടിരിക്കുന്നുവല്ലോ. വിജ്ഞാനി എവിടെ? നിയമജ്ഞൻ എവിടെ? ഈ യുഗത്തിന്റെ താർക്കികൻ എവിടെ? ലൗകികവിജ്ഞാനത്തെ ദൈവം ഭോഷത്തമാക്കിയില്ലയോ? ദൈവത്തിന്റെ ജ്ഞാനത്തിൽ ലോകം ലൗകികവിജ്ഞാനത്താൽ അവിടുത്തെ അറിഞ്ഞില്ല. തന്മൂലം വിശ്വസിക്കുന്നവരെ സുവിശേഷത്തിന്റെ ഭോഷത്തംവഴി രക്ഷിക്കാൻ അവിടുന്നു തിരുമനസ്സായി"* (1,18-21).

കുരിശിന്റെ വചനം പൗലോസ്ശ്ലീഹായുടെ സുവിശേഷപ്രഘോഷണത്തിന്റെ ഉള്ളടക്കംതന്നെയാണ്. ശ്ലീഹായുടെ കാഴ്ചപ്പാടിൽ രണ്ടു തരത്തിലുള്ള മനുഷ്യരാണുള്ളത് - നശിച്ചുകൊണ്ടിരിക്കുന്നവരും രക്ഷയുടെ വഴിയിൽ ചരിക്കുന്നവരും. നശിച്ചുകൊണ്ടിരിക്കുന്നവർ ദൈവവുമായുള്ള കൂട്ടായ്മ നഷ്ടപ്പെട്ടവരാണ്. അവർക്കു കുരിശിന്റെ സന്ദേശം വെറും ഭോഷത്തമാണ്. രക്ഷയിലേക്കു വന്നിരിക്കുന്നവർക്ക് അവരുടെ ജീവിതശൈലിമൂലം ആത്മീ

യകാര്യങ്ങൾ വിലമതിക്കാൻ കഴിയുന്നു. അവർ സുവിശേഷത്തിന്റെ മഹത്ത്വം കണ്ടെത്തുന്നു. സുവിശേഷം കേവലം നവീനമായ ഒരു പ്രബോധനമോ, ആകർഷകമായ ഒരു വിജ്ഞാനമോ അല്ല. അതു ദൈവത്തിന്റെ ശക്തിയാണ്. മിശിഹായിലൂടെ ദൈവം നല്കിയ വലിയ സമ്മാനത്തിനുള്ള പ്രത്യുത്തരമാണ്. അനുദിനം മിശിഹായ്ക്കു ചേർന്നവിധം ജീവിച്ചുകൊണ്ടാണ് ഈ പ്രത്യുത്തരം യാഥാർത്ഥ്യമാക്കേണ്ടത്.

പൗലോസ്ശ്ലീഹാ തുടർന്നുപറയുന്നു: "യഹൂദർ അടയാളങ്ങൾ ആവശ്യപ്പെടുന്നു; ഗ്രീക്കുകാർ വിജ്ഞാനം അന്വേഷിക്കുന്നു. ഞങ്ങളാകട്ടെ യഹൂദർക്ക് ഇടർച്ചയും വിജാതീയർക്കു ഭോഷത്തവുമായ ക്രൂശിക്കപ്പെട്ട മിശിഹായെ പ്രസംഗിക്കുന്നു" (1,22-23). യഹൂർക്ക് കുരിശ് അസ്വീകാര്യമായിരുന്നു. തങ്ങളെ രാഷ്ട്രീയമായും സാമൂഹികപരമായും മോചിപ്പിക്കുവാൻ വരുന്ന മിശിഹായെയാണ് അവർ പ്രതീക്ഷിച്ചിരുന്നത്. അതുകൊണ്ട് ക്രൂശിതനായ മിശിഹാ അവർക്ക് ഇടർച്ചയാണ്. കോറിന്തോസുകാർ ലോകത്തിന്റെ ജ്ഞാനത്തിൽ മഹത്ത്വവും സ്വാതന്ത്ര്യവും തികഞ്ഞവരായിരുന്നു. ഗ്രീക്കു തത്വചിന്തയായിരുന്നു കോറിന്തോസിലെ മേൽനിരയുടെ അഭിമാനം. അവർക്ക് ക്രൂശിതനായ മിശിഹാ ഭോഷത്തമാണ്. എന്നാൽ ദൈവത്താൽ വിളിക്കപ്പെട്ട ക്രൈസ്തവർക്ക് മിശിഹാ ദൈവത്തിന്റെ ശക്തിയും ജ്ഞാനവുമാണ് (1,24). ക്രൂശിതനായ മിശിഹായെ കഴിഞ്ഞുപോയ ഒരു യാഥാർത്ഥ്യമായല്ല, ഇപ്പോഴും തുടരുന്ന ഒന്നായിട്ടാണ് ശ്ലീഹാ അവതരിപ്പിക്കുന്നത്. ക്രൂശിതനായ മിശിഹായുടെ രക്ഷാകരസാന്നിദ്ധ്യം ഇപ്പോഴും തുടരുന്നു. വിശ്വസിക്കുന്നവർക്ക് അത് ദൈവത്തിന്റെ ശക്തിയും ജ്ഞാനവുമായി ഇന്നും തുടരുന്നു. കുരിശിൽ ഉയർത്തപ്പെട്ട, ഉത്ഥിതനായ, മിശിഹായിലുള്ള വിശ്വാസം അജപാലകരുടെയും അജഗണങ്ങളുടെയും ജീവിതകേന്ദ്രമായി നിലകൊള്ളണം.

**5. ദൈവവിളി**

*"സഹോദരരേ, നിങ്ങൾക്കു ലഭിച്ചിരിക്കുന്ന ദൈവവിളിയെപ്പറ്റിത്തന്നെ ചിന്തിക്കുവിൻ ലൗകികമാനദണ്ഡമനുസരിച്ച് നിങ്ങളിൽ ബുദ്ധിമാന്മാർ അധികമില്ല; ശക്തരും കുലീനരും അധികമില്ല. എങ്കിലും വിജ്ഞാനികളെ ലജ്ജിപ്പിക്കാൻ ദൈവദൃഷ്ടിയിൽ ഭോഷന്മാരായവരെ ദൈവം തിരഞ്ഞെടുത്തു. ശക്തമായവയെ ലജ്ജിപ്പി*

*ക്കാൻ ലോകദൃഷ്ടിയിൽ അശക്തമായവയെയും. നിലവിലുള്ളവയെ നശിപ്പിക്കുവാൻവേണ്ടി ലോകദൃഷ്ട്യാ നിസ്സാരങ്ങളായവയെയും അവഗണിക്കപ്പെട്ടവയെയും ഇല്ലായ്മയെത്തന്നെയും ദൈവം തിരഞ്ഞെടുത്തു"* (1,26-28).

ആദിമസഭയുടെ പശ്ചാത്തലത്തിൽ ക്രിസ്ത്യാനികളിൽ ഏറിയ പങ്കും സാധാരണക്കാരും സമൂഹത്തിലെ താഴ്ന്ന തട്ടുകളിൽ ഉള്ളവരുമായിരുന്നു. ജ്ഞാനികളും കുടുംബമഹിമകളുള്ളവരും സമൂഹത്തിൽ സ്ഥാനമുള്ളവരും സഭയിലില്ലായിരുന്നു എന്നിവിടെ സൂചനയില്ല. ഭൂരിപക്ഷം സഭാംഗങ്ങളും സാധാരണക്കാരായിരുന്നു. ഇപ്രകാരം ലോകദൃഷ്ടിയിൽ സാധാരണക്കാരായവരെ തിരഞ്ഞെടുത്തത് ദൈവത്തിന്റെ മഹനീയമായ പ്രവൃത്തിയുടെ വൈഭവം പ്രകടമാക്കാനാണ്. ദൈവത്തിന്റെ പ്രവൃത്തി സൃഷ്ടിതന്നെയാണ്. ഇല്ലായ്മയെയും ബലഹീനതയെയും ദൈവം മഹത്തരമാക്കുന്നു. കോറിന്തോസിലെ സഭയിൽ നിലനിന്നിരുന്ന കക്ഷിമത്സരങ്ങളും അറിവിന്റെയും ജ്ഞാനത്തിന്റെയും പേരിലുള്ള അഹങ്കാരങ്ങളും ദൈവത്തിന്റെ പ്രവർത്തനത്തിനുമുമ്പിൽ സമ്പൂർണമായും ഫലശൂന്യവും ഇല്ലായ്മയുമായിത്തീരുന്നു. ദൈവം ഇപ്രകാരം പ്രവർത്തിക്കുന്നത് മാനുഷികമായ അഭിമാനത്തിന്റെ സാദ്ധ്യതകൾ ദുരീകരിക്കുന്നതിനാണ്. നമ്മുടെ ക്രിസ്തീയവിളി ദൈവത്തിന്റെ കൃപമാത്രമാണ് എന്നു നാം അംഗീകരിക്കണം.

അതേസമയം മിശിഹായിലൂടെ നമുക്കു ലഭ്യമായ ഭാവാത്മകനേട്ടങ്ങൾ നാം അംഗീകരിക്കുകയും വേണം. നമ്മുടെ ജീവിതത്തിന്റെ ഉറവിടം മിശിഹായാണ്. വിശ്വാസികളെന്ന നിലയിൽ നമ്മുടെ ജീവിതം മിശിഹായുമായി അഗാധമായി ബന്ധപ്പെട്ടിരിക്കുന്നു. തികച്ചും വൈയക്തികമായ ഒരു ആത്മബന്ധമാണിത്. ദൈവം നമുക്കു മിശിഹായെ ജ്ഞാനവും നീതിയും വിശുദ്ധീകരണവും പരിത്രാണവും ആക്കിയിരിക്കുന്നു (1,30). പാപത്തിന്റെ പിടിയിലായ മനുഷ്യന് ഈശോയുടെ സുവിശേഷം, ദൈവവുമായി ആദ്യമുണ്ടായിരുന്ന സഹവാസം സാധ്യമാക്കിയിരിക്കുന്നു. പിതാവായ ദൈവത്തിന്റെ സ്നേഹവും കരുണയും കൃപയുമാണ് ഇതു സാധ്യമാക്കിയത്. പുത്രന്റെ ജീവിതവും മരണവും ഉത്ഥാനവും അങ്ങനെ സുവിശേഷമായി. അരൂപിയുടെ സാന്നിദ്ധ്യവും സുവിശേഷത്തിനായുള്ള പ്രചോദനവും ഈ പുതുജീവിതം യാഥാർത്ഥ്യമാക്കുന്നു. വിശുദ്ധീ

കരണം ദൈവത്തിന്റെ സ്വതന്ത്രദാനമാണ്. അതേസമയം അത് ദൈവികജീവിതശൈലി നമുക്കു നല്കുകയും ചെയ്യുന്നു. ഈ ക്രിസ്തീയ വിളിക്കനുസൃതമായി ജീവിക്കുവാൻ അജപാലകർ അജഗണങ്ങളെ ബോധവൽക്കരിക്കണം.

**ജീവിതസൂചിക**

1. വിശുദ്ധിയിലേക്കുള്ള വിളിയെക്കുറിച്ചും സുവിശേഷപ്രഘോഷണദൗത്യത്തെക്കുറിച്ചുമുള്ള ബോദ്ധ്യം എനിക്കുണ്ടോ?
2. ജീവിതംകൊണ്ടും പ്രബോധനംകൊണ്ടും സുവിശേഷത്തിനു സാക്ഷ്യം നല്കുവാൻ ഞാൻ പരിശ്രമിക്കുന്നുണ്ടോ?
3. സഭാസമൂഹത്തെ സ്നേഹത്തിലും സാഹോദര്യത്തിലും കെട്ടിപ്പടുക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?
4. ക്രൂശിതനും ഉത്ഥിതനുമായ മിശിഹായിലുള്ള വിശ്വാസം എന്റെ ജീവിതകേന്ദ്രമായിത്തീർന്നിട്ടുണ്ടോ?
5. ക്രിസ്തീയവിളിക്കനുസൃതമായി ജീവിക്കുവാൻ അജഗണങ്ങളെ ഞാൻ ബോധവൽക്കരിക്കുന്നുണ്ടോ?



മിഷൻലീഗ് വാർഷിക കൗൺസിൽ, മുരിക്കാശ്ശേരി



കെ.സി.എസ്.എൽ പ്രവർത്തനവർഷ ഉദ്ഘാടനം



നേതൃത്വ സംഗമം, മദ്യവിമുക്ത സമിതി



കെ.സി.വൈ.എം യുവജന ധ്യാനം



മാതൃവേദി പ്രവർത്തനവർഷ ഉദ്ഘാടനം



ആനിമേറ്റേഴ്സ് മീറ്റ്, തിരുബാലസഖ്യം

# സംഘടനാ പ്രവർത്തനങ്ങൾ, ജൂലൈ 2023

Sahyanadham

Annual Subscription Rs. 350.00

Date of Publication: 01/08/2023

Reg. No. KL / IDK / 08 / 2022-2024

RNI Reg No. KERMAL / 2004 / 12498





**മാർപാപ്പയുടെ പ്രാർത്ഥന നിയോഗം ആഗസ്റ്റ് 2023**



**ലോക യുവജനദിനം :**

യുവജനങ്ങൾ സുവിശേഷമാകാനും സുവിശേഷമേകാനും
ലിസ്ബണിൽ നടക്കുന്ന ലോക യുവജനദിനാഘോഷം
സഹായിക്കട്ടെ എന്ന് പ്രാർത്ഥിക്കാം


Printed at St. Martha's Offset Printers, Murickassery- 685 604

Editor, Printer, Publisher, Rev. Fr. James Bishop's House, Idukki- 685 602